# ഗിരിദീപം

ആഗസ്റ്റ് 2023



**ആഗസ്റ്റ് 15**

**മാതാവിന്റെ സ്വർഗാരോപണം | ഇന്ത്യൻ സ്വാതന്ത്ര്യദിനം**

# August 04

# 112th BIRTHDAY



**Born : 04 August 1911**

**Ordination : 24 August 1945**

**Retired on : 18 February 1989**

**Demise : 04 April 2006**

## MAR SEBASTIAN VALLOPPILLY

### The First Bishop of Thalassery

ആഗസ്റ്റ് 2023

വാല്യം 06
ലക്കം 08

# ഗിരിദീപം

തലശ്ശേരി അതിരൂപതയുടെ മുഖപത്രം

Archbishops House, Holloway Road, Thalassery, Kerala, India - 670101
Ph: 0091-490 2341058; Email: curiaadtly@gmail.com; Web: www.archdioceseoftellicherry.org

# ഗിരിദീപം

തലശ്ശേരി അതിരൂപതയുടെ മുഖപത്രം


1. Prot. No. 474/2023, Circular No.07/2023 .................................. 05
2. കെ.സി.ബി.സി. സർക്കുലർ - തടവറ പ്രേഷിത ഞായർ........................ 08
3. കെ.സി.ബി.സി. സർക്കുലർ - ജസ്റ്റീസ് സൺഡേ .................................. 13
4. കെ.സി.ബി.സി. സർക്കുലർ - ദിവ്യകാരുണ്യകോൺഗ്രസ്സ് ........................ 16
5. കച്ചേരിക്കാര്യം ........................................................................... 21
6. കാറ്റക്കെറ്റിക്കൽ അപ്പൊസ്റ്റൊലേറ്റ് ......................................................... 33
7. ബൈബിൾ അപ്പൊസ്റ്റൊലേറ്റ് . ............................................................ 40
8. ചിൽഡ്രൻ അപ്പൊസ്റ്റൊലേറ്റ് ................................................................ 44
   തിരുബാലസഖ്യം ............................................................................ 51
9. യൂത്ത് അപ്പൊസ്റ്റൊലേറ്റ് ..................................................................... 53
10. ഫാമിലി അപ്പൊസ്റ്റൊലേറ്റ് .................................................................... 56
11. എജ്യൂക്കേഷണൽ അപ്പൊസ്റ്റൊലേറ്റ് ...................................................... 61
    നിർമ്മലഗിരി കോളേജ് .................................................................. 63
    ധ്യാനകേന്ദ്രങ്ങളിലൂടെ .................................................................. 64
    സാൻജോസ് അക്കാദമി .................................................................. 65
    വിമൽജ്യോതി എഞ്ചിനീയറിംഗ് കോളേജ് ....................................... 66
12. ADAM ........................................................................................ 69
13. സെന്റ് വിൻസെന്റ് ഡി പോൾ ............................................................... 71
14. ഓവർസീസ് അപ്ഡേറ്റ്സ് .................................................................... 75
15. സോഷ്യൽ സർവ്വീസ് അപ്പൊസ്റ്റൊലേറ്റ് ................................................. 76
    എയ്ഞ്ചൽ ട്രസ്റ്റ് ............................................................................ 79
    ബയോ മൗണ്ടൻ ഫാർമേഴ്സ് ........................................................... 81
16. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (പാംപ്ലാനി പിതാവ്) ............................ 83
17. Engagements - August (Archbishop Mar Joseph Pamplany) .......... .... 86
18. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (ഞറളക്കാട്ട് പിതാവ്) ........................... 87
19. Engagements - August (Archbishop Mar George Njaralakatt) .......... .. 88
20 വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (വലിയമറ്റം പിതാവ്) ............................ 89
21. Engagements - August (Archbishop Mar George Valiamattam) ..........90

# സർക്കുലർ

**മാർ ജോസഫ് പാംപ്ലാനി**

Prot. No. 474/ 2023, Circular No. 07/2023

## വിയാനിഫണ്ട്

ഈശോയിൽ പ്രിയപ്പെട്ടവരെ,

ഫ്രാൻസിലെ ആർസ് എന്ന ഗ്രാമത്തിലെ വികാരിയായിരുന്ന വി. ജോൺ മരിയ വിയാനിയാണ് ഇടവകവൈദികരുടെ സ്വർഗ്ഗീയ മധ്യസ്ഥൻ. നാശത്തിന്റെ പാതയിൽ നടന്ന ആർസിലെ ജനത്തെ രക്ഷയുടെ പ്രകാശത്തിലേക്കു നയിച്ച വിയാനി പുണ്യവാൻ പ്രതിദിനം 18 മണിക്കൂർവരെ കുമ്പസാരക്കൂട്ടിൽ പാപികളെ ശ്രവിച്ചിരുന്നു. കൊടുംകുറ്റവാളികൾ പോലും ആ വിശുദ്ധന്റെ മുന്നിൽ മാനസാന്തരപ്പെട്ടു. ആളനക്കമില്ലാതിരുന്ന ആർസ് ഗ്രാമത്തിലേയ്ക്ക് വിശുദ്ധനെ സന്ദർശിക്കാനുള്ള ജനത്തിരക്ക് പരിഗണിച്ച് ഫ്രഞ്ചുഗവൺമെന്റ് അക്കാലത്ത് റെയിൽ ഗതാഗതം സ്ഥാപിച്ചു. ഒരു വികാരിയച്ചന്റെ ജീവിത സാക്ഷ്യം ഒരു ജനതയുടെ രക്ഷാമാർഗ്ഗമാണെന്ന് വിശുദ്ധ വിയാനി നമ്മെ പഠിപ്പിക്കുന്നുണ്ട്.

വിശുദ്ധ വിയാനിയെപ്പോലെ മലബാറിന്റെ മലയോര ഗ്രാമങ്ങളുടെ ആധ്യാത്മികവും ഭൗതീകവുമായ വളർച്ചക്കുവേണ്ടി ജീവനും ജീവിതവും സമർപ്പിച്ചവരാണ് നമ്മുടെ വൈദികർ. മലബാറിന്റെ മലമടക്കുകളിൽ പാലങ്ങളും റോഡുകളും പള്ളിയും പള്ളിക്കൂടങ്ങളും പോസ്റ്റ് ഓഫീസും ആശുപത്രികളും സഹകരണബാങ്കും പാൽസൊസൈറ്റിയും സ്ഥാപിക്കാൻ അലഞ്ഞുനടന്ന നമ്മുടെ വൈദികർ ആർസിലെ വിയാനിയുടെ യഥാർത്ഥ പിൻഗാമികളായിരുന്നു. കുടിയേറ്റ ജനതയ്ക്ക് വൈദികരോടുള്ള കടപ്പാട് വിവരണാതീതമാണ്. സേവന സന്നദ്ധരും സമർപ്പണ ബുദ്ധിയുള്ളവരുമായ വൈദികരാൽ

നമ്മുടെ അതിരൂപത എക്കാലവും അനുഗൃഹീതമായിരുന്നു. നമ്മുടെ മാതാപിതാക്കന്മാരോടൊത്ത് അത്യധ്വാനം ചെയ്ത വൈദികരിൽ ചിലർ നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടെങ്കിലും നല്ലൊരുപങ്കും കരുവഞ്ചാൽ ശാന്തിഭവൻ വൈദികമന്ദിരത്തിൽ വിശ്രമജീവിതം നയിക്കുകയാണ്. അവരിൽ പലരും കഠിനാദ്ധ്വാനം മൂലം രോഗികളും ശയ്യാവലംബരുമായി. നമ്മുടെ അതിരൂപതയിലെ 364 വൈദികരിൽ 45 പേർ വിശ്രമ ജീവിതത്തിലാണ്. അതിരൂപതയെ അഭിമാനാർഹമായി വളർത്തിയ ഈ വൈദികർക്കായി നമുക്കു പ്രാർത്ഥിക്കാം.

ഇന്നും ദൈവവിളികളുടെ എണ്ണത്തിൽ നമ്മുടെ അതിരൂപത കേരളസഭയിൽ ഒന്നാംസ്ഥാനത്താണ്. ഈ വർഷവും സമർത്ഥരായ 28 വൈദികാർത്ഥികൾ നമ്മുടെ മൈനർ സെമിനാരിയിൽ ചേർന്നിട്ടുണ്ട്. മൈനർ സെമിനാരിയിലും വിവിധ മേജർസെമിനാരികളിലുമായി 196 വൈദിക വിദ്യാർത്ഥികൾ നമുക്കുണ്ട് എന്നത് ഏറെ അഭിമാനകരമാണ്. മേജർസെമിനാരിയിലെ വൈദികപരിശീലനം പരമ്പരാഗതമായി വിദേശത്തുനിന്നുള്ള ഉപകാരികളുടെ സഹകരണത്തോടെയാണ് നടന്നുവന്നിരുന്നത്. എന്നാൽ ഇത്തരം സഹകാരികളുടെ എണ്ണം കുറയുകയും ശേഷിക്കുന്നവരാകട്ടെ, കൂടുതൽ സഹായം അർഹിക്കുന്ന ആഫ്രിക്കൻ രാജ്യങ്ങളിലേയ്ക്ക് സഹായമെത്തിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ വൈദികപരിശീലനരംഗത്ത് സാമ്പത്തികമായി നാം സ്വയം പര്യാപ്തരാകേണ്ട സമയമായി.

വിശ്രമജീവിതത്തിലേക്കു പ്രവേശിച്ച വൈദികരുടെ ക്ഷേമത്തിനും വൈദിക വിദ്യാർത്ഥികളുടെ പരിശീലനത്തിനുമായി ഒരു സഹായനിധി രൂപീകരിക്കാൻ അതിരൂപത ആഗ്രഹിക്കുന്നു. വിയാനിഫണ്ട് എന്ന പേരിൽ ഏർപ്പെടുത്തുന്ന ഈ സഹായനിധിയുമായി നിങ്ങളിൽ കുറച്ചുപേർക്കെങ്കിലും സഹകരിക്കാൻ കഴിയും. സമ്പത്തിനേക്കാളും സഭയോടുള്ള സ്നേഹമാണ് ഇതിലൂടെ നാം പ്രകടമാക്കുന്നത്. ജീവിതകാലം മുഴുവൻ നമുക്കായി അധ്വാനിക്കുന്ന വൈദികരുടെ ക്ഷേമം ഉറപ്പുവരുത്തുന്നത് തങ്ങളുടെ കടമയായി കരുതി സഹകരിക്കുന്ന പാരമ്പര്യമാണ് നമ്മുടെ സഭയ്ക്ക് ഉണ്ടായിരുന്നത്. പ്രതിവർഷം 5,000 രൂപയിൽ കുറയാത്ത തുക സംഭാവന നല്കാൻ സന്നദ്ധരാകുന്നവരാണ് വിയാനിഫണ്ടിന്റെ സഹകാരികളാകുന്നത്, നമ്മുടെ മൈനർ സെമിനാരിയെ നിങ്ങളിൽ ചിലർ ഇപ്രകാരം സഹായിക്കുന്നതായി എനിക്കറിയാം. അവരുടെ ഹൃദയപൂർവ്വമായ സഹകരണം തുടരുന്നതിന് അതിരൂപതയുടെ നാമത്തിൽ ഞാൻ നന്ദി പറയുന്നു. സ്വന്തം കുടുംബത്തിൽനിന്ന് ഒരു വൈദികനെ സഭയ്ക്കു സമ്മാനി

ക്കുന്നതിനു സമാനമായി ഈ ഒരു സംരംഭത്തെ നമുക്കു മനസ്സിലാക്കാവുന്നതാണ്. സ്വദേശത്തും വിദേശത്തുമുള്ള നമ്മുടെ അതിരൂപതാംഗങ്ങൾക്ക് ഈ സംരംഭത്തോട് സഹകരിക്കാവുന്നതാണ്.

ഇപ്രകാരം സഹകരിക്കാൻ സന്മനസ്സുള്ളവർ നിങ്ങളുടെ ബഹുമാനപ്പെട്ട വികാരിയച്ചന്റെ പക്കൽ പേരും മേൽവിലാസവും നല്കിയാൽ മതി. അവർക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ അതിരൂപതാകേന്ദ്രത്തിൽനിന്ന് നല്കുന്നതാണ്. ഈശോയുടെ തിരുശ്ശരീരമായ തിരുസഭയുടെ വളർച്ചയ്ക്കായി നിങ്ങൾ ചെയ്യുന്ന ഈ സേവനത്തിന് മുൻകൂട്ടി നന്ദി പറയുന്നു. വൈദികപരിശീലനവും വൈദികക്ഷേമവും സഭയുടെ മുഴുവൻ കൂട്ടുത്തരവാദിത്വമാണെന്ന സത്യം നമുക്ക് മറക്കാതിരിക്കാം.

നമ്മുടെ അമ്മയും അനുഗൃഹീതമാതാവുമായ പരിശുദ്ധ മറിയത്തിന്റെ സ്വർഗ്ഗാരോപണതിരുനാളിന്റെയും ഭാരതത്തിന്റെ സ്വാതന്ത്ര്യദിനത്തിന്റെയും മംഗളങ്ങൾ ഏവർക്കും സ്നേഹപൂർവ്വം ആശംസിക്കുന്നു. നിങ്ങളുടെ കുടുംബങ്ങളെയും എല്ലാ നിയോഗങ്ങളെയും ദൈവം സമൃദ്ധമായി അനുഗ്രഹിക്കട്ടെ. നിങ്ങളെ ഏവരെയും പിതാവിന്റെയും + പുത്രന്റെയും + പരിശുദ്ധാത്മാവിന്റെയും നാമത്തിൽ + ഞാൻ ആശീർവദിക്കുന്നു.

സ്നേഹത്തോടെ, നിങ്ങളുടെ പിതാവ്

**+ മാർ ജോസഫ് പാംപ്ലാനി**
*തലശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്ത*

തലശ്ശേരി അതിരൂപതാ കാര്യാലയത്തിൽനിന്നും 2023 ജൂലൈ 28 വി. അൽഫോൻസായുടെ തിരുനാൾ ദിനത്തിൽ നൽകപ്പെട്ടത്.

---

*NB:* ഈ സർക്കുലർ 2023 ആഗസ്റ്റ് 6–ാം തീയതി ഞായറാഴ്ച വി. കുർബാന മധ്യേ എല്ലാ ഇടവകപ്പള്ളികളിലും വി. കുർബാന നടക്കുന്ന മറ്റ് സ്ഥലങ്ങളിലും വായിക്കേണ്ടതാണ്.

- ബഹുമാനപ്പെട്ട വൈദികർ ഓരോരുത്തരും വിയാനിഫണ്ടുമായി സഹകരിക്കാൻ കഴിയുന്ന 5 എണ്ണത്തിൽ കുറയാത്ത ആളുകളുടെ പേരുവിവരം നൽകുമല്ലോ.
- ഇപ്രകാരം വ്യക്തികളെ കണ്ടെത്തുന്നതിന് ഇടവകകളുടെ പരിധി പരിഗണിക്കേണ്ടതില്ല. നിങ്ങളുടെ പരിചയക്കാരിൽനിന്നും ബന്ധുക്കളിൽനിന്നും കുടുംബാംഗങ്ങളിൽനിന്നും ഉപകാരികളെ കണ്ടെത്താവുന്നതാണ്.

Ref: 3887/K-5/KCBC/OL/DS 15.07.2023

## തടവറ പ്രേഷിത ഞായർ (ആഗസ്റ്റ് 13, 2023)

"നീ ഇന്ന് എന്നോടുകൂടെ പറുദീസയിൽ ആയിരിക്കും" (ലൂക്കാ 23, 43)

മിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരേ,

ഭാരതത്തിലെ കത്തോലിക്കാ സഭ ഇന്ന് തടവറ പ്രേഷിത ഞായർ ആചരിക്കുന്നു. വിശുദ്ധ മാക്സിമില്യൻ കോൾബെയുടെ തിരുനാളിനോടനുബന്ധിച്ചാണ് നമ്മൾ തടവറ പ്രേഷിതഞായർ ആചരിക്കുന്നത്. ഔഷ്വിറ്റ്സിലെ മരണക്യാമ്പിൽ സഹതടവുകാരനുവേണ്ടി തന്റെ ജീവൻ ഹോമിച്ച് സ്നേഹത്തിന്റെ സമുന്നത സാക്ഷ്യം നല്കിയ വിശുദ്ധ മാക്സിമില്യൻ കോൾബെയെ ജയിൽ പ്രേഷിതപ്രവർത്തകരുടെ മധ്യസ്ഥനായി ഭാരതത്തിലെ കത്തോലിക്കാ മെത്രാൻസമിതി 2003 ഓഗസ്റ്റ് പതിനേഴാം തീയതി ഔദ്യോഗികമായി പ്രഖ്യാപിച്ചു. എല്ലാ വർഷവും ഓഗസ്റ്റ് മാസത്തിലെ രണ്ടാം ഞായറാഴ്ച തടവറ പ്രേഷിത ഞായർ ആയി ആചരിച്ചുവരുന്നു. തടവറയിൽ ആയിരിക്കുന്നവരെയും അവരുടെ കുടുംബങ്ങളെയും കുറ്റകൃത്യങ്ങൾക്ക് ഇരകളായി മാറിയവരെയും സവിശേഷമായവിധം നാമിന്ന് സ്മരിക്കുന്നു.

"ബന്ധിതർക്ക് മോചനവും അന്ധർക്കു കാഴ്ചയും അടിച്ചമർത്തപ്പെട്ടവർക്ക് സ്വാതന്ത്ര്യവും" പ്രഖ്യാപിച്ചുകൊണ്ട് കർത്താവു നിർവ്വഹിച്ച രക്ഷാകരമായ ദൗത്യമാണ് ഇന്ന് സഭയിലൂടെ തുടരുന്നത് (ലൂക്കാ 4:18). ഈ സമഗ്രവിമോചനത്തിന്റെ ശുശ്രൂഷയും ദൗത്യനിർവ്വഹണവുമാണ് ആഴത്തിലും അർത്ഥപൂർണ്ണമായും തടവറ പ്രേഷിതപ്രവർത്തനങ്ങളിലൂടെ യാഥാർത്ഥ്യമാകുന്നത്. "ഞാൻ കാരാഗൃഹത്തിൽ ആയിരുന്നു; നിങ്ങൾ എന്റെ അടുത്തുവന്നു" (മത്താ 25:36) എന്ന ക്രിസ്തുമൊഴികൾ അന്ത്യവിധിയുടെ മാനദണ്ഡങ്ങൾ അടയാളപ്പെടുത്തുന്നവയാണ്. ബന്ധിതരും പാർശ്വവത്ക്കരിക്കപ്പെട്ടവരുമുൾപ്പെടുന്ന ചെറിയവർക്ക് നന്മ ചെയ്യുമ്പോഴെല്ലാം കർത്താവിനെയാണ് ശുശ്രൂഷിക്കുന്നത് എന്ന സത്യം ക്രൈസ്തവ ആധ്യാത്മികതയുടെ ഉൾപ്പൊരുളാണ്. കുറ്റം ചെയ്തവരും ചെയ്യാത്തവരും വിപരീതസാഹചര്യങ്ങളിലകപ്പെട്ട് നിസ്സഹായരുമായ പതിനായിരങ്ങൾ തടവറയിൽ കഴിയുന്നുണ്ട്. ഈ സഹോദരങ്ങളിൽ ക്രൂശിതന്റെ മുഖം ദർശിച്ച് ഇവർക്കുവേണ്ടി പ്രാർത്ഥിക്കാനും ത്യാഗപൂർവ്വം പ്രവർത്തിക്കാനുമുള്ള വില

പ്പെട്ട അവസരമാണ് ജീസസ് ഫ്രട്ടേണിറ്റി എന്ന പ്രേഷിത സംഘടന സജ്ജമാക്കുന്നത്.

**ജയിൽവാസികളുടെ സ്ഥിതിവിവരങ്ങൾ**

നാഷണൽ ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ കണക്കനുസരിച്ച് ഇന്ത്യയിലെ 1319 ജയിലുകളിലായി അഞ്ചര ലക്ഷത്തോളം പേർ തടവറകളിൽ കഴിയുന്നുണ്ട്. അതിൽ 1,22,852 പേർ വിചാരണ കഴിഞ്ഞ് ശിക്ഷ അനുഭവിക്കുന്നവരാണ്. 1867 പേർ കുട്ടികളാണ്, 1650 പേർ കുട്ടികൾ ഒപ്പമുള്ള സ്ത്രീകളാണ്, 5565 പേർ വിദേശീയരായ തടവുകാരാണ്, എന്നാൽ 4,27,165 പേർ വിചാരണ നേരിടുന്ന തടവുകാരാണ്. അവർ ഒരു കുറ്റത്തിനും വിധിക്കപ്പെട്ടവരല്ല; വിചാരണ കാത്തുകിടക്കുന്നവരാണ്. ജാമ്യം ലഭിച്ചെങ്കിലും ജാമ്യത്തുക സംഘടിപ്പിക്കാനോ അത്തരത്തിലുള്ള ക്രമപ്പെടുത്തലുകൾ നടത്താനോ സാധിക്കാത്തതിനാൽ തുടർന്നും തടവറയിൽ തന്നെ കഴിയേണ്ടിവരുന്ന ഹതഭാഗ്യരും ഇക്കൂട്ടത്തിലുണ്ട്. അവരുടെ കുട്ടികളും പ്രിയപ്പെട്ടവരും അവർ സ്വതന്ത്രരായി പുറത്തുവരുന്നത് കാണാൻ കാത്തിരിക്കുകയാണ്. ഇന്ത്യയിൽ 472 പേർ വധശിക്ഷ കാത്തുകിടക്കുന്ന തടവുകാരാണെന്ന വസ്തുത ഏറെ ദുഃഖകരമാണ്. വധശിക്ഷയ്ക്ക് വിധിക്കപ്പെട്ടശേഷം അത് നടപ്പിലാക്കപ്പെടുന്നതു വരെയുള്ള ദിനങ്ങളിലൂടെ കടന്നുപോകുന്നവരുടെ മാനസികാവസ്ഥ എത്രയധികം ഭീതിജനകമാണ്! ഇവരുടെ വിമോചനത്തിനും പരിവർത്തനത്തിനും വീണ്ടെടുപ്പിനുംവേണ്ടി നമുക്ക് ആവുന്നതൊക്കെ ചെയ്യാം. പ്രാർഥനയും തീക്ഷ്ണമായ ശ്രമങ്ങളുംവഴി മരണപ്പട്ടികയിൽ ഉണ്ടായിരുന്ന അനവധി തടവുകാരെ ജീവപര്യന്തത്തിലേക്ക് മാറ്റുവാൻ ഇതിനോടകം നമുക്ക് സാധിച്ചിട്ടുണ്ട്.

**വധശിക്ഷ ഒഴിവാക്കപ്പെടണം**

വധശിക്ഷ അതിക്രൂരവും മനുഷ്യമഹത്വത്തെ പൂർണമായി നിരാകരിക്കുന്നതുമായ ഒരു പ്രവൃത്തിയാണ്. കത്തോലിക്കാ സഭ സമ്പൂർണമായും വധശിക്ഷയെ എതിർക്കുന്നു; അതിനെ ഒരുവിധത്തിലും സഭ ഉൾക്കൊള്ളുന്നില്ല. കുറ്റാരോപിതൻ ആരെന്നോ, കുറ്റത്തിന്റെ സ്വഭാവമോ സാഹചര്യമോ എന്തെന്നോ, വ്യക്തി കുറ്റക്കാരനോ നിഷ്കളങ്കനോ എന്നതോ, വിധി നടപ്പാക്കുന്ന രീതി എപ്രകാരമെന്നോ നോക്കാതെ സഭ വധശിക്ഷയ്ക്കു എതിരുനിൽക്കുന്നു. കാരണം, ജീവിക്കാനുള്ള മനുഷ്യാവകാശത്തിന്റെ നഗ്നമായ ലംഘനമാണ്

വധശിക്ഷ. ജീവന്റെ ഉടമയായ ദൈവത്തിനു മാത്രമേ ഒരുവ്യക്തിയുടെ ജീവൻ തിരിച്ചെടുക്കാൻ അവകാശമുള്ളൂ. ഒരാൾ അതിക്രൂരമായ കുറ്റം ചെയ്താലും മനുഷ്യനെന്ന നിലയിൽ അയാളുടെ വ്യക്തിമഹാത്മ്യം നഷ്ടപ്പെടുന്നില്ല. മനുഷ്യന് സ്വന്തം തെറ്റ് പരിഹരിക്കാനും തിന്മയെ തിരുത്താനും സാധിക്കും എന്ന യാഥാർഥ്യമാണ് വധശിക്ഷയിലൂടെ വിസ്മരിക്കപ്പെടുന്നത്.

**പ്രിസൺ മിനിസ്ട്രി, ഇന്ത്യ**

തടവുകാരുടെയും അവരുടെ കുടുംബാംഗങ്ങളുടെയും ഇരകളുടെയും വിമോചനത്തിനും വളർച്ചയ്ക്കുംവേണ്ടി പ്രവർത്തിക്കുന്ന ഒരു ദേശീയ കത്തോലിക്കാ ആത്മീയ പ്രസ്ഥാനമാണ് പ്രിസൺ മിനിസ്ട്രി, ഇന്ത്യ. ജീസസ്സ് ഫ്രട്ടേണിറ്റി എന്നാണ് ഇത് കേരളത്തിൽ അറിയപ്പെടുന്നത്. കത്തോലിക്കാ മെത്രാൻ സമിതിയുടെ, നീതി, സമാധാനം, വികസനം (Justice, Peace and Development) എന്ന കമ്മീഷന്റെ കീഴിൽ ഇത് പ്രവർത്തിക്കുന്നു. ഭാരതത്തിലെ എല്ലാ സംസ്ഥാനങ്ങളിലും രൂപതകളുമായി ബന്ധപ്പെട്ട് പ്രിസൺ മിനിസ്ട്രി ഇന്ത്യയുടെ കോ-ഓർഡിനേറ്റർമാരുടെ നേതൃത്വത്തിൽ നിരവധി വോളണ്ടിയേഴ്സ് തടവറ ശുശ്രൂഷാമേഖലയിൽ സജീവമായി പ്രവർത്തിക്കുന്നുണ്ട്.

**കോൾബെ ഭവനങ്ങൾ**

തടവുകാരുടെ മക്കളുടെ സമഗ്ര പുരോഗതിക്കായി പ്രിസൺ മിനിസ്ട്രി, ഇന്ത്യ ആരംഭിച്ചിരിക്കുന്ന സ്ഥാപനങ്ങളാണ് കോൾബെ ഹോംസ്. പ്രിസൺ മിനിസ്ട്രി ഇന്ത്യയുടെ സുവർണ്ണ ജൂബിലിയോടനുബന്ധിച്ച് ഭാരതത്തിലെ എല്ലാ സംസ്ഥാനങ്ങളിലും ഇത്തരം കോൾബെ ഭവനങ്ങൾ സ്ഥാപിക്കുവാൻ ആഗ്രഹിക്കുന്നു. ഈ സ്വപ്ന സാക്ഷാത്ക്കാരത്തിനായി നിങ്ങൾ ഏവരുടെയും തീക്ഷണമായ പ്രാർത്ഥനയും സാമ്പത്തിക സഹായവും അഭ്യർത്ഥിക്കുന്നു. അതോടൊപ്പം, ഈ കുട്ടികൾക്കുവേണ്ടിയും തടവറയിൽ കഴിയുന്ന ഇവരുടെ മാതാപിതാക്കന്മാർക്കുവേണ്ടിയും ഈ സ്ഥാപനങ്ങൾ ത്യാഗപൂർവ്വം നടത്തുന്ന സമർപ്പിത സഹോദരിമാർക്കും വൈദികർക്കും വേണ്ടിയും പ്രാർഥിക്കുവാൻ നമുക്ക് കഴിയണം.

**സ്നേഹാശ്രമങ്ങൾ**

തടവറയിൽനിന്ന് മോചനം ലഭിക്കുന്നവർക്കുവേണ്ടിയുള്ള നവീകരണ - പുനരധിവാസ കേന്ദ്രങ്ങളാണ് സ്നേഹാശ്രമങ്ങൾ. ശിക്ഷ

കഴിഞ്ഞ് ഇറങ്ങുന്നവർക്ക് ആത്മീയവും മാനസികവുമായ കരുത്തു പകരുന്ന ഇടത്താവളങ്ങളാണിവ. പുരുഷന്മാർക്കും സ്ത്രീകൾക്കും കുട്ടികൾക്കുമായി മൂന്നു വ്യത്യസ്ത രീതിയിലുള്ള സ്നേഹാശ്രമങ്ങൾ ഇന്ന് കേരളത്തിലുണ്ട്. കുറ്റകൃത്യങ്ങളുടെ ലോകത്തുനിന്നും പരിപൂർണമായി പിന്മാറി കുടുംബത്തിനും സമൂഹത്തിനും ഉപകാരപ്രദവും അഭിമാനകരവുമായ രീതിയിൽ ജീവിതം കരുപ്പിടിപ്പിക്കുവാൻ പ്രാപ്തമാക്കുന്ന പരിശീലനമാണ് ഇവിടെ നല്കപ്പെടുന്നത്. സ്നേഹാശ്രമങ്ങൾ വഴിയായി അഴികൾക്കു പിന്നിലുള്ള ആയിരക്കണക്കിന് സഹോദ രങ്ങളെ പരിവർത്തനപ്പെടുത്താനും പുനരധിവസിപ്പിക്കാനും ജോലി നേടിക്കൊടുത്ത് കുടുംബസമേതം സ്വസ്ഥമായി ജീവിക്കുന്നതിനു വഴിയൊരുക്കാനും നമുക്കു സാധിച്ചിട്ടുണ്ട്. വിമോചിതരായ തടവുകാർക്ക് തൊഴിലും ഭവനവും വിദ്യാഭ്യാസ സ്കോളർഷിപ്പുകളും ലഭ്യമാക്കുന്നതോടൊപ്പം, തടവുകാർ മോചിതരാകുമ്പോൾ നൽകേണ്ട പിഴയും നഷ്ടപരിഹാരവും കൊടുത്തുതീർക്കുന്നതിനുള്ള പദ്ധതികളുമായി ജീസസ്സ് ഫ്രട്ടേണിറ്റി മുന്നോട്ടുപോകുന്നു. ജീസസ്സ് ഫ്രട്ടേണിറ്റിയുടെ പ്രവർത്തനങ്ങളിൽ പങ്കാളികളാകുവാൻ നിങ്ങളെ എല്ലാവരേയും സ്വാഗതം ചെയ്യുന്നു.

**ഉപസംഹാരം**

'ബന്ധിതർ ആയിരിക്കുന്ന സഹോദരരേ, ഞങ്ങൾ നിങ്ങളെ സ്നേഹിക്കുന്നു, നിങ്ങൾക്കുവേണ്ടി പ്രാർഥിക്കുന്നു, നിങ്ങളുടെ സമഗ്രവളർച്ചക്കുവേണ്ടി പ്രവർത്തിക്കാൻ ഞങ്ങൾ പ്രതിജ്ഞാബദ്ധരാണ്. ഞങ്ങൾ നിങ്ങളുടെ കുടുംബങ്ങൾക്കും ഇരയായവർക്കുംവേണ്ടി പ്രത്യേകം പ്രാർഥിക്കുന്നു' എന്ന് നമ്മൾ പ്രതിജ്ഞ എടുക്കേണ്ട ദിനമാണിന്ന്. കമ്മീഷനിലെ മെത്രാന്മാർ എല്ലാ രൂപതകളോടും മേജർ സുപ്പിരിയർമാരോടും ഗുണകാംക്ഷികളോടും തടവറ ശുശ്രൂഷയ്ക്കായി നിങ്ങൾ ഔദാര്യപൂർവം നൽകുന്ന സംഭാവനകൾക്ക് ആത്മാർത്ഥമായി കൃതജ്ഞത പ്രകാശിപ്പിക്കുന്നു. തടവറയിലുള്ളവരെ മാനസാന്തരത്തിലേക്ക് നയിക്കുന്നതിനും സമൂഹത്തിൽ പുനരധിവസിപ്പിക്കുന്നതിനുംവേണ്ടി ജീസസ്സ് ഫ്രട്ടേണിറ്റി പ്രേഷിതർ നടത്തുന്ന ത്യാഗനിർഭരമായ പ്രവർത്തനങ്ങളെ ഞങ്ങൾ ആത്മാർഥമായി അഭിനന്ദിക്കുന്നു. വിശുദ്ധ മാക്സിമില്യൻ കോൾബെയുടെ മാധ്യസ്ഥ്യംവഴി നമ്മുടെ ശുശ്രൂഷകൾ കൂടുതൽ ഫലപ്രദമാകട്ടെ. ബന്ധിതരായ നമ്മുടെ സഹോദരരുടെ സമഗ്ര വിമോ

ചനത്തിനായി നമ്മെത്തന്നെ പുനർസമർപ്പിക്കുമ്പോൾ നമ്മുടെ അമ്മയായ പരിശുദ്ധ മറിയത്തിന്റെ മാധ്യസ്ഥ്യവും നമുക്ക് സഹായകമാകട്ടെ! നഷ്ടപ്പെട്ടതിനെ തേടിയെത്തി രക്ഷ നൽകിയ ക്രിസ്തുനാഥൻ നിങ്ങൾ ഏവരെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

ഈശോമിശിഹായിൽ സ്നേഹപൂർവ്വം,

**ബിഷപ് മാർ ജോസ് പുളിക്കൽ**

(ചെയർമാൻ, കെസിബിസി ജസ്റ്റിസ്, പീസ് ആൻഡ് ഡെവലപ്പ്മെന്റ് കമ്മീഷൻ)

**ആർച്ച് ബിഷപ് തോമസ് മാർ കൂറിലോസ്**

(വൈസ് ചെയർമാൻ, കെസിബിസി ജസ്റ്റിസ്, പീസ് ആൻഡ് ഡെവലപ്പ്മെന്റ് കമ്മീഷൻ)

**ആർച്ച് ബിഷപ് തോമസ് ജെ. നെറ്റോ**

(വൈസ് ചെയർമാൻ, കെസിബിസി ജസ്റ്റിസ്, പീസ് ആൻഡ് ഡെവലപ്പ്മെന്റ് കമ്മീഷൻ)

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം,
കൊച്ചി: 682 025

---

NB: 2023 ആഗസ്റ്റ് 13-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാ സഭകളിലെ എല്ലാ ദേവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുമല്ലോ.

Ref: 3889/K-5/KCBC/OL/DS 24.07.2023

## ജസ്റ്റീസ് സൺഡേ (നീതി ഞായർ)
## 2023 ആഗസ്റ്റ് 20 ഞായർ

**കെസിബിസി SC/ST/BC Commission പുറപ്പെടുവിക്കുന്ന സർക്കുലർ**

ഈശോമിശിഹായിൽ ഏറ്റവും പ്രിയ ബഹു. വൈദികരേ, സിസ്റ്റേഴ്സ്, സഹോദരീ സഹോദരന്മാരേ,

ഈ വർഷം ഓഗസ്റ്റ് 20-ാം തീയതി ഭാരതസഭ ജസ്റ്റീസ് സൺഡേ (നീതി ഞായർ) ആചരിക്കുകയാണ്. നീതിക്കുവേണ്ടി ദാഹിക്കുന്ന എല്ലാ ജനവിഭാഗങ്ങളോടും ഭാരതസഭ ഐക്യദാർഢ്യം പ്രഖ്യാപിക്കുന്ന ദിനമാണിന്ന്. പ്രത്യേകമായി ഇന്നു നാം ഓർമ്മിക്കേണ്ടത് ദളിത് ക്രൈസ്തവ സഹോദരങ്ങളെയാണ്.

ക്രിസ്തുവിൽ വിശ്വസിച്ചതിന്റെപേരിൽ പട്ടികജാതി സംവരണവും സംരക്ഷണവും നമ്മുടെ മതേതര ജനാധിപത്യരാഷ്ട്രത്തിൽ നിഷേധിക്കപ്പെട്ട ദളിതരാണവർ. 1950 ഓഗസ്റ്റ് 10-ാം തീയതി ഇന്ത്യൻ പ്രസിഡന്റ് ഒരു ഉത്തരവിലൂടെ ദളിതരായ ഹിന്ദുക്കൾക്കുമാത്രമായി പട്ടികജാതി സംവരണം അനുവദിച്ചു നൽകി. പിന്നീട് 1956 ൽ ദളിതരായ സിക്കുമതക്കാർക്കും 1990 ൽ ദളിതരായ ബുദ്ധമതക്കാർക്കും ഈ സംവരണാനുകൂല്യം അനുവദിക്കുകയുണ്ടായി. എന്നാൽ ദളിത് ക്രൈസ്തവർക്ക് ഈ അവകാശം ഇന്നുവരെ നിഷേധിക്കപ്പെട്ടിരിക്കുകയാണ്. ഇത് ഭരണഘടനാലംഘനവും എതിർക്കപ്പെടേണ്ട മതവിവേചനവുമാണ്. ഈ മനുഷ്യാവകാശലംഘനത്തിനെതിരെ ദളിത് ക്രൈസ്തവ സഹോദരങ്ങൾ നിരന്തരമായ പോരാട്ടത്തിലാണ്. ക്രിസ്തുശരീരമായ സഭയിലെ അംഗങ്ങളായ ഈ ദളിത് ക്രൈസ്തവസഹോദരങ്ങളുടെ നീതിക്കുവേണ്ടിയുള്ള പോരാട്ടത്തിൽ സഭാമാതാവും ദളിത് മക്കളെ കരുതുന്നുണ്ട് എന്ന് ഉറപ്പാക്കേണ്ട ദിനമാണിത്.

ഭാരതത്തിലെ പരമോന്നത നീതിപീഠമായ സുപ്രീം കോടതി ദളിത് ക്രൈസ്തവർക്ക് പട്ടികജാതിസംവരണം നൽകുന്നതുമായി ബന്ധപ്പെട്ടുകൊണ്ടുള്ള കേസ് പരിഗണിച്ചുകൊണ്ട് വിസ്താരത്തിനായി എടുക്കുവാൻ ഉത്തരവിട്ടിരിക്കുകയാണ്. 2004 ൽ ആണ് ഈ കേസ് സുപ്രീം കോടതിയിൽ എത്തിയത്. ഭാരതമെത്രാന്മാരുടെ സമിതിയായ

CBCI ഈ കേസിൽ ഒരു കക്ഷികൂടിയാണ്. ഭാരിച്ച കോടതിച്ചെലവിലേക്കായി KCBC സാമ്പത്തികസഹായം നൽകുന്നുണ്ട്. 2023 ജൂലൈ 9-ാം തീയതി ഞായറാഴ്ച ഈ ആവശ്യത്തിനായി പ്രാർത്ഥനാദിനമായി കേരളസഭ ആചരിക്കുകയുണ്ടായി. ഈ നിയോഗത്തിനായി കേരള കത്തോലിക്കാസഭ ഒറ്റക്കെട്ടായി ഇനിയും പ്രാർത്ഥിക്കണം.

ദളിത് കത്തോലിക്കാസഹോദരങ്ങളുടെ ദുസ്ഥിതിക്ക് അറുതി വരുത്തുവാൻ കേരളസഭ ദളിത് കത്തോലിക്കാ കുട്ടികളുടെ വിദ്യാഭ്യാസത്തിന് ഈ കഴിഞ്ഞകാലങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിച്ചിട്ടുണ്ട്. വിവിധ കോഴ്സുകളിൽ പ്രശസ്തവിജയം കരസ്ഥമാക്കിയ ദളിത് കത്തോലിക്കാവിദ്യാർത്ഥികൾക്ക് KCBC സ്കോളർഷിപ്പ് ഏർപ്പെടുത്തിയിട്ടുണ്ട്. മിനിമം യോഗ്യതയുള്ള എല്ലാ ദളിത് വിദ്യാർത്ഥികൾക്കും നമ്മുടെ സഭാ വക സ്ഥാപനങ്ങളിൽ അഡ്മിഷൻ നൽകി സൗജന്യവിദ്യാഭ്യാസം നൽകേണ്ടതാണ്. കൂടാതെ വിദ്യാഭ്യാസയോഗ്യതയുള്ള ദളിത് കത്തോലിക്കർക്ക് യോഗ്യതയുടെ അടിസ്ഥാനത്തിൽ സഭാസ്ഥാപനങ്ങളിൽ മുൻഗണന നൽകി നിശ്ചിത ശതമാനം ഉദ്യോഗനിയമനങ്ങൾ നൽകാൻ നാം താത്പര്യം കാണിക്കേണ്ടതാണ്.

ജസ്റ്റീസ് സൺഡേ ദിനത്തിൽ ഇടവകാംഗങ്ങളെല്ലാം പങ്കെടുത്തുകൊണ്ടുള്ള സെമിനാറും സമ്മേളനങ്ങളും സംഘടിപ്പിക്കാൻ വികാരിയച്ചന്റെ നേതൃത്വത്തിൽ എല്ലാവരും പരിശ്രമിക്കേണ്ടതാണ്. ഇടവക ഒരു കുടുംബമാണ്. ആ കുടുംബത്തിലെ എല്ലാ അംഗങ്ങളും സ്വയംപര്യാപ്തതയിലെത്തണം. അതിനായുള്ള കൂട്ടായ ശ്രമം നടത്തേണ്ടതാണ്. കഴിഞ്ഞ SSLC (80%), Plus Two (70%), Degree (60%) , Post Graduate (60%) എന്നീ പരീക്ഷകളിൽ പ്രശസ്തവിജയം കരസ്ഥമാക്കിയ ദലിത് കത്തോലിക്കാ കുട്ടികൾക്ക് KCBC സ്കോളർഷിപ്പ് നൽകുന്നതാണ്. അർഹരായ കുട്ടികളുടെ അപേക്ഷ 2023 സെപ്റ്റംബർ 30-നകം റവ. ഫാ. ജോസ് വടക്കേക്കുറ്റ്, സെക്രട്ടറി KCBC, SC/ST/BC കമ്മീഷൻ, ഷാലോം പാസ്റ്ററൽ സെന്റർ, പാലാ-686575 എന്ന വിലാസത്തിൽ അയച്ചുകൊടുക്കേണ്ടതാണ്.

വേദനിക്കുന്നവരുടെയും അടിച്ചമർത്തപ്പെട്ടവരുടെയും പക്ഷംചേരുന്ന യേശുവിന്റെ ദൗത്യം ദളിത് ക്രൈസ്തവരുടെ പ്രശ്നങ്ങളിൽ സഭ തീക്ഷ്ണമായി ഏറ്റെടുക്കണം. ജസ്റ്റീസ് സൺഡേ ദിനത്തിൽ വിശുദ്ധബലിമധ്യേ നടത്തുന്ന പിരിവ് വിജയിപ്പിക്കുവാൻ എല്ലാവരും

ആത്മാർത്ഥമായി സഹകരിക്കണം. സ്കോളർഷിപ്പിനും മറ്റുമായി ഇപ്പോൾ ലഭിക്കുന്ന തുക അപര്യാപ്തമാണ്. ഈ തുക കഴിവതും വേഗം KCBC, SC/ST/BC കമ്മീഷന്റെ പേരിൽ അയച്ചുതരേണ്ടതാണ്. നമ്മുടെ സഭയിലെ ദളിത് ക്രൈസ്തവർ, മത്സ്യത്തൊഴിലാളികൾ, മറ്റു ദുർബ്ബലവിഭാഗങ്ങൾ, ദരിദ്രർ എന്നിവരുടെ ഉന്നമനത്തിനായി നമുക്കു പ്രയത്നിക്കാം, പ്രാർത്ഥിക്കാം. നമ്മുടെ മനോഭാവങ്ങളിൽ മാറ്റം വരുത്താം എന്നു പ്രാർത്ഥിച്ചുകൊണ്ട് നിങ്ങളേവരെയും പിതാവിന്റെയും + പുത്രന്റെയും + പരിശുദ്ധാത്മാവിന്റെയും നാമത്തിൽ + ഞാൻ ആശീർവദിക്കുന്നു.

ഈശോയിൽ സ്നേഹപൂർവ്വം,

**ബിഷപ് ഗീവർഗീസ് മാർ അപ്രേം**
(ചെയർമാൻ KCBC, SC/ST/BC കമ്മീഷൻ)

**ബിഷപ് വിൻസന്റ് സാമുവൽ**
(വൈസ് ചെയർമാൻ KCBC, SC/ST/BC കമ്മീഷൻ)

**ബിഷപ് മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ**
(വൈസ് ചെയർമാൻ KCBC, SC/ST/BC കമ്മീഷൻ)

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം,
കൊച്ചി: 682 025

---

NB: ഓഗസ്റ്റ് 13-ാം തീയതി ഞായറാഴ്ച എല്ലാ ഇടവക ദൈവാലയങ്ങളിലും സന്ന്യാസഭവനങ്ങളിലും സ്ഥാപനങ്ങളിലും ഈ സർക്കുലർ വായിച്ച് വിശദീകരണം നൽകുകയും 20-ാം തീയതി ഞായറാഴ്ച സംഭാവന ശേഖരണം നടത്തി KCBC, SC/ST/BC കമ്മീഷന്റെ പേർക്ക് അയച്ചുതരികയും ചെയ്യേണ്ടതാണ്.

No: 3885/K-5/KCBC/OL/DS 10.07.2023

**2023 ഡിസംബർ മാസത്തിലെ കേരളാ ദിവ്യകാരുണ്യകോൺഗ്രസ്സ് സംബന്ധിച്ച് കെസിബിസി പുറപ്പെടുവിക്കുന്ന സർക്കുലർ**

അഭിവന്ദ്യപിതാക്കന്മാരേ, വൈദികരേ, സന്ന്യസ്തരേ, സഹോദരീസഹോദരന്മാരേ,

നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ സമാധാനം ഏവർക്കും നേരുന്നു. സഭയെ നിരന്തരം നയിക്കുന്ന ദൈവാത്മാവിൽ ആശ്രയിച്ച് കേരളസഭയിൽ നവീകരണ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. നവീകരണ പ്രവർത്തനങ്ങൾക്ക് കൃത്യമായ ദിശാബോധവും ഏകീകൃതഭാവവും ലഭിക്കുന്നതിനായി പ്രസിദ്ധീകരിച്ചിട്ടുള്ള **പ്രവർത്തനരേഖ**യുടെ അടിസ്ഥാനത്തിലാണ് കേരളസഭ- രൂപതാ-ഇടവക-കുടുംബതലങ്ങളിലുള്ള നവീകരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കപ്പെടുന്നത്.

കേരളസഭാനവീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി ഈ വർഷം ഡിസംബറിൽ ദിവ്യകാരുണ്യകോൺഗ്രസ് നടത്തുന്ന കാര്യം ഇതിനോടകം ഏവർക്കും അറിയാവുന്നതാണല്ലോ. ദിവ്യകാരുണ്യത്തിൽ അധിഷ്ഠിതവും കേന്ദ്രീകൃതവുമായ നവീകരണമാണ് സഭയിൽ സംഭവിക്കേണ്ടത്. വിശുദ്ധ കുർബാനവഴി സഭ എന്നും നവമായി ജനിക്കുന്നുവെന്ന് 'സ്നേഹത്തിന്റെ കൂദാശ' (Sacramentum Caritatis) എന്ന അപ്പസ്തോലിക പ്രബോധനത്തിലൂടെ ബനഡിക്റ്റ് 16-ാമൻ മാർപാപ്പ നമ്മെ അനുസ്മരിപ്പിക്കുന്നുണ്ട് (SC, 6).

2023 ഡിസംബർ 1, 2, 3, (വെള്ളി, ശനി, ഞായർ) തീയതികളിലായി വരാപ്പുഴ അതിരൂപതയുടെ കീഴിലുള്ള വല്ലാർപാടം ബസിലിക്കയിൽ വച്ചാണ് കേരളാദിവ്യകാരുണ്യ കോൺഗ്രസ് സംഘടിപ്പിക്കുന്നത്.

**ദിവ്യകാരുണ്യ കോൺഗ്രസിന്റെ ലക്ഷ്യം**

ദിവ്യകാരുണ്യം കേന്ദ്രീകരിച്ചുള്ള ദൈവജനത്തിന്റെ കൂടിവരവാണ് ദിവ്യകാരുണ്യ കോൺഗ്രസ്. അന്തർദേശീയമായും ദേശീയമായും പ്രാദേശികമായും ദിവ്യകാരുണ്യ കോൺഗ്രസ് സംഘടിപ്പിക്കാറുണ്ട്.

സഭാസമൂഹത്തിന് ദിവ്യകാരുണ്യത്തെക്കുറിച്ച് ആഴമായ അറിവു നല്കുക, ദിവ്യകാരുണ്യത്തിലെ യേശുവിന്റെ യഥാർത്ഥ സാന്നിദ്ധ്യത്തിന് പരസ്യമായ ആരാധനയും സാക്ഷ്യവും നല്കുക, സഭാംഗങ്ങളിൽ

ദിവ്യകാരുണ്യത്തിലുള്ള വിശ്വാസവും ഭക്തിയും വർദ്ധിപ്പിക്കുക, പരസ്യമായ ദിവ്യകാരുണ്യ ആരാധനയിലൂടെ വിശ്വാസികൾക്കിടയിൽ പരസ്പരസ്നേഹവും ഐക്യവും വർദ്ധിപ്പിക്കുക എന്നിവയാണ് ദിവ്യകാരുണ്യ കോൺഗ്രസിലൂടെ ലക്ഷ്യം വയ്ക്കുന്നത്.

1881-ൽ ഫ്രാൻസിലാണ് ആദ്യത്തെ അന്തർദേശീയ ദിവ്യകാരുണ്യ കോൺഗ്രസ് നടന്നത്. 38-ാമത്തെ അന്തർദേശീയ ദിവ്യകാരുണ്യ കോൺഗ്രസ് നടന്നത് മുംബൈയിൽ വച്ചായിരുന്നു. 2024-ൽ 53-ാമത് അന്തർദേശീയ ദിവ്യകാരുണ്യ കോൺഗ്രസ് ഇക്വദോറിൽവച്ചാണ് നടക്കുന്നത്. കേരളസഭയിൽ നാം സംഘടിപ്പിക്കുന്നത് പ്രാദേശികതലത്തിലുള്ള ദിവ്യകാരുണ്യ കോൺഗ്രസ് ആണ്. ആഘോഷമായ വിശുദ്ധ കുർബാന, ദിവ്യകാരുണ്യ ആരാധന, പ്രദക്ഷിണം, പ്രബോധനങ്ങൾ, ചർച്ചകൾ, ദിവ്യകാരുണ്യ അത്ഭുതങ്ങളുടെ എക്സിബിഷൻ തുടങ്ങിയ വിപുലമായ പരിപാടികളോടെയാണ് ദിവ്യകാരുണ്യ കോൺഗ്രസ് സംഘടിപ്പിക്കുന്നത്.

'നാഥാ, ഞങ്ങളോടൊത്ത് വസിച്ചാലും' (*Mane Nobiscum Domine*) എന്ന എമ്മാവൂസ് ശിഷ്യരുടെ അപേക്ഷാവാക്യമാണ് (ലൂക്കാ 24:29) വല്ലാർപാടത്തു സംഘടിപ്പിക്കുന്ന ദിവ്യകാരുണ്യ കോൺഗ്രസിന്റെ പ്രമേയം.

**ദിവ്യകാരുണ്യ കോൺഗ്രസിൽ പങ്കെടുക്കുന്നവർ**

കേരളത്തിലെ 32 രൂപതകളിലെ അയ്യായിരത്തോളം ഇടവകകകളിൽ നിന്നായി അയ്യായിരം അല്മായ പ്രതിനിധികളും (ഒരു ഇടവകയിൽ നിന്ന് ഒരാൾ എന്ന നിലയ്ക്ക്) അഞ്ഞൂറിലേറെ വൈദികരും വിവിധ സന്ന്യസ്തസമൂഹങ്ങളിൽ നിന്നായി നാനൂറോളം സന്ന്യസ്തരും കേരളത്തിലെ എല്ലാ മേജർ സെമിനാരി റെക്ടർമാരും 500 വാളണ്ടിയർമാരും, 200 റിസോഴ്സ് ടീം അംഗങ്ങളും 2000 യുവജനങ്ങളും കേരള കത്തോലിക്കാസഭയിലെ മുഴുവൻ മെത്രാന്മാരും ദിവ്യകാരുണ്യ കോൺഗ്രസിൽ പങ്കെടുക്കും.

വരാപ്പുഴ, എറണാകുളം, മൂവാറ്റുപുഴ, കൊച്ചി, കോട്ടപ്പുറം എന്നീ രൂപതകളിലെ 150 ഇടവകകളിലായിട്ടാണ് ദിവ്യകാരുണ്യ കോൺഗ്രസിൽ പങ്കെടുക്കുന്നവരുടെ താമസം ക്രമീകരിക്കുന്നത്.

രൂപതയിൽ നിന്ന് പ്രതിനിധികളെ തെരഞ്ഞെടുക്കുമ്പോൾ 40% സ്ത്രീകൾ, 40% പുരുഷന്മാർ, 10% യുവതികൾ, 10% യുവാക്കൾ എന്നീ

മാനദണ്ഡം പാലിക്കുന്നത് ഉചിതമായിരിക്കും. ഓരോ ഇടവകയിൽ നിന്നും പങ്കെടുക്കുന്ന അല്മായ പ്രതിനിധികളും രൂപതയിൽ നിന്നുള്ള വൈദികരും അവരവരുടെ രൂപതാടിസ്ഥാനത്തിലാണ് പേരുകൾ രജിസ്റ്റർ ചെയ്യേണ്ടത്. രൂപതാടിസ്ഥാനത്തിൽ തയ്യാറാക്കുന്ന രജിസ്ട്രേഷൻ സംബന്ധിച്ച വിവരങ്ങളും ഫീസും 2023 നവംബർ ഒന്നിനു മുൻപ് കെസിബിസി ഡെപ്യൂട്ടി സെക്രട്ടറിയുടെ പേരിൽ പി.ഒ.സി. ഓഫീസിൽ ഏല്പിക്കേണ്ടതാണ്.

അല്മായരെ കൂടാതെ രൂപതകളെ പ്രതിനിധീകരിക്കുന്നത് മുഖ്യ വികാരിജനറാൾ, ഫെറോന/ജില്ലാ വികാരിമാർ, രൂപതാധ്യക്ഷൻ നിശ്ചയിക്കുന്ന അഞ്ച് യുവവൈദികർ എന്നിവരാണ്. സന്യസ്തസമൂഹങ്ങളുടെ സുപ്പീരിയർ ജനറാൾമാർ, പ്രൊവിൻഷ്യൽ സുപ്പീരിയേഴ്സ് കൂടാതെ ഓരോ പ്രോവിൻസിൽ നിന്നും ഒരു സന്ന്യാസിനി/സന്യാസി എന്നിവരാണ്. സന്യാസസമൂഹങ്ങളെ പ്രതിനിധീകരിക്കുന്നവരുടെ രജിസ്ട്രേഷൻ സംബന്ധിച്ച വിവരങ്ങളും ഫീസും അതതു സന്യാസസമൂഹാധികാരികൾ നവംബർ ഒന്നിന് മുമ്പ് തന്നെ ഡെപ്യൂട്ടി സെക്രട്ടറിയെ ഏല്പിക്കേണ്ടതാണ്.

**സാമ്പത്തിക കാര്യങ്ങൾ**

ദിവ്യകാരുണ്യ കോൺഗ്രസ് പ്രാദേശികതലത്തിൽ വിപുലമായ പരിപാടികളോടെ നടത്തപ്പെടുമ്പോൾ ഉണ്ടാകുന്ന ഭാരിച്ച സാമ്പത്തിക ബാധ്യതയെകുറിച്ച് പ്രത്യേകം പരാമർശിക്കേണ്ടതില്ലല്ലോ. ആയതിനാൽ ഓരോ പ്രതിനിധിയും 1500 രൂപ രജിസ്ട്രേഷൻ ഫീസായി നല്കണം. ദിവ്യകാരുണ്യ കോൺഗ്രസിന്റെ നടത്തിപ്പിനായി വരുന്ന ചിലവുകൾ കേരള സഭാമക്കൾ എല്ലാവരുംകൂടി ഏറ്റെടുക്കേണ്ടതുണ്ട്. അതിനാൽ ഇടവകയെ പ്രതിനിധികരിക്കുന്ന വ്യക്തിയുടെ രജിസ്ട്രേഷൻ തുക ആവശ്യമെങ്കിൽ ഇടവകയിൽ നിന്ന് നല്കണമെന്ന് നിർദേശിക്കുന്നു. സന്ന്യസ്തരുടെ രജിസ്ട്രേഷൻ തുക അതതു സന്ന്യസ്ത സമൂഹങ്ങളും രൂപതാ വൈദികരുടേത് രൂപതകളും വഹിക്കേണ്ടതുമാണ്. അപ്രകാരം ആർക്കും പ്രത്യേകം സാമ്പത്തിക ഭാരം വരാതെ തന്നെ എല്ലാവരുടെയും സഹകരണത്തോടെ കേരളാദിവ്യകാരുണ്യകോൺഗ്രസ് വിജയകരമായി നടത്താൻ നമുക്കു സാധിക്കും.

**ദിവ്യകാരുണ്യ കോൺഗ്രസിനു മുൻപുള്ള ഒരുക്കങ്ങൾ**

വല്ലാർപാടത്തു സംഘടിപ്പിക്കപ്പെടുന്ന കേരളാദിവ്യകാരുണ്യകോൺഗ്രസിനു മുന്നോടിയായി രൂപതാ - ഇടവകതലങ്ങളിൽ

ആവശ്യമായ ഒരുക്കങ്ങൾ നടത്തേണ്ടതാണ്. ദിവ്യകാരുണ്യ കോൺഗ്രസിൽ പങ്കെടുക്കുന്ന ഡെലഗേറ്റ്സിന്റെ രജിസ്ട്രേഷൻ നടത്തിയ ശേഷം അവരെ രൂപതാതലത്തിൽ വിളിച്ചു ചേർത്ത് ആവശ്യമായ പരിശീലനം നല്കണം. കൂടാതെ ഇടവകതലത്തിൽ ദിവ്യകാരുണ്യദിനം, ദിവ്യകാരുണ്യ ആരാധന, റാലി, ദിവ്യകാരുണ്യ ധ്യാനങ്ങൾ, പ്രബോധനങ്ങൾ, ചർച്ചകൾ എന്നിവ സംഘടിപ്പിക്കേണ്ടതാണ്. രൂപതകളിൽനിന്നും സന്യാസസമൂഹങ്ങളിൽനിന്നും സംസ്ഥാനതലത്തിൽ പരിശീലനത്തിനയച്ച റിസോഴ്സ് ടീമിനെ ഇടവകകളിൽ പ്രയോജനപ്പെടുത്താവുന്നതാണ്. വിജയപുരത്ത് വിമലഗിരി പാസ്റ്ററൽ സെന്ററിൽ വച്ച് പ്രസ്തുത റിസോഴ്സ് ടീം അംഗങ്ങൾക്ക് ആവശ്യമായ പരിശീലനം നല്കിയിട്ടുണ്ട്.

**ദിവ്യകാരുണ്യത്തെ പുൽകുന്ന സഭ**

ദിവ്യകാരുണ്യത്തോട് ചേർന്നുനില്ക്കാൻ അതിയായി ആഗ്രഹിക്കുന്ന സമൂഹമായി കേരളസഭ ഇനിയും പരിവർത്തനപ്പെടേണ്ടതുണ്ട്. മനുഷ്യരക്ഷയ്ക്കായി നൽകപ്പെട്ട ഏകനാമം യേശുക്രിസ്തുവിന്റേതാണ് (നടപടി 4:12). അവിടുത്തെ നാമമാകട്ടെ ദൈവത്തിന്റെ നിസ്സീമമായ കരുണയെയാണ് പ്രകാശിപ്പിക്കുന്നത്. ആത്മാവിന്റെ രക്ഷയ്ക്കായി പരിശ്രമിക്കുന്നവർക്ക് അവിടത്തെ നാമം വലിയപ്രത്യാശ നൽകുന്നു. ദൈവത്തിന്റെ കരുണയുടെ മുഖം ഈ കാലയളവിൽ നാം പ്രകാശിപ്പിക്കേണ്ടതാണെന്ന ചിന്ത നമ്മിൽ രൂഢമൂലമാകണം.

ഈശോയുടെ ദിവ്യമായ സ്നേഹത്തിന്റെ അഗ്നിയാണ് ദിവ്യസക്രാരിയിലെ ദിവ്യകാരുണ്യം. നമ്മുടെ രക്ഷയ്ക്കുവേണ്ടി എരിയുന്ന ആ സ്നേഹാഗ്നിയോട് ചേർന്നു നില്ക്കാനാണ് നാം ദിവ്യകാരുണ്യ കോൺഗ്രസിലൂടെ പരിശ്രമിക്കുന്നത്. ബഹു. വികാരിയച്ചന്മാരും വൈദികരും സന്ന്യസ്തരും അല്മായ നേതൃത്വവും ഇക്കാര്യത്തിൽ, വിശ്വാസത്തിൽ സഹകാരികളായ നമ്മുടെ സഹോദരർക്ക് ഉദാത്ത മാതൃക നല്കിക്കൊണ്ട് ദിവ്യകാരുണ്യ സ്നേഹത്തിൽ അധിഷ്ഠിതമായ വിശ്വാസജീവിതം നയിക്കാൻ പ്രേരിപ്പിക്കണം. സഭാനവീകരണം പൂർത്തിയാകുന്നത് ഈശോയോടുള്ള നമ്മുടെ സ്നേഹം അവിടുന്ന് ആഗ്രഹിക്കുന്നവിധം ഊഷ്മളമാകുമ്പോഴാണ്. പരസ്പരം ക്ഷമിക്കാനും വിട്ടുവീഴ്ച ചെയ്യാനും സഹകരിക്കാനും സാധിക്കുന്നവിധത്തിൽ തുറവിയുള്ളതും നിർമ്മലവുമായിരിക്കട്ടെ നമ്മുടെ ബന്ധങ്ങൾ. അങ്ങനെ ഈശോയുടെ ദിവ്യകാരുണ്യത്തിന്റെ യഥാർഥ അവകാശികളും സാക്ഷി

കളുമായി സമൂഹത്തിൽ ജീവിക്കാൻ ദിവ്യകാരുണ്യ കോൺഗ്രസ് നമ്മെ സഹായിക്കട്ടെ.

ദിവ്യകാരുണ്യത്തെ മുൻനിർത്തിയുള്ള സഭാത്മകമായ ഈ ഒത്തുചേരൽ നമ്മുടെ വിശ്വാസത്തിന്റെ പ്രഘോഷണമായി പരിണമിക്കുന്നതിനും ദിവ്യകാരുണ്യ ഭക്തിയിൽ കേരളസഭ കൂടുതൽ ആഴപ്പെടുന്നതിനും ഈ ദിവ്യകാരുണ്യ കോൺഗ്രസ് വിജയകരമായി നടത്തുന്നതിനും ദിവ്യകാരുണ്യ നാഥന്റെ മുന്നിൽ നിരന്തരം നമുക്കു പ്രാർഥിക്കാം.

നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ കാരുണ്യം, അനുഗ്രഹവും സമാധാനവും ബലിയും സ്തോത്രവുമാകുന്ന വിശുദ്ധ കുർബാനയിലൂടെ സഭാമക്കളായ നിങ്ങൾക്കേവർക്കും സമൃദ്ധമായി ലഭിക്കട്ടെയെന്ന് പ്രാർഥിക്കുന്നു.

എല്ലാ അനുഗ്രഹങ്ങളും നേർന്നുകൊണ്ട്, കേരള കത്തോലിക്കാ സഭയ്ക്കുവേണ്ടി,

**കർദിനാൾ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവ**
പ്രസിഡന്റ്, കെസിബിസി

**ബിഷപ് മാർ പോളി കണ്ണൂക്കാടൻ**
വൈസ് പ്രസിഡന്റ്, കെസിബിസി

**ബിഷപ് ഡോ. അലക്സ് വടക്കുംതല**
സെക്രട്ടറി ജനറൽ, കെസിബിസി

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം, കൊച്ചി: 682 025

*NB:* ഈ സർക്കുലർ 2023 ആഗസ്റ്റ് 27-ാം തീയതി ഞായറാഴ്ച വി. കുർബാന മധ്യേ എല്ലാ ഇടവകപ്പള്ളികളിലും വി. കുർബാന നടക്കുന്ന മറ്റ് സ്ഥലങ്ങളിലും വായിക്കുമല്ലോ.

# കച്ചേരിക്കാര്യം

ആഗസ്റ്റ് 2023

**1. ആഗസ്റ്റ് 4 വിയാനി ഡേ**

ഇടവക വൈദികരുടെ മദ്ധ്യസ്ഥനായ വി. ജോൺ മരിയ വിയാനിയുടെ തിരുനാൾ ദിനമാണല്ലോ ആഗസ്റ്റ് 4. എല്ലാ വൈദിക സഹോദങ്ങൾക്കും തിരുനാൾ മംഗളങ്ങൾ ആശംസിക്കുന്നു. ദൈവാലയങ്ങളിൽ വിയാനി പുണ്യാളനെക്കുറിച്ച് അനുസ്മരണം നടത്തുമല്ലോ. വി. ജോൺ മരിയ വിയാനി പുണ്യാളന്റെ മാദ്ധ്യസ്ഥം തേടി വൈദികർക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കുകയും ചെയ്യാം.

**2. മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിന്റെ 112-ാം ജന്മവാർഷികം**

തലശ്ശേരി അതിരൂപതയുടെ പ്രഥമ അദ്ധ്യക്ഷൻ മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിന്റെ 112-ാം ജന്മദിനമാണ് ആഗസ്റ്റ് 4-ാം തീയതി. അന്നേ ദിവസം വന്ദ്യപിതാവിനെ പ്രത്യേകം നമുക്ക് അനുസ്മരിക്കാം.

**3. അഭിനന്ദനങ്ങൾ**

**റവ. ഫാ. വർഗ്ഗീസ് (ടോണി) കുന്നത്ത് :** തലശ്ശേരി അതിരൂപതാംഗമായ ബഹു. വർഗ്ഗീസ് കുന്നത്ത് അച്ചൻ കോട്ടയം പന്തമുട്ടം സെന്റ് ഗിസ്റ്റ് എഞ്ചിനീയറിംഗ് കോളേജിൽ നിന്നും Structural Engineering ൽ M.Tech കരസ്ഥമാക്കി. തലശ്ശേരി അതിരൂപതയെ സംബന്ധിച്ച് അഭിമാനാർഹമായ നേട്ടമാണ് ബഹു. ടോണി അച്ചൻ സ്വന്തമാക്കിയത്. കഠിനാധ്വാനവും അർപ്പണബോധവുമാണ് ബഹു. ടോണിച്ചനെ ഈ നേട്ടത്തിന് പ്രാപ്തനാക്കിയത്. നമ്മുടെ അതിരൂപതയുടെ അഭിമാനമായ ചെമ്പേരി എഞ്ചിനീയ

റിംഗ് കോളേജിൽ അധ്യാപകനായി ബഹു. ടോണി അച്ചൻ സേവനം ആരംഭിച്ചു. പ്രിയപ്പെട്ട ടോണിയച്ചന് അതിരൂപതാ കുടുംബത്തിന്റെ അനുമോദനങ്ങളും ആശംസകളും.

**റവ. ഫാ. സ്കറിയ (ബിബിൻ) വരമ്പകത്ത്**

തലശ്ശേരി അതിരൂപതാംഗമായ ബഹു. സ്കറിയ വരമ്പകത്ത് അച്ചൻ രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസിൽ നിന്നും M SW (Community Development)-ൽ ഉന്നതവിജയം നേടി. പഠനത്തിനിടയിൽ ഫിൻലൻസിൽ ഉള്ള യൂണിവേഴ്സിറ്റി ഓഫ് യുവാസ്കുല നടത്തിയ 'കാലാവസ്ഥാവ്യതിയാനവും കുടിയേറ്റവും' എന്ന സെമിനാറിൽ പങ്കെടുക്കുവാൻ ഇന്ത്യയിൽനിന്നും തിരഞ്ഞെടുക്കപ്പെട്ട 6 വിദ്യാർത്ഥികളിൽ ഒരാളായിരുന്നു ബിബിനച്ചൻ. തലശ്ശേരി അതിരൂപതാ സോഷ്യൽ സർവ്വീസ് അപ്പൊസ്റ്റൊലേറ്റിന്റെ അസി. ഡയറക്ടറായി ബഹു. ബിബിനച്ചൻ സേവനം ആരംഭിച്ചു. ബിബിനച്ചന്റെ ഉന്നതവിജയത്തിൽ അതിരൂപതാ കുടുംബത്തിന്റെ അഭിനന്ദനങ്ങളും ആശംസകളും.

**റവ. ഫാ. സെബാസ്റ്റ്യൻ (വിപിൻ) വേമ്മേനിക്കട്ടയിൽ**

തലശ്ശേരി അതിരൂപതാംഗമായ ബഹു. സെബാസ്റ്റ്യൻ (വിപിൻ) വെമ്മേനിക്കട്ടയിൽ അച്ചൻ രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസിൽ നിന്നും M BA (Marketing and Operations) ബിരുദം സ്വന്തമാക്കി. ഉയർന്ന മാർക്കോടെയാണ് ബഹു. ബിപിനച്ചൻ പഠനം പൂർത്തിയാക്കിയത്. കാലിച്ചാനടുക്കം ഇടവക വികാരിയായും വെള്ളരിക്കുണ്ട് സെന്റ് ജൂഡ് കോളേജ് അഡ്മിനിസ്ട്രേറ്ററായും ശുശ്രൂഷ ആരംഭിച്ചിരിക്കുന്ന വിപിനച്ചന് തലശ്ശേരി അതിരൂപതാ കുടുംബത്തിന്റെ അനുമോദനവും ആശംസകളും നേരുന്നു.

**റവ. ഫാ. തോമസ് മേൽവെട്ടം**

തലശ്ശേരി അതിരൂപതാംഗമായ ബഹു. തോമസ് മേൽവെട്ടത്തച്ചനെ സീറോമലബാർ സഭയിലെ കമ്മീഷൻ ഫോർ വൊക്കേഷൻ ചെയർമാൻ അഭിവന്ദ്യ മാർ ലോറൻസ് മുക്കുഴി പിതാവ് സീറോ മലബാർ സഭയുടെ വൊക്കേഷൻ കമ്മീഷന്റെ സെക്രട്ടറിയായി നിയമിച്ചു. പ്രിയപ്പെട്ട തോമസ് മേൽവെട്ടത്തച്ചന് പുതിയ നിയമനത്തിൽ അഭിനന്ദനങ്ങളും ആശംസകളും നേരുന്നു.

**4. ഫൊറോനാ കൗൺസിൽ രൂപീകരണം**

പുതിയ പാരിഷ് കൗൺസിൽ ഇടവകകളിൽ നിലവിൽ വന്നിരിക്കുകയാണല്ലോ. നിലവിലുള്ള ഫൊറോനാ കൗൺസിലുകളുടെ കാലാവധി അവസാനിച്ചിരിക്കുകയാണ്. പാസ്റ്ററൽ കൗൺസിലേക്കുള്ള

അംഗങ്ങളും പുതിയ ഫൊറോനാ കൗൺസിലേക്കുള്ള അംഗങ്ങളും പുതിയ ഫൊറോനാ കൗൺസിൽ നിന്നാണ് തിരഞ്ഞെടുക്കപ്പെടേണ്ടത്. ഫൊറോനാ കൗൺസിൽ രൂപീകരണത്തെക്കുറിച്ചുള്ള അഭിവന്ദ്യ പിതാവിന്റെ വിജ്ഞാപനം ഈ മാസത്തെ ഗിരിദീപത്തിൽ നല്കിയിരിക്കുന്നത് ശ്രദ്ധിക്കുമല്ലോ.

**5. ബഹു. വൈദികരുടെ വാർഷികധ്യാനം**

തലശ്ശേരി അതിരൂപതയിലെ വൈദികരുടെ ഈ വർഷത്തെ വാർഷികധ്യാനം രണ്ടു ബാച്ചുകളിലായി നടക്കുന്നു. 2022 സെപ്റ്റംബർ 17 ഞായറാഴ്ച മുതൽ 22 വരെ ആദ്യബാച്ചിന്റെയും സെപ്റ്റംബർ 24 മുതൽ 29 വരെ രണ്ടാമത്തെ ബാച്ചിന്റെയും ധ്യാനം നടക്കും. ഈ വർഷത്തെ വാർഷിക ധ്യാനം നയിക്കുന്നത് കാഞ്ഞിരപ്പള്ളി രൂപതാംഗവും അണക്കര മരിയൻ റിട്രീറ്റ് സെന്റർ ഡയറക്ടറുമായ ബഹു. ഡൊമിനിക് വാളമനാൽ അച്ചനാണ്. ഒന്നാമത്തെ ബാച്ചിന്റെ ധ്യാനം പരിയാരം മദർഹോം ധ്യാനകേന്ദ്രത്തിലും രണ്ടാം ബാച്ചിന്റെ ധ്യാനം തലശ്ശേരി മൈനർ സെമിനാരിയിൽ വച്ചുമാണ് നടക്കുന്നത്. ഓരോ ബാച്ചിലും ധ്യാനത്തിൽ പങ്കെടുക്കേണ്ട വൈദികരുടെ പേരുകൾ രണ്ടുബാച്ചുകളിലായി ക്രമീകരിച്ചിരിക്കുന്നത് ചുവടെ ചേർക്കുന്നു.

## Priests Annual Retreats 2023 Sept.r 17 -22, Sept. 24-29

### I Batch (September 17-22 - Mother Home)

**Rev. Frs (Sl.No Name)**

1. Alamkottu Mathew
2. Arackal Kuriakose
3. Anakkallil Antony
4. Anakkallil James
5. Anithanam Joseph
6. Anthyamkulam Johnson
7. Arackal Augustin
8. Areeplackal Mathew
9. Asarikunnel George
10. Attel Emmanuel
11. Chakkanikunnel Thomas
12. Chalil George CST
13. Chakkittamuriyil Thomas
14. Chellamkottu James
15. Chellamkottu Mathew
16. Chanakkattil Antony
17. Chelamaram George
18. Chennoth Sebastian
19. Cheripuram Sebastian
20. Cheruvil Thomas
21. Chiranackal Scaria
22. Chittett Antony
23. Edukkunnel Elias
24. Msgr. Elamthuruthipadavil Mathew
25. Elanjiparambil James
26. Elukkunnel George
27. Eruppakkatt Philip
28. Ezhuparayil Joseph
29. Ikkaraparambil Joseph
30. Ittiyappara Sebastian
31. Kadakkuzhayil Jude
32. Kakkattil Jose
33. Kalapurackal Joseph

34. Kalarickal Joseph
35. Kalarimuriyil George
36. Kallumkal Mathew
37. Kandathil Paul
38. Kanjirathinkal Joseph
39. Karakkattu Philip
40. Kayamkattil George
41. Kayammackal Mathew
42. Kidarathil Thomas
43. Kizhakethalackal Martin
44. Kizhukkarakattu Joji CM
45. Kochupurackal Abraham
46. Kolakunnel Kuriakose
47. Koluthappallil Joseph
48. Koonanickal Thomas
49. Koovapparayil John
50. Kottucherady Mathew
51. Kottukapally Thomas
52. Kovoorputhenpurayil John
53. Koyipuram Joseph (Edwin)
54. Kudiparambil Chacko
55. Kulathara Joseph
56. Kumblanthanath Thomas
57. Kunnel Mathew
58. Kurisummoottil Joseph
59. Madappanthottukunnel Joseph
60. Madathimyalil Abraham
61. Malakkaran Joseph
62. Mampuzhackal Ruble Martin SJ
63. Manchapillil Joseph
64. Manickathazhe Jose
65. Manjakkunnel Maichael
66. Manjalamkunnel Joseph
67. Mannoor John (Giftin)
68. Marakkassery Sebastian RCJ
69. Marrasseril Thomas
70. Mattathil Joseph
71. Meprath Justin HGN
72. Moonnanapally James
73. Mundackal Jose
74. Mundamattam Thomas
75. Mundankunnel George
76. Msgr. Muthukunnel Antony
77. Muttumannil Philip
78. Nallukunnel Antony OFM Conv.
79. Narimattathil Jospeh CST
80. Nirappel Alex
81. Nirappel Joseph
82. Nooramackal John
83. Olickal Mathew
84. Olikarottu Thomas
85. Onamkulam John
86. Msgr. Ottaplackal Joseph
87. Padinjareanisseril George
88. Padinjareyil Jacob
89. Palakeel Joseph
90. Paliathil Mathew OFM
91. Pallickal Thomas
92. Pampackal Thomas
93. Pandiamakel Augustine
94. Panengadan Renson ISCH
95. Panthallooparambil Kuriakose
96. Paravarakath Mathew
97. Pathickal Thomas
98. Plavunilkumparambil Kuriakose
99. Ponnambel John
100. Ponatt Abraham
101. Poovannikkunnel Jose
102. Poovassery Mathew OFM Cap
103. Poovathinkal Emmanuel
104. Pottemplackal Mathew
105. Poweth Joseph
106. Punchatharappel George
107. Pulickal George
108. Puthennadayil James
109. Puthenpurackal Xavier (Snr)
110. Puthenpurackal John MCBS
111. Puthussery Abraham
112. Rathappillil Joseph
113. Rathappillil Francis
114. Srambickal Melwin OFM Cap
115. Thattuparambil Paul Colping
116. Thekkanal Xavier MCBS
117. Thekkevayalil George

118. Thelakkatt Xavier
119. Thengumpallil Sebastian
120. Thengumpallil Thomas
121. Thykunnumpuram George
122. Urumpukattil Augustine
123. Vadakkan Augustine
124. Vadakemulanjanal Thomas
125. Vadakkettu Thomas MSJ
126. Valiaparambil Mathew
127. Valiplackal Thomas
128. Vallattu Paily OFM Cap
129. Valloppilly Paul
130. Varambakath Scaria
131. Vellaringattu George
132. Velloorputhenpurayil Thomas
133. Vengaparambil Johnson
134. Vettiyanickal Antony
135. Vayalunkal Joseph
136. Vengakunnel Mathew
137. Venkittayil John OCD
138. Vettickal Jose

## II Batch (September 24-29 - Minor Seminary, Thalassery)

**Rev. Frs (Sl.No Name)**

1. Achandiyil George
2. Aikkara Joseph MCBS
3. Amakkattu Thomas
4. Ambattu Sebastian
5. Anacharil Joseph
6. Anakkallil Joseph
7. Areechira Sebastian OCD
8. Asariparambil Mathew
9. Attangattil Thomas
10. Chakkananickal Scaria
11. Chakkanikkunnel Paul CMI
12. Chackamkunnel Augustin
13. Chakyarath Mathew
14. Chalil George
15. Chathanattu Joseph
16. Chennappally George
17. Chempananickal John
18. CheriampurathVarghese
19. Cheriyamkunnel Joseph
20. Cherussery Joseph
21. Choorackal Raphel VC
22. Edathinakath Paul
23. Edayadiyil Sebastian
24. Elavumkunnel George (Roby)
25. Elavumkunnel George (Sunny)
26. Enacheril Joseph
27. Kakkaramattathil Joseph
28. Kalappura George
29. Kalapurackal Varghese
30. Kalathil Thomas
31. Kalarickal Kuriakose
32. Kanakkattu Joseph
33. Kaniyamparambil Thomas Ofm
34. Kanjirakkatt George
35. Karickal Mathew
36. Karikkathadathil George
37. Karottu George
38. Kavanadiyil Joseph
39. Kaviyil Philip
40. Keezharathil Thomas
41. Kizhuthara George
42. Kochukarottu Thomas
43. Kolangayil Thomas OFM Cap
44. Konickal Mathew
45. Konnayil Thomas
46. Koonankiyil Emmanuel
47. Koottiyanickal Augustine MSJ
48. Kottarathil Joseph
49. Kovattu George
50. Koyipuram Joseph (Jibi)
51. Kudilil Mathew
52. Kudumpanthanam Joseph O. prem
53. Kunnath Varghese
54. Kurumpurath Mathew HGN

55. Kurumuttath Kuriakose CRM
56. Kuthuly Joseph HGN
57. Kuttikkattukunnel Jacob
58. Madassery Lukose
59. Manavath Thomas
60. Mangattil Mathew OFM Cap
61. Manjalamkunnel Antony
62. Mattakkottil Antony
63. Mattathil Isaac
64. Melvettom Mani
65. Menachery Louis Mariadas
66. MenappattupadickalThomas
67. Mookkilikkattu Sebastian
68. Mukkuzhy Mathew(Akhil)
69. Mundaplackal Joseph
70. Munjanatt Antony
71. Muttathupara Sebastian
72. Naduvilekkutt Thomas
73. Narikuzhy Mathew
74. Nedungattu Jacob
75. Nellithanath Dennis
76. Neendoor Thomas
77. Nirappel Scaria
78. Nooranmackal Joseph
79. Mattappallil Lukose
80. Muttathukunnel Joseph
81. Odiyathinkal Lawrence SCJ
82. Orathel Kuriakose
83. Orathel Joseph
84. Padinjaremuriyil Pious
85. Paimpillil Thomas
86. Msgr. Palakuzhy Sebastian
87. Palamattam Mathew
88. Pallikunnel Antony
89. Pallineerackal Jacob
90. Panamkuzhiyil Thomas
91. Panthalanickal Thomas
92. Panjikkunnel Jacob
93. Parappalliyath Martin
94. Pariyanickal Mathew
95. Pathiyottil Joseph
96. Pattamkulam Thomas
97. Pazheparambil George
98. Podimattam Sebastian
99. Pookamala Thomas
100. Poovanatt Antony O.Pream
101. Poovanpuzha Thomas
102. Poovathanikunnel Scaria
103. Poovatholil Joseph
104. Pravarthummalayil Mathew
105. Pulickakunnel Jacob
106. Puliyurumbil Johnson
107. Punnure Antony
108. Purathemuthukattil Don Bosco
109. Puthenpurackal Xavier (Jnr)
110. Puthukulangara Kuriakose
111. Puthumana Joseph
112. Puthussery Joseph
113. Sasthampadavil Mathew
114. Souryamthadathil Sebastian OFM Cap
115. Thadathilputhenveettil Thomas
116. Thakidiyel Joseph
117. Thayyil Thomas
118. Thekkedath Sebastian
119. Thekkel Andrews
120. Thekkemury Mathew
121. Thenammackal Joseph
122. Thottiyil Jomy Joseph
123. Thykunnumpuram Joseph
124. Vadakemuriyil Thomas
125. Vadakkeparambil Joseph
126. Vadasseril Scaria
127. Valavanal Mathew
128. Vallimala George
129. Varambakath Lazar
130. Varanath Joseph
131. Varickanickal Martin
132. Vattamkattel Thomas
133. Vazhakatt John
134. Vemmenikkattayil Sebastian
135. Vennayappillil Jacob
136. Vettiyanickal Varghese

**6. റിഫ്രഷർ കോഴ്സ് 2023 ജൂലൈ 4-6, 10-12**

ബഹുമാനപ്പെട്ട വൈദികരുടെ തുടർപരിശീലന പദ്ധതിയുടെ ഭാഗമായി എല്ലാ വർഷവും നടത്തുന്ന റിഫ്രഷർ കോഴ്സ് ഈ വർഷം 2 ബാച്ചുകളിലായി തലശ്ശേരി സന്ദേശഭവനിൽ 2023 ജൂലൈ (4-6, 10-12) തീയതികളിൽ നടന്നു. അഭിവന്ദ്യ പിതാവ് കോഴ്സ് ഉദ്ഘാടനം ചെയ്ത് ആമുഖപ്രഭാഷണം നടത്തി. കാലികപ്രസക്തമായ വിഷയങ്ങളും വൈദിക ജീവിതത്തിലെ തുടർപരിശീലനത്തിനുതകുന്ന ക്ലാസ്സുകളും ഉൾപ്പെടുത്തിയായിരുന്നു ഈ വർഷത്തെ കോഴ്സ് സംഘടിപ്പിച്ചത്. ആദ്യബാച്ചിൽ റവ. ഡോ. ടോം പന്നലാക്കുന്നേൽ MSFS, *Joyful Priesthood* നെക്കുറിച്ചുള്ള ക്ലാസ്സ് നയിച്ചു. വിവിധ അപ്പസ്റ്റോലേറ്റു കളെക്കുറിച്ച് ബഹു. ഡയറക്ടർമാർ സംസാരിച്ചതിന്റെ വെളിച്ചത്തിൽ ചർച്ചകൾ നടന്നു. രണ്ടാംദിനം മനോരമാ ന്യൂസ് ചീഫ് മി. ജോണി ലൂക്കോസ് മാധ്യമലോകത്തെക്കുറിച്ച് ക്ലാസ്സ് നയിച്ചു. കോഴിക്കോട് ബേബി മെമ്മോറിയൽ ഹോസ്പിറ്റലിൽ നിന്നുള്ള ഡോക്ടർമാർ പ്രമേഹത്തെ സംബന്ധിച്ചും കിഡ്നി സംബന്ധമായ വിഷയ ത്തെക്കുറിച്ചും ക്ലാസ്സുകൾ നയിച്ചു. പള്ളികളിലെ അക്കൗണ്ടിംഗ് മേഖലയിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ശ്രീ. ജേക്കബ് പടിഞ്ഞാത്ത് CA യുടെ നേതൃത്വത്തിലുള്ള ടീം ക്ലാസ്സെടുത്തു. മൂന്നാം ദിനം ബഹു. ജോസഫ് (സാബു) കുമ്പുക്കൽ അച്ചൻ *Artificial Intelligence* നെക്കുറിച്ചുള്ള ക്ലാസ്സ് നയിച്ചു. രണ്ടാമത്തെ ബാച്ചിൽ *Joyful Priesthood* നെക്കുറിച്ച് ബഹു. മാത്യു അരീപ്ലാക്കൽ അച്ചൻ ക്ലാസ്സുകൾ നല്കി. മാധ്യമലോകത്തെക്കുറിച്ചുള്ള ക്ലാസ്സ് ശ്രീ. അഭിലാഷ് ജോൺ (മനോ രമ ന്യൂസ്) നേതൃത്വം നല്കി. ഡോ. തോമസ് മാത്യു, കോഴിക്കോട് ബേബി മെമ്മോറിയൽ ഹോസ്പിറ്റൽ ചെയർമാൻ ഡോ. കെ. ജി. അലക്സാണ്ടർ എന്നിവർ രണ്ടാമത്തെ ബാച്ചിൽ ആരോഗ്യപരമായ വിഷയങ്ങളെക്കുറിച്ചുള്ള ക്ലാസ്സുകൾക്ക് നേതൃത്വം നല്കി.

രണ്ട് ബാച്ചുകളിലും ആദ്യദിനം അഭിവന്ദ്യ പിതാവ് ധ്യാന ചിന്തകൾ നൽകി. തുടർന്ന് വി. കുർബാനയുടെ ആരാധനയും വി. കുമ്പസാരവും നടന്നു. അഭിവന്ദ്യ ഞറളക്കാട്ട് പിതാവും അഭിവന്ദ്യ വലിയമറ്റം പിതാവും ബഹു. വൈദികർക്കൊപ്പം ദിവ്യബലിയർപ്പിച്ചു. രണ്ടുബാച്ചിന്റെയും സമാപനദിനം പൊതുവായ ചർച്ചകളോടും അഭിവന്ദ്യ പിതാവിന്റെ നിർദ്ദേശങ്ങളോടും കൂടിയുമാണ് അവസാനി ച്ചത്. നമ്മുടെ അതിരൂപതയിലെ പൊതുവായ നിർമ്മാണ പ്രവർത്തനങ്ങൾ, തലശ്ശേരിയിൽ മാതാ സെന്ററിൽ പാലാ ബ്രില്യന്റ് അക്കാദമിയുമായി സഹകരിച്ച് നടത്തുന്ന എൻട്രൻസ് കോച്ചിംഗ്, കണ്ണൂർ

രാഷ്ട്ര ദീപികയുടെ കെട്ടിടത്തിൽ ദീപികയുടെ സഹകരണത്തോടെ നടത്തുവാൻ പോകുന്ന Vedic IAS കോച്ചിംഗ് സെന്റർ, Sanjos Metropolitan School Extension-ന്റെ ഭാഗമായി നടക്കുവാൻ പോകുന്ന നിർമ്മാണപ്രവർത്തനങ്ങൾ, കരുവഞ്ചാൽ ഹോസ്പിറ്റലിലെ നിർമ്മാണ പ്രവർത്തനങ്ങൾ, നിർമ്മലഗിരി സ്വാശ്രയ കോളേജ് (NASA)-ന്റെ കെട്ടിടനിർമ്മാണം തുടങ്ങി നമ്മുടെ അതിരൂപതയിൽ നടത്തുവാൻ ഉദ്ദേശിക്കുന്ന നിർമ്മാണപ്രവർത്തനങ്ങളെക്കുറിച്ച് അഭിവന്ദ്യ പിതാവ് ബഹു. വൈദികരെ അറിയിച്ചു. ഈ വർഷം ഒക്ടോബർ മാസത്തിൽ ചെമ്പേരി എഞ്ചിനീയറിംഗ് കോളേജിൽ വച്ച് നടത്തുവാൻ ഉദ്ദേശിക്കുന്ന ബൈബിൾ കലോത്സവത്തെക്കുറിച്ചും ചർച്ചകൾ നടന്നു.

ബഹു. വൈദികർ ത്യാഗപൂർവ്വം ഇടവകപ്രവർത്തനങ്ങളിൽ നിന്നും സമയം കണ്ടെത്തി ഈ വർഷത്തെ കോഴ്സിൽ പങ്കെടുക്കുകയുണ്ടായി. വൈദികർ അവതരിപ്പിച്ച കലാപരിപാടികളും ഒരുമിച്ചുള്ള ഭക്ഷണവും പ്രാർത്ഥനയുമെല്ലാം വൈദിക കൂട്ടായ്മയെ ശക്തിപ്പെടുത്തിയ സുന്ദരമായ അവസരമായിരുന്നു.

**7. ആദരാഞ്ജലികൾ**

**1. റവ. സി. ക്രിസ്റ്റീന MSMI (86):** എം.എസ്.എം.ഐ സന്യാസിനീ സമൂഹം തലശ്ശേരി സാൻജോസ് പ്രൊവിൻസ് അംഗമായ ബഹു. സി. ക്രിസ്റ്റീന വലിയപറമ്പിൽ എം.എസ്.എം.ഐ (86) 2023 ജൂൺ 26ന് പരിയാരം ഏമ്പേറ്റിലുള്ള എം.എസ്.എം.ഐ കോൺവെന്റിൽ നിര്യാതയായി. കുന്നോത്ത്, കൂത്തുപറമ്പ, ചന്ദനക്കാംപാറ, മേരിപുരം, എടപ്പുഴ, രണ്ടാംകടവ് എന്നീ ഇടവകകളിൽ സുപ്പീരിയറായി സേവനം അനുഷ്ഠിച്ചിട്ടുണ്ട്. 2023 ജൂൺ 27ന് നെല്ലിക്കുറ്റി സീയോൻ ധ്യാനകേന്ദ്രത്തിലെ സെമിത്തേരിയിൽ അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് പിതാവിന്റെ കാർമ്മികത്വത്തിൽ സംസ്ക്കാരശുശ്രൂഷകൾ നടന്നു. പ്രിയപ്പെട്ട സിസ്റ്ററിന്റെ ആത്മശാന്തിക്കുവേണ്ടി നമുക്കു പ്രാർത്ഥിക്കാം.






**2. റവ. സി. ലിസി കുഴിവേലിൽ SH (74) :** തിരുഹൃദയ സന്യാസിനീ സമൂഹം തലശ്ശേരി സെന്റ് ജോസഫ്സ് പ്രൊവിൻസ് അംഗമായ സി. ലിസി കുഴിവേലിൽ എസ്.എച്ച് 2023 ജൂലൈ 1-ന് നിര്യാതയായി. തൊക്കിലങ്ങാടി ഭവനാംഗമായിരുന്നു.

ഹോസ്ക്കോട്ട, കണ്ണൂർ, മരിയഭവൻ, തൊക്കിലങ്ങാടി എന്നീ ഭവനങ്ങളിൽ സുപ്പീരിയറായും ബത്തേരി, സിദ്ധാപുരം, കരുവഞ്ചാൽ, പെരുമ്പടവ്, തൊക്കിലങ്ങാടി എന്നിവിടങ്ങളിൽ ആതുരശുശ്രൂഷ ചെയ്തും വളരെ സ്തുത്യർഹമായ രീതിയിൽ സി. ലിസി സേവനം അനുഷ്ഠിച്ചിട്ടുണ്ട്. 2023 ജൂലൈ 2-ന് അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ പേരാവൂർ തിരുഹൃദയ മഠത്തിന്റെ സെമിത്തേരിയിൽ മൃതസംസ്ക്കാര ശുശ്രൂഷകൾ നടത്തി. ബഹു. സി. ലിസിയുടെ ആത്മശാന്തിക്കായി നമുക്ക് പ്രാർത്ഥിക്കാം.

**3. റവ. സി. ഡെയ്സി താന്നിക്കൽ DST (75) :** DST സന്യാസിനീ സമൂഹാംഗമായ സി. ഡെയ്സി താന്നിക്കൽ 2023 ജൂലൈ 10-ന് നിര്യാതയായി. പാലാ രൂപതയിലെ പ്ലാശനാൽ ഇടവക താന്നിക്കൽ കുടുംബാംഗമാണ്. തലശ്ശേരി അതിരൂപതയിൽ ചെമ്പേരി ഇടവകയിൽ ബഹു. സി. ഡെയ്സി സേവനം ചെയ്തിട്ടുണ്ട്. മൃതസംസ്ക്കാര ചടങ്ങുകൾ 2023 ജൂലൈ 11-ന് വാഴക്കാല സെന്റ് ജോസഫ് പള്ളി സെമിത്തേരിയിൽ നടന്നു. ബഹു. സി. ഡെയ്സിയുടെ ആത്മശാന്തിക്കായി പ്രാർത്ഥിക്കാം.



**4. റവ. സി. ഷീന പോൾ MSMI (46) :** എം.എസ്.എം.ഐ. സന്യാസിനീ സമൂഹം തലശ്ശേരി സാൻജോസ് പ്രൊവിൻസ് അംഗമായ ബഹു. സി. ഷീന പോൾ കൊച്ചുപൂവത്തുംമൂട്ടിൽ 2023 ജൂലൈ 17ന് പരിയാരം ഏമ്പേറ്റിലുള്ള എം.എസ്.എം.ഐ. കോൺവെന്റിൽ നിര്യാതയായി. ചുള്ളി, ആര്യപറമ്പ, രണ്ടാംകടവ്, എടപ്പുഴ, രയറോം, മേരിഗിരി എന്നീ ഇടവകകളിൽ സി. ഷീന സേവനം അനുഷ്ഠിച്ചിട്ടുണ്ട്. സംഗീത അദ്ധ്യാപികയായിരുന്നു. മൃതസംസ്ക്കാര ശുശ്രൂഷകൾ 2023 ജൂലൈ 18ന് നെല്ലിക്കുറ്റി സീയോൻ ധ്യാനകേന്ദ്രത്തിലെ സെമിത്തേരിയിൽ അഭിവന്ദ്യ മാർ ജോർജ് വലിയമറ്റം പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ നടന്നു. പ്രിയപ്പെട്ട സി. ഷീന പോളിന്റെ ആത്മശാന്തിക്കായി നമുക്ക് പ്രാർത്ഥിക്കാം.



## 8. സ്നേഹസ്മൃതി

1. റവ. ഫാ. ജോസഫ് ടിഷ്യാൻ സി.എം.ഐ. - 02-08-1992
2. റവ. ഫാ. ജോസഫ് മണിയങ്ങാട്ട് - 02-08-2010
3. റവ. ഫാ. ജോസഫ് ഇടക്കര - 03-08-1973

4. റവ. ഫാ. ബർക്കുമാൻസ് സി.എം.ഐ. – 06-08-1958
5. റവ. ഫാ. ജോസഫ് വലിയകണ്ടം – 08-08-2022
6. റവ. ഫാ. ലിയാണ്ടർ തട്ടിൽ സി.എം.ഐ. – 08-08-1993
7. റവ. ഫാ. ജോസഫ് അറക്കപ്പറമ്പിൽ – 09-08-2011
8. റവ. ഫാ. തോമസ് മാമ്പുഴക്കൽ – 13-08-1994
9. റവ. ഫാ. വർക്കി കുന്നപ്പള്ളി – 15-08-2012
10. റവ. ഫാ. ജോൺ കച്ചിറമറ്റം – 18-08-2007
11. റവ. ഫാ. അലക്സ് മണക്കാട്ടുമറ്റം – 19-08-2007
12. റവ. ഫാ. അഗസ്റ്റിൻ തുരുത്തിമറ്റം – 22-08-2005
13. റവ. ഫാ. ജോസഫ് കോഴികോട്ട് – 25-08-2010
14. റവ. ഫാ. ആന്റണി കുര്യാളശ്ശേരി – 26-08-2001
15. റവ. ഫാ. ജോർജ് വട്ടുകളം – 28-08-1970
16. റവ. ഫാ. സഖറിയാസ് തണ്ണിപ്പാറ – 30-08-1984
17. റവ. ഫാ. പീറ്റർ കൂട്ടിയാനി – 31-08-2014

**ഫാ. ജോസഫ് മുട്ടത്തുകുന്നേൽ**
*ചാൻസലർ*

**Prot No. 449/2023**

## വിജ്ഞാപനം
## ഫൊറോന കൗൺസിൽ രൂപീകരണം

നിലവിലുള്ള ഫൊറോന കൗൺസിലുകളുടെ കാലാവധി അവസാനിക്കുകയാണ്. പുതിയ കൗൺസിലുകൾക്ക് രൂപം കൊടുക്കേണ്ട സമയമായി. അടുത്ത മൂന്നു വർഷത്തേക്കുള്ള പാരീഷ് കൗൺസിലുകൾ രൂപംകൊണ്ടു കഴിഞ്ഞു. അവയിൽ നിന്നാണ് പുതിയ ഫൊറോന കൗൺസിലുകൾ രൂപീകരിക്കേണ്ടത്.

ഫൊറോന വികാരി അദ്ധ്യക്ഷനായ ഈ സമിതിയിൽ താഴെ പറയുന്നവരായിരിക്കും അംഗങ്ങൾ.

1. ഫൊറോനയിലെ ഇടവക വികാരിമാരും അസിസ്തേന്തിമാരും
2. ഫൊറോനയിലെ സ്യാസസഭകളുടെ ഓരോ പ്രതിനിധിവീതം
3. മതാധ്യാപക മേഖലാ പ്രസിഡന്റ്
4. സ്കൂളധ്യാപകരുടെ ഒരു പ്രതിനിധി
5. ഫൊറോന സംവിധാനമുള്ള ഭക്തസംഘടനകളുടെ പ്രസിഡന്റ് അല്ലെങ്കിൽ സെക്രട്ടറി (ഇൻഫാം, റ്റി.എസ്.എസ്.എസ് എന്നിവയുടെ പ്രതിനിധി കത്തോലിക്കനായിരിക്കണം.)
6. ഓരോ പാരീഷ് കൗൺസിലിൽനിന്നും തിരഞ്ഞെടുക്കപ്പെടുന്ന താഴെ പറയുന്ന എണ്ണം അംഗങ്ങൾ

| | | | | |
|---|---|---|---|---|
| 200 | കുടുംബങ്ങൾ വരെയുള്ള ഇടവക | | | - 3 പേർ (1 വനിത) |
| 400 | ,, | ,, | ,, | - 5 പേർ (2 വനിത) |
| 700 | ,, | ,, | ,, | - 6 പേർ (2 വനിത) |
| 700 | കുടുംബങ്ങളിൽ കൂടുതലുള്ള ഇടവക | | | - 8 പേർ (3 വനിത) |

7. തിരഞ്ഞെടുക്കപ്പെടുവരിൽ ഒരാൾ ഇടവക കോഡിനേറ്റർ ആയിരിക്കണം.

പുതിയ ഫൊറോന കൗൺസിലിന്റെ ആദ്യയോഗം 2023 ഓഗസ്റ്റ് 15 നു മുമ്പ് വിളിച്ചു ചേർക്കാൻ ബഹു. ഫൊറോന വികാരിയച്ചന്മാർ ശ്രദ്ധിക്കണം. ഫൊറോന കൗൺസിലിന്റെ ആദ്യയോഗത്തിൽ അല്മായ പ്രതിനിധികളിൽനിന്നും ഒരാളെ കൺവീനറായും മറ്റൊരാളെ സെക്രട്ടറിയായും തിരഞ്ഞെടുക്കണം. ഒപ്പം ഓരോ

ഫൊറോന കൗൺസിലിൽ നിന്നും അതിരൂപതാ പാസ്റ്ററൽ കൗൺസിലിലേക്കുള്ള മൂന്ന് അല്മായ പ്രതിനിധികളെ വീതം തെരഞ്ഞെടുക്കണം. ഇവരിൽ ഒരാൾ വനിതയും മറ്റൊരാൾ 35 വയസ്സിൽ കൂടാത്ത യുവാവ്/യുവതിയും ആയിരിക്കണം. അതിരൂപതാ പാസ്റ്ററൽ കൗൺസിലിലേക്ക് തിരഞ്ഞെടുക്കപ്പെടുന്ന മൂന്നുപേരിൽ ഒരാൾ ഫൊറോന കോ-ഓർഡിനേറ്റർ ആയിരിക്കുന്നത് അഭികാമ്യമാണ്.

പുതുതായി തെരഞ്ഞെടുക്കപ്പെടുന്ന ഫൊറോന കൗൺസിൽ അംഗങ്ങളുടെ ലിസ്റ്റും അതിരൂപതാ പാസ്റ്ററൽ കൗൺസിലിലേക്ക് തെരഞ്ഞെടുക്കപ്പെട്ടവരുടെ പേരും അഡ്രസ്സും ഫോൺ നമ്പറും 2023 ഓഗസ്റ്റ് 20 ന് മുമ്പ് അതിരൂപതാ കച്ചേരിയിൽ എത്തിക്കേണ്ടതാണ്.

**മാർ ജോസഫ് പാംപ്ലാനി**
തലശ്ശേരി അതിരൂപതാദ്ധ്യക്ഷൻ

# കാറ്റക്കെറ്റിക്കൽ അപ്പൊസ്റ്റൊലേറ്റ്

"ഈശോ ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും
മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്നു" (ലൂക്കാ 2:52).

**1. മാതാവിന്റെ സ്വർഗ്ഗാരോപണതിരുനാൾ**

പരിശുദ്ധ കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണതിരുനാളിന്റെയും നമ്മുടെ മാതൃഭൂമിയുടെ സ്വാതന്ത്ര്യദിനത്തിന്റെയും മംഗളങ്ങൾ സ്നേഹപൂർവ്വം ഏവർക്കും ആശംസിക്കുന്നു. നമ്മുടെ മാതൃരാജ്യത്തിനുവേണ്ടി പരിശുദ്ധ അമ്മയുടെ മാദ്ധ്യസ്ഥ്യം പ്രാർത്ഥിക്കാം.

**2. ഓഗസ്റ്റ് 4 - വിയാനി ഡേ**

ഇടവക വൈദികരുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥനായ വിശുദ്ധ ജോൺ മരിയ വിയാനിയുടെ തിരുനാൾ ദിവസമായ ഓഗസ്റ്റ് 4-ാം തീയ്യതി വിശ്വാസപരിശീലകരും കുട്ടികളും ബഹു. വികാരിയച്ചനു വേണ്ടി പ്രാർത്ഥിക്കുകയും ആശംസകൾ നേരുകയും ചെയ്യണം. ഓഗസ്റ്റ് 6-ാം തീയതി ഞായറാഴ്ച വി. കുർബാനയ്ക്ക് ശേഷം മീറ്റിംഗ് കൂടി ബഹു. വികാരിയച്ചന് ആശംസകൾ നേരുന്നത് ഉചിതമാണ്.

**3. മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിന്റെ ജന്മദിനം**

തലശ്ശേരി രൂപതയുടെ പ്രഥമ മെത്രാനായിരുന്ന മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിന്റെ ജന്മദിനമാണ് ഓഗസ്റ്റ് 4. സാധിക്കുന്ന എല്ലാവരും അന്നേ ദിവസം വി. കുർബാനയിൽ പങ്കെടുക്കുവാൻ ശ്രദ്ധിക്കുമല്ലോ.

**4. സർവ്വേ ഫോം - 2023-2024**

സർവ്വേഫോമിലെ കുട്ടികളുടെ എണ്ണം അനുസരിച്ചാണ് ചോദ്യപേപ്പർ നല്കുന്നത്. അതിനാൽ 2022-2023 അധ്യയനവർഷത്തെ വിശ്വാസപരിശീലകരുടെയും കുട്ടികളുടെയും വിവരങ്ങൾ രേഖപ്പെടുത്തിയ സർവ്വേ ഫോം ഇനിയും തരാത്തവർ ഓഗസ്റ്റ് 5-നുള്ളിൽ ഓഫീസിൽ എത്തിക്കേണ്ടതാണ്.

### 5. ആമുഖസെമിനാർ... നന്ദി

ജൂലൈ 20 മുതൽ 23 വരെയുള്ള തീയതികളിലായി നടത്തിയ 74-ാമത് ആമുഖസെമിനാറിൽ 56 വിശ്വാസപരിശീലകർ പങ്കെടുത്തു. ആമുഖ സെമിനാർ മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി ഉദ്ഘാടനം ചെയ്തു. റവ. ഡോ. ഫിലിപ്പ് കവി യിൽ മീറ്റിംഗിന് അധ്യക്ഷത വഹിച്ചു. റവ. ഡോ. ജോസഫ് കാക്കരമറ്റത്തിൽ, റവ. ഡോ. ജോസഫ് മുട്ടത്തുകുന്നേൽ, റവ. ഡോ. ടോം ഓലിക്കരോട്ട്, റവ. ഡോ. ജേക്കബ് വെണ്ണായപ്പിള്ളിൽ, റവ. ഡോ. ജോൺസൺ അന്ത്യാംകുളം, റവ. ഫാ. ജോസഫ് വടക്കേപറമ്പിൽ, റവ. ഫാ. ജോബിൻ വലിയപറമ്പിൽ, റവ. ഫാ. സോണി വടശ്ശേരിൽ, റവ. ഫാ. സാബു പുതുശ്ശേരി, ശ്രീ. വിപിൻ മാറാട്ടുകുന്നേൽ, ശ്രീ. ജോബി ജോൺ മൂലയിൽ എന്നിവർ ക്ലാസുകൾക്ക് നേതൃത്വം നൽകി. മോഡൽക്ലാസ്സ് എടുത്ത സി. സീന സേവ്യർ എഫ്.സി.സിയ്ക്കും റിസോഴ്സ് ടീം അംഗങ്ങൾക്കും പങ്കെടുത്ത എല്ലാ വിശ്വാസപരിശീലകർക്കും അവരെ പറഞ്ഞയച്ച ബഹു. വികാരിയച്ചൻമാർക്കും ഹൃദ്യമായ നന്ദി.

### 6. ഓണപരീക്ഷ - സെപ്റ്റംബർ 10

ഓണപരീക്ഷ സെപ്റ്റംബർ 10-ാം തീയതിയാണ്. പരീക്ഷയ്ക്ക് ഒരുങ്ങേണ്ട പാഠങ്ങൾ താഴെ കൊടുക്കുന്നു. പരീക്ഷയുടെ സമയം രാവിലെ 11.30 മുതൽ 1.30 വരെ. **പരീക്ഷയുടെ സമയത്തിൽ മാറ്റം വരുത്താൻ പാടില്ല.** 10-ാം തീയതി ഞായറാഴ്ച്ചത്തെ കുട്ടികൾക്കുവേണ്ടിയുള്ള കുർബാന പരീക്ഷാസമയം അനുസരിച്ച് ക്രമീകരിക്കേണ്ടതാണ്.

| | | |
|---|---|---|
| ക്ലാസ് I, II | പാഠപുസ്തകം<br>ഉപപാഠപുസ്തകം | 1-5 വരെയുള്ള അദ്ധ്യായങ്ങൾ<br>1-4 അദ്ധ്യായങ്ങൾ |
| ക്ലാസ് III | പാഠപുസ്തകം<br>ഉപപാഠപുസ്തകം | 1-5 വരെയുള്ള അദ്ധ്യായങ്ങൾ<br>1-4 അദ്ധ്യായങ്ങൾ |
| ക്ലാസ് IV-VII | പാഠപുസ്തകം<br>ഉപപാഠപുസ്തകം | 1-5 വരെയുള്ള അദ്ധ്യായങ്ങൾ<br>1-2 അദ്ധ്യായങ്ങൾ |
| ക്ലാസ് VIII | പാഠപുസ്തകം<br>ഉപപാഠപുസ്തകം | 1-5 വരെയുള്ള അദ്ധ്യായങ്ങൾ<br>1-5 അദ്ധ്യായങ്ങൾ |
| ക്ലാസ് IX | പാഠപുസ്തകം<br>ഉപപാഠപുസ്തകം | 1-5 വരെയുള്ള അദ്ധ്യായങ്ങൾ<br>1-2 അദ്ധ്യായങ്ങൾ |
| ക്ലാസ് X | പാഠപുസ്തകം<br>ഉപപാഠപുസ്തകം | 1-5 വരെയുള്ള അദ്ധ്യായങ്ങൾ<br>ഭാഗം 1:1 -5 അദ്ധ്യായങ്ങൾ |
| ക്ലാസ് XI | പാഠപുസ്തകം<br>ഉപപാഠപുസ്തകം | 1-4 വരെയുള്ള അദ്ധ്യായങ്ങൾ<br>1-2 അദ്ധ്യായങ്ങൾ |
| ക്ലാസ് XII | പാഠപുസ്തകം<br>ഉപപാഠപുസ്തകം | 1-5 വരെയുള്ള അദ്ധ്യായങ്ങൾ<br>സത്യമറിയാൻ (പേജ് 7-24) |

NB: പരീക്ഷയ്ക്ക് 70 മാർക്കിന്റെ ചോദ്യങ്ങളും 30 മാർക്കിന്റെ ആഭ്യന്തര മൂല്യനിർണ്ണയവുമാണുള്ളത്. കൂടുതൽ വിവരങ്ങൾക്കായി പുതിയ ഹാൻഡ് ബുക്കോ പ്രോഗ്രസ് കാർഡോ കാണുക.

### 7. ജനറൽ ചോദ്യങ്ങൾ

**4 മുതൽ 7 വരെയുള്ള ക്ലാസുകൾക്കും 8 മുതൽ 12 വരെയുള്ള ക്ലാസുകൾക്കും** വ്യത്യസ്ത ജനറൽ ചോദ്യങ്ങളാണ് ഉള്ളത്. ജനറൽ ചോദ്യങ്ങളിൽനിന്ന് 5 മാർക്കിന്റെ ചോദ്യങ്ങൾ പരീക്ഷയ്ക്ക് ചോദിക്കുന്നതായിരിക്കും. ജനറൽ ചോദ്യങ്ങൾ ഓഗസ്റ്റ് 19-ന് പ്രധാധ്യാപകരുടെ വാട്സ്ആപ്പ് ഗ്രൂപ്പുവഴി നൽകുന്നതാണ്. അധ്യാപകർ കുട്ടികൾക്ക് ജനറൽ ചോദ്യങ്ങൾ കൊടുത്ത് അവരെ ഒരുക്കേണ്ടതാണ്.

### 8. മതബോധന മണിക്കൂർ

ഈ പ്രവർത്തനവർഷം മുതൽ കുട്ടികളെ അനുധാവനം ചെയ്യുന്നതിന്റെ ഭാഗമായി മതബോധന മണിക്കൂർ (എല്ലാ ശനിയാഴ്ചയും രാത്രി 8 മണി മുതൽ 9 മണി വരെ) എന്ന പുതിയ സംരംഭം ആരംഭിച്ചുവല്ലോ. കുടുംബമാണല്ലോ പ്രഥമ വിശ്വാസപരിശീലനവേദി. കുട്ടികളും മാതാപിതാക്കളും ഒരുമിച്ച് വിശ്വാസപരിശീലന സംബന്ധമായ കാര്യങ്ങൾ പഠിക്കുകയും ചർച്ച ചെയ്യുകയും ചെയ്യുന്ന സമയമാണ് മതബോധന മണിക്കൂർ. ക്ലാസ് അധ്യാപകരുടെ വാട്സ്ആപ്പ് ഗ്രൂപ്പുവഴി മതബോധന മണിക്കൂറിൽ ചർച്ച ചെയ്യുകയും പഠിക്കുകയും ചെയ്യേണ്ട കാര്യങ്ങൾ നൽകുന്നതാണ്. വിശ്വാസപരിശീലകർ അവ കുട്ടികൾക്ക് നൽകണം. മതബോധന മണിക്കൂറിൽ പഠിക്കാനും ചർച്ച ചെയ്യാനും കൊടുത്ത കാര്യങ്ങൾ കുടുംബങ്ങളിൽ ചെയ്തിട്ടുണ്ടെന്ന് വിശ്വാസപരിശീലകർ ഉറപ്പുവരുത്തേണ്ടതാണ്.

### 9. ഫുൾഡേ ക്ലാസ്

വാർഷിക കലണ്ടറിൽ നല്കിയിരിക്കുന്നപ്രകാരം മാസത്തിലെ അവസാന ഞായറാഴ്ച്ച എല്ലാ സൺഡേസ്കൂളുകളിലും ഫുൾഡേ ക്ലാസ് നടത്തുമല്ലോ. ഗ്രൂപ്പുകളുടെ കലാപരിപാടികൾ, സംഘടനാപ്രവർത്തനങ്ങൾ, സെമിനാറുകൾ, ആരാധന, കുമ്പസാരം മുതലായവയ്ക്ക് ഉച്ചകഴിഞ്ഞുള്ള സമയം പ്രയോജനപ്പെടുത്താവുന്നതാണ്.

### 10. എയ്ഞ്ചൽസ് നേഴ്സറി

സീറോമലബാർ കാറ്റക്കെറ്റിക്കൽ കമ്മീഷന്റെ നിർദ്ദേശമനുസരിച്ച് തലശ്ശേരി അതിരൂപതയിൽ ഇതിനോടകം വളരെയധികം സൺഡേ സ്കൂളുകളിൽ ഒന്നാം ക്ലാസിന് മുമ്പുള്ള കുട്ടികൾക്കായുള്ള എയ്ഞ്ചൽസ് നേഴ്സറി ആരംഭിച്ചു. ഈ വർഷവും സാധിക്കുന്നത്ര സൺഡേ സ്കൂളുകളിൽ എയ് ഞ്ചൽസ് നേഴ്സറി ആരംഭിക്കേണ്ടതാണ്. പുസ്തകം ഓഫീസിൽ ലഭ്യമാണ്.

## 11. ഡിപ്ലോമ സർട്ടിഫിക്കറ്റുകൾ

2022-2023 പ്രവർത്തനവർഷത്തിൽ നടന്ന ഡിപ്ലോമ പരീക്ഷയുടെ സർട്ടിഫിക്കറ്റുകൾ ഹെഡ്മാസ്റ്റേഴ്സ് കോൺഫറൻസിൽവച്ച് വിതരണം ചെയ്തിരുന്നു. ഇനിയും സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യാത്തവർ എത്രയും പെട്ടന്നുതന്നെ കുട്ടികൾക്ക് നല്കേണ്ടതാണ്. സർട്ടിഫിക്കറ്റ് സംബന്ധമായ എന്തെങ്കിലും തിരുത്തലുകൾ ഉണ്ടെങ്കിൽ ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.

## 12. അസൈൻമെന്റ് ക്ലാസ് XII

പന്ത്രണ്ടാം ക്ലാസിലെ കുട്ടികളുടെ ഈ അധ്യയനവർഷത്തെ അസൈൻമെന്റിന്റെ വിഷയം **'മാധ്യമങ്ങളുടെ നന്മയും അവ ഉയർത്തുന്ന വെല്ലുവിളികളും'** എന്നതാണ്. കുട്ടികളെ വിഷയം നേരത്തേ അറിയിച്ച് അസൈൻമെന്റ് എഴുതാനുള്ള ക്രമീകരണങ്ങൾ അവർക്കു ചെയ്തുകൊടുക്കുമല്ലോ. അസൈൻമെന്റ് ഓഫീസിൽ എത്തിക്കേണ്ട അവസാന തീയതി **നവംബർ 30 ആണ്.** ഇക്കാര്യം കുട്ടികളെ നേരത്തെ അറിയിച്ച് അസൈൻമെന്റ് എഴുതാൻ അവരെ ഒരുക്കേണ്ടതാണ്. ആമുഖം, ഉള്ളടക്കം, ഉപസംഹാരം, റഫറൻസ് ഗ്രന്ഥങ്ങൾ എന്നിവ അസൈൻമെന്റിന് ഉണ്ടായിരിക്കണം. കുറഞ്ഞത് പത്തുപേജെങ്കിലും അസൈൻമെന്റിന് ഉണ്ടായിരിക്കണം. കുട്ടിയുടെ മാമ്മോദീസാപേരും ബ്രായ്ക്കറ്റിൽ വിളിപ്പേരും വീട്ടുപേരും ഇടവകയും അസൈൻമെന്റിൽ എഴുതിയിരിക്കണം. താഴെ കൊടുത്തിരിക്കുന്ന മൂന്ന് അധ്യായങ്ങളെ ആസ്പദമാക്കിയാണ് വിഷയാവതരണം നടത്തേണ്ടത്.

**വിഷയം: "മാധ്യമങ്ങളുടെ നന്മയും അവ ഉയർത്തുന്ന വെല്ലുവിളികളും"**

അധ്യായം1 : മാധ്യമങ്ങളും അവയുടെ നന്മയും

2 : മാധ്യമങ്ങൾ ഉയർത്തുന്ന വെല്ലുവിളികൾ

3 : മാധ്യമങ്ങളെ എങ്ങനെ സമൂഹ നന്മയ്ക്കായി വിനിയോഗിക്കാം

അസൈൻമെന്റ് എഴുതാൻ സഹായകമായ ആധാരഗ്രന്ഥങ്ങൾ താഴെകൊടുക്കുന്നു.

1. രണ്ടാം വത്തിക്കാൻ കൗൺസിൽ, സാമൂഹ്യസമ്പർക്ക മാധ്യമങ്ങളെക്കുറിച്ചുള്ള ഡിക്രി
2. ഡോ. ഫ്രാൻസിസ് കാരയ്ക്കാട്ട് SDB, മീഡിയ ഗൈഡ്
3. ഡോ. ഫ്രാൻസിസ് കാരയ്ക്കാട്ട് SDB, മാധ്യമം തലമുറയുടെ മാർഗദർശി
4. ഡോ. ഫ്രാൻസിസ് കാരയ്ക്കാട്ട് SDB, മാധ്യമങ്ങൾ ചെയ്യുന്നതും നാം ചെയ്യേണ്ടതും
5. ഡോ. ഫ്രാൻസിസ് കാരയ്ക്കാട്ട് SDB, മാധ്യമങ്ങളുടെ അധിനിവേശം

## 13. ഏകദിന സെമിനാർ

അതിരൂപതാ മതബോധനകമ്മിറ്റിയുടെ നിർദ്ദേശപ്രകാരം ഏകദിന സെമിനാർ എല്ലാ ഫൊറോനകളിലും നടത്തേണ്ടതാണ്. രാവിലെ 9.30 മുതൽ

വൈകുന്നേരം 4 മണിവരെയായിരിക്കും ഏകദിന സെമിനാറിന്റെ സമയം. സെമിനാർ നയിക്കേണ്ട ടീമിനെ അതിരൂപത വിശ്വാസപരിശീലനകേന്ദ്രം നൽകുന്നതാണ്. സെമിനാറിൽ ഫൊറോനയിലെ മുഴുവൻ വിശ്വാസപരിശീല കരും നിർബന്ധമായും പങ്കെടുക്കേണ്ടതാണ്.

## 14. അതിരൂപതാ വിസിറ്റേഴ്സ് സന്ദർശനം

2023-2024 അധ്യയനവർഷത്തെ സൺഡേസ്കൂൾ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനുവേണ്ടിയുള്ള അതിരൂപതാ വിസിറ്റേഴ്സിന്റെ സന്ദർ ശനം ആഗസ്റ്റ് മാസത്തിൽ ആരംഭിക്കുന്നതാണ്. വിസിറ്റർ വരുന്ന വിവരം തലേ ഞായറാഴ്ച്ച കുട്ടികളെ അറിയിക്കുകയും വി. കുർബ്ബാന കഴിഞ്ഞുള്ള പൊതുകൂട്ടായ്മയിലും സ്റ്റാഫ് മീറ്റിംഗിലും വിസിറ്ററിനു സ്വാഗതം പറയേ ണ്ടതും കുട്ടികളെ പൊതുവായി കാണുന്നതിനുള്ള അവസരം ക്രമീകരി ക്കേണ്ടതുമാണ്. **സ്റ്റാഫ് മീറ്റിംഗിൽ മുഴുവൻ അധ്യാപകരുടെയും സാന്നിധ്യം ഉണ്ടായിരിക്കണം. അവരുടെ യാത്രയ്ക്കാവശ്യമായ റ്റി.എ. സൺഡേ സ്കൂളിൽ നിന്നും കൊടുക്കേണ്ടതാണ്**. ബഹു. ഹെഡ്മാസ്റ്റർ മാർ ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കുമല്ലോ. അതിരൂപത വിസിറ്റേഴ്സിന്റെ പേരു വിവരങ്ങൾ താഴെചേർക്കുന്നു.

| | |
|---|---|
| ആലക്കോട് | ടോമി എടാട്ടേൽ |
| ചെമ്പന്തൊട്ടി | സോയ് ജോസഫ് പുറവക്കാട്ട് |
| ചെമ്പേരി | അവിരാച്ചൻ കിഴക്കേതലയ്ക്കൽ |
| ചെറുപുഴ | ജോണി കൈപ്പള്ളിപ്പാറയിൽ |
| എടൂർ | തോമസ് ആലപ്പാട്ട് |
| കാഞ്ഞങ്ങാട് | ജോർജുകുട്ടി ജോസഫ് പേണ്ടാനത്ത് |
| കാസർഗോഡ് | പ്രിൻസ് വട്ടുകുളം |
| കുന്നോത്ത് | ജോബി അബ്രാഹം പനച്ചിക്കക്കരോട്ട് |
| മാലോം | ജോണി പൂവത്തിങ്കൽ |
| മണിക്കടവ് | ജോസ് പുഷ്പക്കുന്നേൽ |
| മേരിഗിരി | ആനിച്ചൻ കുളങ്ങരമുറിയിൽ |
| നെല്ലിക്കാംപൊയിൽ | സണ്ണി മുണ്ടോളിക്കൽ |
| പൈസക്കരി | സിബിച്ചൻ പള്ളിച്ചിറ |
| പനത്തടി | റെജി ലോറൻസ് ആലുക്കൽ |
| പേരാവൂർ | ജോസഫ് മാടപ്പള്ളിക്കുന്നേൽ |
| തളിപ്പറമ്പ് | തോമസ് കുരിശുംമൂട്ടിൽ |
| തോമാപുരം | സജിമോൻ കൊല്ലകൊമ്പിൽ |
| വായാട്ടുപറമ്പ് | മാത്യു കാടൻകാവിൽ |
| വെള്ളരിക്കുണ്ട് | ജോയി ആനിക്കാട്ടുവയലിൽ |

**15. ഓഫീസ്, റിക്കാർഡുകൾ**

എല്ലാ സൺഡേസ്കൂളുകളിലെയും ഓഫീസും റിക്കാർഡുകളും ഈ അധ്യയന വർഷം പുനഃക്രമീകരിക്കാൻ പ്രത്യേകം ശ്രദ്ധിക്കുമല്ലോ. ഓഫീസ്, റിക്കാർഡുകൾ, ഫയലുകൾ തുടങ്ങിയവ ഹെഡ്മാസ്റ്ററിന്റെയും സെക്രട്ടറിയുടേയും നേതൃത്വത്തിൽ ക്രമമാക്കേണ്ടതും ചിട്ടയായി സൂക്ഷിക്കേണ്ടതുമാണ്. ഓഫീസിൽ ലെറ്റർപാഡും സീലും ഉണ്ടായിരിക്കേണ്ടതാണ്.

**16. ആസ്പെക്ട് 2023-2024**

2023-2024 വിശ്വാസപരിശീലനവർഷത്തിൽ അധ്യാപകരുടെ തുടർപരിശീലനത്തിനായി ഉപയോഗിക്കുന്നത് സീറോമലബാർ മതബോധന കമ്മീഷൻ പ്രസിദ്ധീകരിച്ചിരിക്കുന്ന **"സീറോമലബാർസഭയുടെ ആരാധനക്രമവിശ്വാസപരിശീലനം"** എന്ന പുസ്തകമാണ്. 282 പേജുകളുള്ള ഈ പുസ്തകത്തിന് 110 രൂപയാണ് വിലയായി നല്കേണ്ടത്. എല്ലാ വിശ്വാസപരിശീലകരും ഈ പുസ്തകത്തിന്റെ ഒരു കോപ്പി നിർബന്ധമായും വാങ്ങേണ്ടതും പഠനം ആരംഭിക്കേണ്ടതുമാണ്. ഓഗസ്റ്റ് മാസം പുസ്തകങ്ങൾ പ്രാധാനാധ്യാപകർക്ക് വിതരണം ചെയ്യുന്നതാണ്.

**17. ദൈവശാസ്ത്രകോഴ്സ്**

ശാസ്ത്ര സാങ്കേതിക വളർച്ചയുടെ ഈ കാലഘട്ടത്തിൽ കുട്ടികൾക്ക് വിശ്വാസത്തിന്റെ ദൈവശാസ്ത്രപരവും ചരിത്രപരവുമായ അറിവ് പകർന്നു കൊടുക്കുവാൻ മതാധ്യാപകരെ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ചതാണ് *Lumen Ecclesiae* ദൈവശാസ്ത്രകോഴ്സ്. 2023-24 അധ്യയനവർഷത്തിൽ 60 വയസ്സിൽ താഴെയുള്ള എല്ലാ വിശ്വാസപരിശീലകരെയും ദൈവശാസ്ത്ര പഠനത്തിനായി അയയ്ക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുമല്ലോ. ഇടയ്ക്ക് വച്ച് മുടങ്ങിപ്പോയവരും നിർബന്ധമായും BTh കോഴ്സ് പൂർത്തിയാക്കേണ്ടതാണ്. രജിസ്ട്രേഷൻ ഫോം വെബ്സൈറ്റിൽ (alphathalassery.org) ലഭ്യമാണ്.

**18. മതബോധന കൗൺസിൽ /പി.ടി.എ.**

സൺഡേ സ്കൂളിന്റെ പ്രവർത്തനങ്ങൾ സജീവമാക്കേണ്ടതിന് കുട്ടികളുടെ രക്ഷിതാക്കളെ വിളിച്ചുകൂട്ടി അവർക്ക് ക്ലാസ് കൊടുക്കേണ്ടതും എല്ലാ ഇടവകകളിലും മതബോധന കൗൺസിൽ രൂപീകരിക്കേണ്ടതുമാണ്.

**19. ഗിരിദീപം**

തലശ്ശേരി അതിരൂപതയുടെ മുഖപത്രമായ 'ഗിരിദീപം' എല്ലാ പ്രധാനാധ്യാപകർക്കും അയയ്ക്കുന്നുണ്ട്. അഡ്രസ്സ് മാറ്റേണ്ടവരും ഗിരിദീപം ലഭിക്കാത്തവരും ഓഫീസിൽ അറിയിക്കേണ്ടതാണ്. എല്ലാ മാസത്തെയും ആദ്യത്തെ ഞായറാഴ്ചത്തെ സ്റ്റാഫ് മീറ്റിംഗിൽ വിശ്വാസ പരിശീലനത്തെ സംബന്ധിച്ച്

ഗിരിദീപത്തിൽ പറഞ്ഞിട്ടുള്ള വിഷയങ്ങൾ പ്രധാനാധ്യാപകൻ സ്റ്റാഫംഗങ്ങളെ അറിയിക്കുകയും ചർച്ചചെയ്യുകയും ചെയ്യേണ്ടതാണ്.

**20. ഫൊറോന കമ്മിറ്റി**

ബഹു. ഫൊറോന ഡയറക്ടറച്ചൻ അദ്ധ്യക്ഷനായുള്ള ഫൊറോന കമ്മിറ്റിയാണ് ഫൊറോനയിലെ എല്ലാ പ്രവർത്തനങ്ങൾക്കും നേതൃത്വം കൊടുക്കുന്നത്. അതിരൂപതാ വിസിറ്ററും ഫൊറോന കമ്മിറ്റിയിലെ അംഗമാണ്. ഫൊറോന ഭാരവാഹികളുടെ കാലാവധി മൂന്നു വർഷമാണ്. ഇനിയും ഫൊറോനകമ്മിറ്റി കൂടാത്തവർ എത്രയും പെട്ടന്നുതന്നെ ഫൊറോനകമ്മിറ്റി കൂടുകയും പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തിട്ടുണ്ടെങ്കിൽ അവരുടെ ലിസ്റ്റും ഫൊറോനാ വിസിറ്ററുടെ പേരും ഓഫീസിലേക്ക് അയച്ചുതരേണ്ടതാണ്.

**21. ഓഫീസിൽ അടയ്ക്കേണ്ട തുകകൾ**

2023–2024 പ്രവർത്തന വർഷത്തിൽ ഓഫീസിൽ അടയ്ക്കേണ്ട വിവിധ തുകകൾ (സ്റ്റുഡന്റ്സ് ഫണ്ട്, ചോദ്യപേപ്പർ, പാഠപുസ്തകങ്ങൾ, ഉപപാഠപുസ്തകങ്ങൾ) ശേഖരിച്ച് ബാങ്ക് വഴി അടയ്ക്കണമെന്ന് ഓർമിപ്പിക്കുന്നു. താഴെ കൊടുത്തിരിക്കുന്ന അക്കൗണ്ടിലേയ്ക്കാണ് തുക ട്രാൻസ്ഫർ ചെയ്യേണ്ടത്. തുക ട്രാൻസ്ഫർ ചെയ്യുന്നവർ ഡയറക്ടറച്ചനെ ഫോൺ വഴി അറിയിക്കുകയോ വാട്സ്ആപ്പ് നമ്പറിലേക്ക് സന്ദേശം നൽകുകയോ ചെയ്യണം.

A/c Holder : Department of Catechesis
A/c No : 0078053000073503
IFSC : SIBL 0000078
Bank : South Indian Bank, Thalassery

**22. ഡയറക്ടറച്ചൻമാരുടെ സന്ദർശനം**

ഡയറക്ടറച്ചൻ ഭീമനടി, രാജഗിരി, തിരൂർ, തേർമല, കണ്ണിവയൽ, ഉദയഗിരി എന്നീ സൺഡേസ്കൂളുകളിലും അസി. ഡയറക്ടറച്ചൻ കള്ളാർ, കനീലടുക്കം, അടോട്ടുകയ, നടുവിൽ, തയ്യേനി, കരുവൻചാൽ എന്നീ സൺഡേസ്കൂളുകളിലും സന്ദർശനം നടത്തി.

**ഫാ. ജേക്കബ് വെണ്ണായപ്പിള്ളിൽ**
*ഡയറക്ടർ*

# ബൈബിൾ അപ്പൊസ്റ്റൊലേറ്റ്

## ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട്

**1. മതാധ്യാപകർക്കുള്ള തിയോളജി പഠന പുസ്തകങ്ങളുടെ വിതരണം**

തിയോളജി കോഴ്സിന്റെ ഈ സെമസ്റ്ററിലെ പാഠപുസ്തകങ്ങൾ അതാത് ഫൊറോനാ കേന്ദ്രങ്ങളിൽ എത്തിച്ചിട്ടുണ്ട്. ഓരോ ഇടവകയിലെയും പ്രധാനാധ്യാപകർ പുസ്തകങ്ങൾ കൈപ്പറ്റുകയും വിദ്യാർത്ഥികൾക്ക് നൽകുകയും ചെയ്യുമല്ലോ.

**2. ആഗസ്റ്റ് മാസത്തിലെ ക്ലാസ്സുകൾ**

**BTh**

01 സഭയുടെ സാമൂഹിക ദർശനങ്ങൾ - *ആഗസ്റ്റ് 6 (മലയാളം)*

02 വി. ലൂക്കായുടെ സുവിശേഷം - *ആഗസ്റ്റ് 13 (ഇംഗ്ലീഷ്)*

03 വി. ലൂക്കായുടെ സുവിശേഷം - *ആഗസ്റ്റ് 19 (മലയാളം)*

04 തിരുസഭാ ചരിത്രം - *ആഗസ്റ്റ് 27 (ഇംഗ്ലീഷ്)*

**MTh**

01 പഴയനിയമ ദൈവശാസ്ത്രം - *ആഗസ്റ്റ് 3 (ഇംഗ്ലീഷ്)*

02 മെമ്മറീസ് ഓഫ് ദ ബിലവഡ് ഡിസൈപ്പിൾ - *ആഗസ്റ്റ് 8 (മലയാളം)*

03 ദൈവശാസ്ത്ര രഹസ്യങ്ങൾ ശാസ്ത്രദൃഷ്ടിയിൽ - *ആഗസ്റ്റ് 23 (ഇംഗ്ലീഷ്)*

**3. ബിരുദദാന ചടങ്ങ് ഡിസംബർ 16-ശനിയാഴ്ച**

ഈ വർഷം ബിരുദ-ബിരുദാനന്തര കോഴ്സുകൾ പൂർത്തിയാക്കിയ വിദ്യാർത്ഥികളുടെ ബിരുദദാന ചടങ്ങ് ഡിസംബർ 16 ന് നടത്തപ്പെടുന്നതാണ്. വിശദവിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

**4. ലോഗോസ് പഠന സഹായി**

ലോഗോസ് ക്വിസിന് നൽകിയിരിക്കുന്ന പഠനഭാഗങ്ങളിൽ നിന്നും തിരഞ്ഞെടുത്ത 3000 ത്തിലധികം വരുന്ന ചോദ്യോത്തരങ്ങളുടെ സമാഹരണമായ പഠനസഹായി ബൈബിൾ അപ്പൊസ്റ്റൊലേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ആവശ്യമുള്ളവർക്ക് 80 രൂപ പ്രകാരം ലഭ്യമാണ്. ബൈബിൾ അപ്പൊസ്റ്റൊലേറ്റിന്റെ ഓഫീസിൽ വിളിച്ച് കോപ്പികൾ ആവശ്യപ്പെടാവുന്നതാണ്.

**5. ലോഗോസ് ബൈബിൾ ക്വിസ് - 2023**

കെ.സി.ബി.സി ബൈബിൾ കമ്മീഷന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന 23-ാമത് ലോഗോസ് ബൈബിൾ ക്വിസിന്റെ പഠനഭാഗങ്ങളും തീയതിയും ശ്രദ്ധിക്കുമല്ലോ.

| **പഠനഭാഗങ്ങൾ** | |
|---|---|
| **ജോഷ്വ 13-24** | **പ്രഭാഷകൻ 27-33** |
| **വി. ലൂക്കാ 1-8** | **2 കൊറി 1-6** |

| **പരീക്ഷാതീയതികൾ** | |
|---|---|
| രൂപതാതലം | : 2023 സെപ്റ്റം. 24, 2.00 pm -3.30 pm |
| സംസ്ഥാനതലം | : 2023 നവംബർ 5 |
| മെഗാ ഫൈനൽ | : 2023 നവംബർ 18-19 |
| രജിസ്ട്രേഷൻ | : **2023 ജൂൺ 1 മുതൽ ജൂലൈ 31 വരെ** |

**രജിസ്ട്രേഷനിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ**

ലോഗോസ് രജിസ്ട്രേഷൻ ഫീസ് ഒരാൾക്ക് 10 രൂപയാണ്. അതിൽ ഒരു രൂപ ഇടവകയിലെ രജിസ്ട്രേഷൻ ചെലവിലേക്കെടുത്ത്, ബാക്കി 9 രൂപ ബൈബിൾ അപ്പൊസ്റ്റൊലേറ്റിൽ അടയ്ക്കേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് ആൽഫാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ അക്കൗണ്ടിലേക്ക് ഓൺലൈനായിട്ടോ അഥവാ ഓഫീസിൽ നേരിട്ടോ അടയ്ക്കാവുന്നതാണ്. ലോഗോസ് ബൈബിൾ ക്വിസിൽ നമ്മുടെ അതിരൂപത മികച്ച പങ്കാളിത്തം പതിവായി നടത്താറുണ്ട്. ഈ വർഷവും ആ പതിവ് ആവർത്തിക്കണം. എല്ലാ ഇടവകകളിലും പരമാവധി ആളുകളെ പരീക്ഷയ്ക്കായി ഒരുക്കുകയും പങ്കെടുപ്പിക്കുകയും ചെയ്യാൻ ബഹു.വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ.

ജൂൺ 1 മുതൽ ജൂലായ് 31 വരെ രജിസ്ട്രേഷന് സമയപരിധിയുണ്ട്. ഓൺലൈൻ ആയി രജിസ്ട്രേഷൻ നടത്താവുന്നതാണ്. ഇടവകാതലത്തിൽ പങ്കെടുക്കുന്നവരുടെ ലിസ്റ്റ് തയ്യാറാക്കി ഒരുമിച്ച് രജിസ്റ്റർ ചെയ്യാൻ ശ്രദ്ധിക്കുക. ഓരോ ഇടവകയ്ക്കുമുള്ള username, password എന്നിവ ബൈബിൾ അപ്പൊസ്റ്റൊലേറ്റിന്റെ ഓഫീസിൽ നിന്നും ലഭിക്കുന്നതാണ്. ഇവ രണ്ടും ഉപയോഗിച്ച് രജിസ്ട്രേഷൻ നടത്തേണ്ടതാണ്. ഓഫീസുമായി ബന്ധപ്പെടേണ്ട നമ്പർ: 8086312826, ഓഫീസ് സമയം - തിങ്കൾ - ശനി 9.30-5.00

**9. അഖില കേരള ബൈബിൾ കലോത്സവം**

കെ.സി.ബി.സി ബൈബിൾ കമ്മീഷന്റെ ആഭിമുഖ്യത്തിൽ 2023 ഡിസംബർ 29,30 തീയതികളിൽ എറണാകുളം, തേവര സേക്രട്ട് ഹാർട്ട് കോളേജിൽ വച്ച് നടത്തപ്പെടുന്നു.

**1). രചന മത്സരങ്ങൾ**

1. മത്സരത്തിന് അയയ്ക്കുന്ന കൃതികൾ സ്വന്തവും സ്വതന്ത്രവുമായിരിക്കണം. അനുകരണമോ വിവർത്തനമോ മുൻപ് പ്രസിദ്ധീകരിച്ചിട്ടുള്ളതോ പ്രസിദ്ധീകരണത്തിന് എവിടെയെങ്കിലും ഏൽപ്പിച്ചിട്ടുള്ളതോ ആയിരിക്കരുത്.
2. രചനകളിൽ പേരോ വിലാസമോ എഴുതരുത്. **പേരും വിലാസവും രൂപതയുടെ പേരും മറ്റൊരു കടലാസിൽ എഴുതി പിൻ ചെയ്തിരിക്കണം.**
3. കടലാസിന്റെ ഒരു വശത്ത് മാത്രമേ എഴുതാവൂ. ചെറുകഥ 6 പേജുകളിലും (പ്രിന്റ് 3 പേജ്) ലേഖനം 10 പേജുകളിലും (പ്രിന്റ് 6 പേജ്) കവിത 60 വരികളിലും കവിയരുത്. ഏകാങ്കനാടകം 30 മിനിറ്റുകൊണ്ട് അവതരിപ്പിക്കുന്നതായിരിക്കണം.
4. രചനകൾ അയയ്ക്കുന്ന കവറിൽ അഖിലകേരള ബൈബിൾ കലോത്സവം 2023 എന്ന് എഴുതിയിരിക്കണം.
5. **മത്സരത്തിനയയ്ക്കുന്ന കൃതികൾ തിരിച്ചു നൽകുന്നതല്ല. കോപ്പികൾ ആവശ്യമുള്ളവർ മത്സരത്തിനയയ്ക്കുന്നതിനു മുൻപ് വേറെ കോപ്പി കരുതേണ്ടതാണ്.**
6. രചനകൾ 50 രൂപ രജിസ്ട്രേഷൻ ഫീസിനൊപ്പം സെക്രട്ടറി, ബൈബിൾ കമ്മീഷൻ, പി.ഒ.സി, പി.ബി നമ്പർ 2251, കൊച്ചി-682025 എന്ന വിലാസത്തിൽ 2023 നവംബർ 16 നു മുൻപ് ലഭിക്കത്തക്കവിധത്തിൽ അയയ്ക്കേണ്ടതാണ്. **ഈ തീയതിക്ക് ശേഷം ലഭിക്കുന്ന കൃതികൾ സ്വീകരിക്കുന്നതല്ല.**
7. സമ്മാനർഹമാകുന്ന കൃതികൾ ആദ്യം പ്രസിദ്ധീകരിക്കുവാനുള്ള അവകാശം കെ.സി.ബി.സി ബൈബിൾ കമ്മീഷനായിരിക്കും.
8. വിദഗ്ധരുടെ ഒരു സമിതിയായിരിക്കും രചനകൾ പരിശോധിക്കുന്നതും വിജയികളെ നിശ്ചയിക്കുന്നതും. സമിതിയുടെ തീരുമാനം അന്തിമമായിരിക്കും.
9. ലേഖന മത്സരം മൂന്നു ഗ്രൂപ്പുകൾക്കായിട്ടാണ് നടത്തപ്പെടുക.

   ഗ്രൂപ്പ് നമ്പർ 1 : അല്മായർ

   വിഷയം : **സിനഡാലിറ്റിയും സഭാനവീകരണവും**

ഗ്രൂപ്പ് നമ്പർ 2 : സെമിനാരി വിദ്യാർത്ഥികൾ
വിഷയം : **സിനഡാത്മകതയും സഭാജീവിതവും**

ഗ്രൂപ്പ് നമ്പർ 3 : സന്യാസിനികൾ
വിഷയം : **സിനഡാത്മകത ബൈബിളിൽ**

10. അവതരണ മത്സരങ്ങളോടൊപ്പമായിരിക്കും പെയിന്റിംഗ് മത്സരവും നടത്തുന്നത്. മത്സരസമയത്ത് ബൈബിളിൽ നിന്നും നല്കുന്ന വിഷയത്തിനനുസരിച്ചായിരിക്കണം പെയിന്റിംഗ് നടത്തേണ്ടത്. അതിനാവശ്യമായ എല്ലാ ഉപകരണങ്ങളും പങ്കെടുക്കുന്നവർ കൊണ്ടുവരേണ്ടതാണ്. പേപ്പർ സംഘാടകർ നൽകുന്നതാണ്. മത്സരത്തിന് വാട്ടർ കളറാണ് ഉപയോഗിക്കേണ്ടത്. മത്സരത്തിന്റെ സമയം 2 മണിക്കൂർ ആയിരിക്കും.

**2) കലാ മത്സരങ്ങൾ**

അഖില കേരള ബൈബിൾ കലോത്സവത്തിന് ഒരുക്കമായുള്ള കലാമത്സരങ്ങൾ ഒക്ടോബർ 22,23 തീയതികളിൽ തലശ്ശേരി അതിരൂപത കലോത്സവത്തോടനുബന്ധിച്ച് നടത്തപ്പെടുന്നു. ബൈബിൾ ഏകാങ്ക നാടക മത്സരം, സംഘനൃത്തം എന്നിവയാണ് മത്സര ഇനങ്ങൾ. മത്സരങ്ങളുടെ അവതരണം തികച്ചും വി. ഗ്രന്ഥാധിഷ്ഠിതമായിരിക്കണം. വിശദവിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

**നിബന്ധനകൾ**

**I. ബൈബിൾ നാടകം**

1. അവതരണ സമയം 20 മിനിറ്റിൽ കുറയാനും 30 മിനിറ്റിൽ കവിയാനും പാടില്ല. ഒരു നാടകം അവസാനിച്ച് 5 മിനിറ്റ് കഴിഞ്ഞ് സ്റ്റേജ് സജ്ജീകരണത്തിന് 10 മിനിറ്റ് സമയം ലഭിക്കുന്നതാണ്. നാടകം കഴിഞ്ഞ് 5 മിനിറ്റിനുള്ളിൽ സ്റ്റേജ് സ്വതന്ത്രമാക്കി കൊടുക്കേണ്ടതാണ്. സ്റ്റേജ് സജ്ജീകരണത്തിനുള്ള സമയത്തിന് ശേഷമേ നാടകം ആരംഭിക്കാവൂ.
2. സ്റ്റേജിൽ ബാക്ക് കർട്ടൻ, ഫ്രണ്ട് കർട്ടൻ, രണ്ട് ഫുട്ട് ലൈറ്റ്, മൈക്ക് എന്നിവ ലഭിക്കുന്നതാണ്.
3. വിലയിരുത്തൽ– ഇതിവൃത്തം (25), അവതരണം (25), സംവേദനം (25), അഭിനയം (25).

**II. സംഘനൃത്തം**

1) ക്രിസ്ത്യൻ തീം ആയിരിക്കണം
2) 7 പേരടങ്ങുന്ന ടീമായിരിക്കണം
3) താളം
4) ചടുലമായ ചുവടുകൾ
5) ആകർഷകമായ വേഷം

**ഫാ. ഫിലിപ്പ് കവിയിൽ**
*പ്രസിഡന്റ്, ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട്*

**ഫാ. ടോം ഓലിക്കരോട്ട്**
*ഡയറക്ടർ, ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട്,*
*ബൈബിൾ അപ്പൊസ്റ്റൊലേറ്റ്*

# ചിൽഡ്രൻ അപ്പൊസ്റ്റൊലേറ്റ്
## ചെറുപുഷ്പ മിഷൻലീഗ്

സ്നേഹ ബഹു. അച്ചന്മാരെ, സിസ്റ്റേഴ്സ്, പ്രിയ മിഷനറിമാരെ,

പരിശുദ്ധ അമ്മയുടെ സ്വർഗ്ഗാരോപണത്തിരുനാളിന്റെയും ഭാരതത്തിന്റെ സ്വാതന്ത്ര്യദിനത്തിന്റെയും മംഗളങ്ങൾ സ്നേഹപൂർവ്വം ആശംസിക്കുന്നു. അടിമത്വത്തിൽനിന്നും സ്വാതന്ത്ര്യത്തിന്റെ വിഹായുസ്സിലേക്ക് പറന്നുയരുവാൻ നമ്മെ സഹായിച്ച നല്ല വ്യക്തിത്വങ്ങളെ സ്വാതന്ത്ര്യദിനത്തിൽ നന്ദിയോടെ ഓർക്കാം... അവർക്കായി പ്രാർത്ഥിക്കാം. വേദനിക്കുന്നവർക്ക് ആശ്വാസമായി, വഴിതെറ്റിപ്പോയവന് ഇടയനായി പ്രവർത്തിച്ച വി. ജോൺമരിയ വിയാനിയുടെ ജീവിത മാതൃക നമുക്ക് മാർഗ്ഗദീപമാകട്ടെയെന്ന് പ്രാർത്ഥിക്കുന്നു. എല്ലാ വൈദികർക്കും തിരുനാൾ മംഗളങ്ങൾ സ്നേഹപൂർവ്വം ആശംസിക്കുന്നു.

അനുസ്മരിക്കുന്ന തിരുനാൾ : സ്വർഗ്ഗാരോപണ തിരുനാൾ
അനുസ്മരിക്കുന്ന വിശുദ്ധൻ : വി. ജോൺ മരിയ വിയാനി
പ്രാർത്ഥനാനിയോഗം : ചെറുപുഷ്പമിഷൻലീഗ് ദേശീയ സമിതിയുടെ നിയോഗങ്ങൾക്കുവേണ്ടി
സുകൃതജപം : വി. തോമാശ്ലീഹായേ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമേ.
സുകൃതം : 75 സ്വർഗ്ഗസ്ഥനായ പിതാവേ (ദേശീയ സമിതിയുടെ നിയോഗങ്ങൾക്കുവേണ്ടി)
വചനാമൃതം : വി. ലൂക്കാ 4,5 അദ്ധ്യായങ്ങൾ

**1. ശാഖകൾ ശ്രദ്ധിക്കാൻ**

1 ചൊവ്വ : പതിനഞ്ച് നോമ്പ് ആരംഭം

3 വ്യാഴം : ശ്രീ ജെയ്സൺ മർക്കോസ് അഞ്ചാം ചരമവാർഷികം, അനുസ്മരണം

4 വെള്ളി : വി. ജോൺ മരിയ വിയാനിയുടെ തിരുനാൾ

11 വെള്ളി : മിഷൻലീഗ് സ്ഥാപകനേതാവ് പി സി അബ്രാഹം പല്ലാട്ടു കുന്നേലിന്റെ 14-ാം ചരമവാർഷികം.
13 ഞായർ : വി. ജോൺ ബെർക്കുമെൻസ് തിരുനാൾ, അൾത്താരബാലൻമാരുടെ തിരുനാൾ
15 ചൊവ്വ : പരി. കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണതിരുനാൾ, ഇന്ത്യൻ സ്വാതന്ത്ര്യദിനം, മിഷൻലീഗ് വൈസ്ഡയറക്ടേഴ്സിന് നിയമാവലി പരീക്ഷ ഓൺലൈൻ,
17 വ്യാഴം : കർഷകദിനം - കർഷകരെ ആദരിക്കുന്നു.
28 തിങ്കൾ : അതിരൂപതാതല അൽഫോൻസാ ക്വിസ്
29 ചൊവ്വ : വി. എവുപ്രാസ്യാമ്മയുടെ തിരുനാൾ.

**2. മേഖലകൾ ശ്രദ്ധിക്കാൻ :** എക്സിക്യൂട്ടീവ്, കുഞ്ഞേട്ടൻ അനുസ്മരണം, അൽഫോൻസാ ക്വിസ്സ്, വൈസ്ഡയറക്ടേഴ്സ് നിയമാവലി ക്വിസ്സ്, സ്വർഗ്ഗാരോപണതിരുനാൾ, സ്വാതന്ത്ര്യദിനം, ആരാധന.

**3. മിഷൻ പച്ചക്കറിത്തോട്ടം:** പച്ചക്കറിത്തോട്ട മത്സരത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്ന ശാഖകൾ ഒക്ടോബർ 30 ന് മുമ്പ് അതിരൂപതാ ഓഫീസിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

**നിബന്ധനകൾ**

- മിനിമം 1 സെന്റ് സ്ഥലമുണ്ടായിരിക്കണം.
- ഏഴിനും 10 നുമിടയിൽ പച്ചക്കറി ഇനങ്ങൾ ഉണ്ടായിരിക്കണം.
- ഇടവകയുടെ സ്വന്തമായ സ്ഥലത്ത് ആയിരിക്കണം തോട്ടം നിർമ്മിക്കേണ്ടത്.
- സ്ഥലമൊരുക്കാൻ, വിത്തിടൽ, സംരക്ഷണം, വിളശേഖരണം തുടങ്ങിയ വിവിധ ഘട്ടങ്ങളിലെ കുട്ടികളുടെ പ്രവർത്തനം വ്യക്തമാക്കുന്ന ഫോട്ടോകൾ അതത് സമയങ്ങളിൽ ഇ മെയിൽ ചെയ്യേണ്ടതാണ്. cmltly01@gmail.com. ഫോട്ടോകൾ അയക്കാത്ത പച്ചക്കറിത്തോട്ടം മത്സരത്തിന് പരിഗണിക്കുന്നതല്ല.
- ശാഖകളുടെ പേരോടുകൂടിയ മിഷൻ പച്ചക്കറിത്തോട്ടം എന്ന നെയിം ബോർഡ് ആദ്യാവസാനം ഉണ്ടായിരിക്കേണ്ടതാണ്.
- നവംബർ - ജനുവരി മാസങ്ങൾക്കിടയിൽ മേഖല - അതിരൂപത ഭാരവാഹികൾ മുന്നറിയിപ്പില്ലാതെ ഏതവസരത്തിലും തോട്ടം സന്ദർശിക്കുന്നതാണ്.
- തോട്ടത്തിൽ മികവും മറ്റ് പ്രവർത്തനങ്ങളും പരിഗണിച്ചായിരിക്കും സമ്മാനം നൽകുക.
- 1,2,3,സ്ഥാനങ്ങൾ ലഭിക്കുന്നവർക്ക് യഥാക്രമം 5000, 3000, 2000 രൂപ വീതം ക്യാഷ് അവാർഡ് നൽകുന്നതായിരിക്കും. കൂടാതെ പ്രോത്സാഹന സമ്മാനവും നൽകുന്നതാണ്.
- വ്യക്തിപരമായി വീടുകളിലോ, സ്വന്തം സ്ഥലങ്ങളിലോ കൃഷിചെയ്യുന്ന പച്ചക്കറിത്തോട്ടം മത്സരങ്ങൾക്ക് പരിഗണിക്കുന്നതല്ല.
- കൂടുതൽ വിവരങ്ങൾക്ക് മാർഗ്ഗരേഖ പേജ് 60 കാണുക.

**4. അതിരൂപതാതല അൽഫോൻസാ ക്വിസ്സ്**

അൽഫോൻസാ ക്വിസ്സ് അതിരൂപതാതല മത്സരം ആഗസ്റ്റ് 28-ാം തീയതി തിങ്കളാഴ്ച രാവിലെ 10 മണിക്ക് തളിപ്പറമ്പ് സെന്റ് മേരീസ് ഓഡിറ്റോറിയത്തിൽവച്ച് നടത്തപ്പെടുന്നതായിരിക്കും. മേഖലകളിൽ ഒന്നാം സ്ഥാനം കിട്ടുന്ന 3 പേർ അടങ്ങുന്ന ഒരു ടീമാണ് അതിരൂപതാമത്സരത്തിൽ പങ്കെടുക്കേണ്ടത്. മത്സരത്തിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് അംഗത്വകാർഡ് നിർബന്ധമാണ്. കൂടുതൽ വിവരങ്ങൾക്ക് മാർഗ്ഗരേഖ പേജ് 57 കാണുക.

**5. വിയാനി ഡേ**

ആഗസ്റ്റ് 4-ാം തീയതി വി. ജോൺ മരിയ വിയാനിയുടെ തിരുനാളിനോടനുബന്ധിച്ച് അഭിവന്ദ്യ പിതാക്കൻമാരെയും ശാഖാ - മേഖലാ - രൂപതാ ഡയറക്ടർമാർ, ശാഖയ്ക്ക് പ്രാർത്ഥിക്കാൻ ലഭിച്ചിരിക്കുന്ന വൈദികർ, ബന്ധുക്കളും കുടുംബാംഗങ്ങളുമായ വൈദികർ, എന്നിവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ആശംസകളർപ്പിക്കുകയും ചെയ്യുവാൻ ബഹു. വൈസ് ഡയറക്ടേഴ്സ് കുട്ടികളെ ഓർമ്മിപ്പിക്കുമല്ലോ. മേഖലാ ഭാരവാഹികളുടെ നേതൃത്വത്തിൽ മേഖലാ തലത്തിൽ വിയാനി ഡേ ആഘോഷപരിപാടികൾ സംഘടിപ്പിക്കുമല്ലോ.

**6. അതിരൂപതാതല ടെലിക്വിസ് മത്സരം**

കുട്ടികളിൽ വചനത്തോടുള്ള ആഭിമുഖ്യം വളർത്തുവാനും ദൈവവചനം പഠിക്കുവാനുമായി അതിരൂപതയുടെ നേതൃത്വത്തിൽ നടക്കുന്ന ടെലിക്വിസ് മത്സരത്തിൽ പങ്കെടുക്കുന്ന പ്രിയപ്പെട്ട കൊച്ചുകൂട്ടുകാർക്കും അവരെ അതിനായി ഒരുക്കുന്ന മാതാപിതാക്കൾക്കും, മതാധ്യാപകർക്കും, സിസ്റ്റേഴ്സിനും അതിരൂപതാകുടുംബത്തിന്റെ നന്ദി. അതോടൊപ്പം ഓഗസ്റ്റ് മാസം നടത്തപ്പെടുന്ന മത്സരത്തിൽ പങ്കെടുക്കേണ്ട തീയതിയും, റീജിയണുകളുടെ പേരും, വിളിക്കേണ്ട നമ്പറുകളും ചുവടെകൊടുക്കുന്നു.

- ഫോൺ വിളിക്കേണ്ട സമയം ഓരോ റീജിയണും തന്നിരിക്കുന്ന ദിവസം 5 മണി മുതൽ 7 മണി വരെ മാത്രം ആയിരിക്കും.
- 06-08-23 ഞായറാഴ്ച : ഇരിട്ടി റീജിയൺ (മണിക്കടവ്, നെല്ലിക്കാംപൊയിൽ, കുന്നോത്ത്, എടൂർ, പേരാവൂർ എന്നീ മേഖലകൾ)
  വിളിക്കേണ്ട നമ്പർ : **9048340650.**
- 13-08-23 ഞായറാഴ്ച : ചെമ്പേരി റീജിയൺ (ചെമ്പേരി, തളിപ്പറമ്പ്, ചെമ്പന്തൊട്ടി, പൈസക്കരി എന്നീ മേഖലകൾ)
  വിളിക്കേണ്ട നമ്പർ : **9446916439.**
- 20-08-23 ഞായറാഴ്ച : ആലക്കോട് റീജിയൺ (ആലക്കോട്, വായാട്ടുപറമ്പ്, മേരിഗിരി, ചെറുപുഴ എന്നീ മേഖലകൾ)
  വിളിക്കേണ്ട നമ്പർ : **9496357819.**
- 27-08-23 ഞായറാഴ്ച : കാഞ്ഞങ്ങാട് റീജിയൺ (കാസർഗോഡ്, കാഞ്ഞങ്ങാട്, പനത്തടി, തോമാപുരം, വെള്ളരിക്കുണ്ട്, മാലോം എന്നീ മേഖലകൾ)
  വിളിക്കേണ്ട നമ്പർ : **9495345038.**

### 7. അതിരൂപതാ സാഹിത്യ മത്സരം

ജൂലൈ 17 ന് 19 മേഖലകളിലും വെച്ച് മേഖലാ - അതിരൂപതാ സാഹിത്യമത്സരം സംയുക്തമായി നടത്തപ്പെട്ടു. സാഹിത്യമത്സരം നടത്തപ്പെടുന്നതിനായി വേണ്ട ക്രമീകരണങ്ങൾ ചെയ്ത എല്ലാ ബഹുമാനപ്പെട്ട ഡയറക്ടേഴ്സിനും, വൈസ് ഡയറക്ടേഴ്സിനും, എക്സിക്യൂട്ടീവ് അംഗങ്ങൾക്കും, അതിരൂപതാ ഭാരവാഹികൾക്കും, മതാധ്യാപകർക്കും ഹൃദയം നിറഞ്ഞ നന്ദി. അതോടൊപ്പം മേഖലകളിൽ നിന്ന് ഓരോ വിഭാഗത്തിനും വിജയികളായവരുടെ ലിസ്റ്റ് അതിരൂപതയിൽ നിന്ന് നൽകിയ എൻട്രിഫോമിൽ കൃത്യമായി എഴുതി പേപ്പറുകളോടൊപ്പം ആഗസ്റ്റ് 15 ന് മുൻമ്പ് അതിരൂപതയിൽ നൽകേണ്ടതാണ് എന്ന കാര്യം സ്നേഹപൂർവ്വം ഓർമ്മപ്പെടുത്തുന്നു.

### 8. അതിരൂപതാ കലോത്സവം

ഈ വർഷത്തെ അതിരൂപതാ കലോത്സവം ഒക്ടോബർ മാസം 22, 23 എന്നീ തീയതികളിൽ നടത്തപ്പെടുന്നതാണ്. കലോത്സവത്തിന് മുമ്പ് ഒക്ടോബർ 12-ാം തീയതി മിഷൻ ക്വിസ് നടത്തപ്പെടുന്നു. മേഖലകളിൽ അതിന് മുമ്പ് മിഷൻ ക്വിസ്സ് നടത്തുവാൻ വേണ്ട ക്രമീകരണങ്ങൾ ചെയ്യുമല്ലോ. കലോത്സവത്തെ സംബന്ധിച്ച കൂടുതൽ വിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

### 9. കുഞ്ഞേട്ടൻ അനുസ്മരണം - സ്റ്റാറ്റസ് വീഡിയോ & ചിത്രരചന മത്സരം

ചെറുപുഷ്പ മിഷൻലീഗ് സ്ഥാപക നേതാവ് ശ്രീ. പി.സി. അബ്രാഹം പല്ലാട്ടുകുന്നേലിന്റെ 14-ാം ചരമവാർഷികാനുസ്മരണം ശാഖകളിൽ ഓഗസ്റ്റ് 13-ാം തീയതി ഞായറാഴ്ച നടത്തുമല്ലോ. അതിരൂപതാതല അനുസ്മരണം നിർമ്മലഗിരി ശാഖയിൽ വച്ച് നടത്തപ്പെടുന്നതാണ്.

അതോടൊപ്പം ചെറുപുഷ്പ മിഷൻലീഗിന്റെ നേതൃത്വത്തിൽ 5-ാം ക്ലാസ്സ് മുതൽ 7-ാം ക്ലാസ്സ് വരെയുള്ള കുട്ടികൾക്ക് ചിത്രരചനാ മത്സരവും 8-ാം ക്ലാസ്സ് മുതൽ 12-ാം ക്ലാസ്സ് വരെയുള്ള കുട്ടികൾക്ക് സ്റ്റാറ്റസ് വീഡിയോ മത്സരവും നടത്തപ്പെടുന്നു.

### A. നിബന്ധനകൾ - ചിത്രരചന

1. 5-ാം ക്ലാസ്സ് മുതൽ 7-ാം ക്ലാസ്സ് വരെ ഉള്ള കുട്ടികൾക്കായിരിക്കും മത്സരം.
2. ശാഖയിൽ മത്സരം നടത്തി ഫസ്റ്റ് കിട്ടുന്ന ചിത്രം മാത്രമേ അതിരൂപതയിലേക്ക് അയക്കാവൂ (ഒരു ശാഖയിൽ നിന്നും ഒരെണ്ണം).
3. A4 പേപ്പർ ആണ് ഉപയോഗിക്കേണ്ടത്.
4. കുഞ്ഞേട്ടന്റെ ഫോട്ടോ പെൻസിൽ ഡ്രോയിംഗ് ആണ് വരക്കേണ്ടത്.
5. ആൺ-പെൺ വിത്യാസമില്ല.
6. പങ്കെടുക്കുന്ന കുട്ടികളുടെ പേര്, വീട്ടുപേര്, ഇടവക, മേഖല, ഫോൺ നമ്പർ, അംഗത്വ നമ്പർ, പഠിക്കുന്ന ക്ലാസ്സ് എന്നിവ കൃത്യമായും പേപ്പറിൽ രേഖപ്പെടുത്തിയിരിക്കണം.

7. അതിരൂപതയിൽ ലഭിക്കേണ്ട അവസാന ദിവസം ആഗസ്റ്റ് 15

## B) നിബന്ധനകൾ - സ്റ്റാറ്റസ് വീഡിയോ

1. 8-ാം ക്ലാസ്സ് മുതൽ 12-ാം ക്ലാസ്സ് വരെ ഉള്ള കുട്ടികൾക്കായിരിക്കും മത്സരം.
2. ഒരുശാഖയിൽ നിന്നും ഫസ്റ്റ് മാത്രമേ അതിരൂപതയിലേക്ക് അയക്കാവൂ. (ആൺ, പെൺ വിത്യാസം ഇല്ല)
3. കുഞ്ഞേട്ടന്റെ ജീവിതത്തിൽ ആദരവർപ്പിക്കുന്നവിധത്തിലും, ആസ്വാദകർക്ക് പ്രചോദനം നൽകുന്ന വിധത്തിലും ആയിരിക്കണം സ്റ്റാറ്റസ് വീഡിയോ തയ്യാറാക്കേണ്ടത്.
4. വിഷയം : മിഷൻലീഗ് കുഞ്ഞേട്ടൻ
5. സമയദൈർഘ്യം 30 സെക്കന്റിൽ താഴെ ആയിരിക്കണം.
6. വിഷയ ബന്ധിതമായിരിക്കുന്നവയും, മനോഹരവും ഏറ്റവും ആകർഷമായും തയ്യാറാക്കുന്നവയായിരിക്കും പരിഗണിക്കുന്നത്.
7. പങ്കെടുക്കുന്ന കുട്ടികളുടെ പേര്, വീട്ടുപേര്, ഇടവക, മേഖല, ഫോൺ നമ്പർ, അംഗത്വ നമ്പർ,പഠിക്കുന്ന ക്ലാസ്സ് എന്നിവ കൃത്യമായും രേഖപ്പെടുത്തിയിരിക്കണം.
8. വീഡിയോ പോർട്രേറ്റ് രീതിയിൽ ചിത്രീകരിക്കാൻ ശ്രദ്ധിക്കണം
9. അതിരൂപതയിൽ ലഭിക്കേണ്ട അവസാന ദിവസം ആഗസ്റ്റ് 5
10. വീഡിയോയിൽ മത്സരാർത്ഥിയെ തിരിച്ചറിയാവുന്ന വിവരങ്ങൾ ഒന്നും പാടില്ല.
11. അതിരൂപതയിൽ ഒന്നാം സ്ഥാനം ലഭിക്കുന്ന വീഡിയോ സംസ്ഥാന മത്സരത്തിന് അയക്കുന്നതായിരിക്കും.
12. അയ്ക്കേണ്ട നമ്പർ - **9495097312 / 8281255847**

## 10. ജെയ്സൺ മർക്കോസ് അനുസ്മരണം

ചെറുപുഷ്പ മിഷൻലീഗ് അതിരൂപതാ ഭാരവാഹിയായിരിക്കേ ആകസ്മികമായി മരണമടഞ്ഞ ശ്രീ. ജെയ്സൺ മർക്കോസ് പാലയൂർപൂവത്തിങ്കിൽ 5-ാം ചരമവാർഷിക അനുസ്മരണം ഓഗസ്റ്റ് 3 ന് പേരാവൂർ ഫോറോനപ്പള്ളിയിൽ വച്ച് നടക്കും.

## 11. എം.റ്റി.സി. പഠനസഹായി

ഓരോ മേഖലയ്ക്കും ആവശ്യമായ 2023-2024 വർഷത്തേക്കുള്ള എം.റ്റി.സി. പഠനസഹായി തയ്യാറാക്കി നൽകുന്നതായിരിക്കും. മേഖലയ്ക്ക് ആവശ്യമായ എണ്ണം ഓഗസ്റ്റ് 15 ന് മുമ്പ് അറിയിക്കണം. എം.റ്റി.സി. ക്യാമ്പുകളെക്കുറിച്ചുള്ള നിർദ്ദേശങ്ങൾ മാർഗ്ഗരേഖ പേജ് 61 കാണുക.

## 12. നിയമാലി ക്വിസ്സ് മത്സരം

മിഷൻലീഗ് സംഘടനയെക്കുറിച്ച് കുടുതൽ അറിയുന്നതിനും, പഠിക്കുന്നതിനുമായി മിഷൻലീഗ് ശാഖാ - മേഖലാ വൈസ് ഡയറക്ടേഴ്സിനായി

അതിരൂപതാ തലത്തിൽ ആഗസ്റ്റ് 15-ന് രാത്രി 8.30-ന് ഗൂഗിൾ ഫോമിൽ നിയമാവലി ക്വിസ്സ് മത്സരം നടത്തപ്പെടുന്നു. സ്നേഹമുള്ള എല്ലാ സിസ്റ്റേഴ്സും നന്നായി പഠിച്ച് ക്വിസ്സ് മത്സരത്തിൽ പങ്കെടുക്കുമല്ലോ. വിജയികൾക്ക് ആകർഷകമായ സമ്മാനങ്ങൾ നൽകുന്നതായിരിക്കും.

### 13. ശാഖാ സന്ദർശനങ്ങൾ

ആഗസ്റ്റ് ആദ്യ ആഴ്ചമുതൽ അതിരൂപതാ ഭാരവാഹികളുടെയും, ഓർഗനൈസിംഗ് ടീം അംഗങ്ങളുടെയും നേതൃത്വത്തിൽ ശാഖാ സന്ദർശനങ്ങൾ ആരംഭിക്കുന്നതായിരിക്കും. സ്നേഹമുള്ള വൈസ് ഡയറക്ടേഴ്സ് റിപ്പോർട്ടുകൾ കൃത്യമായി എഴുതി സൂക്ഷിക്കുമല്ലോ. സന്ദർശനം നടത്തുന്ന മേഖലകൾ മുൻകൂട്ടി അറിയിക്കുന്നതായിരിക്കും.

**ഓഗസ്റ്റ് മാസം അതിരൂപതാതല ശാഖാ സന്ദർശനം നടത്തുന്ന മേഖലകൾ:**

പേരാവൂർ (ഓഗസ്റ്റ് - 6), എടൂർ (ഓഗസ്റ്റ് - 13), കുന്നോത്ത് (ഓഗസ്റ്റ് - 20), മണിക്കടവ് (ഓഗസ്റ്റ് - 27).

### 14. അൾത്താരബാലൻമാരുടെ ദിനം

ഓഗസ്റ്റ് 13 ന് വി. ജോൺ ബെർക്കുമെൻസിന്റെ തിരുനാൾ ദിനമാണല്ലോ. അന്നേദിനം അൾത്താരബാലൻമാരുടെ ദിനമായി നാം ആചരിക്കുമ്പോൾ ശാഖാ - മേഖലാ തലത്തിൽ അൾത്തരബാലൻമാരെ ആദരിക്കുകയും അവർക്ക് സെമിനാറുകളും, ക്ലാസുകളും ക്രമീകരിക്കുവാൻ ശ്രദ്ധിക്കുമല്ലോ.

### 15. അതിരൂപതാ മാനേജിംഗ് കമ്മറ്റി - ജൂനിയർ ഭാരവാഹികളുടെ ഇലക്ഷൻ

ജൂലൈ 8-ാം തിയതി ശനിയാഴ്ച രാവിലെ 10 മണിക്ക് തളിപ്പറമ്പ് സെന്റ് മേരീസ് ഓഡിറ്റോറിയത്തിൽ വച്ച് അതിരൂപതാ പ്രസിഡന്റ് ശ്രീ. ഷിജോ സ്രായിലിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന അതിരൂപതാ മാനേജിംഗ് കമ്മറ്റിയിൽ 145 പേർപങ്കെടുത്തു. തളിപ്പറമ്പ് ഫൊറോന വികാരി ഫാ. മാത്യു വേങ്ങക്കുന്നേൽ ഉദ്ഘാടനം ചെയ്ത മീറ്റിംഗിൽ അതിരൂപതാ സെക്രട്ടറി ബിജു കൊച്ചുപൂവ്വക്കോട്ട് മാനേജിംഗ് കമ്മറ്റി റിപ്പോർട്ടും, കണക്കും അവതരിപ്പിച്ചു. അതോടൊപ്പം ജൂനിയർ ഭാരവാഹികളുടെ തിരഞ്ഞെടുപ്പും നടന്നു.

**അതിരൂപതാ ജൂനിയർ ഭാരവാഹികൾ**

| | |
|---|---|
| പ്രസിഡന്റ് | : ആൽബിൻ ആന്റണി മഠത്തിൽ (ജയ്ഗിരി) |
| വൈസ് പ്രസിഡന്റ് | : അനന്യ വടക്കേമുറി (വെള്ളരിക്കുണ്ട്) |
| സെക്രട്ടറി | : ജോയൽ മണിക്കടവ് (മണിക്കടവ്) |
| ജോ. സെക്രട്ടറി | : അലീന മുകളേൽ (ചട്ടമല) |
| ഓർഗനൈസർ | : ഇവ മണ്ണൂർ (പൈസക്കരി) |
| ഓർഗനൈസർ | : ഗോഡ്വിൻ പൂന്തോട്ടാൽ (കരിക്കോട്ടക്കരി) |

ജൂനിയർ ഭാരവാഹികൾക്ക് അതിരൂപതാ മിഷൻലീഗ് കുടുംബത്തിലേക്ക് ഹൃദ്യമായ സ്വാഗതം.

**16. കാഞ്ഞാട് റീജിയണൽ വൈസ് ഡയറക്ടേഴ്സിന്റെ ശ്രദ്ധയ്ക്ക്**

കാഞ്ഞങ്ങാട് റീജിയണിൽ ഉള്ളവർക്ക് അംഗത്വകാർഡ് സീൽ ചെയ്യാൻ സൗകര്യത്തിനായി ആഗസ്റ്റ് 5 ശനിയാഴ്ച രാവിലെ 10 മണി മുതൽ 2 മണി വരെ അതിരൂപതാ ടീം പടന്നക്കാട് പാസ്റ്ററൽ സെന്ററിൽ ഉണ്ടായിരിക്കും. അംഗത്വകാർഡ് സീൽ ചെയ്യാൻ വരുമ്പോൾ (മിഷൻലീഗ് - തിരുബാലസഖ്യം) അംഗത്വ രജിസ്റ്റർ കൊണ്ടുവരണം. അതോടൊപ്പം അംഗത്വഫോമിൽ തുടർച്ചയായി നമ്പർ ഇട്ട് കുട്ടികളുടെ പേര് എഴുതികൊണ്ടുവരുന്ന കാര്യവും പ്രത്യേകം ഓർമ്മിക്കുമല്ലോ. ഓഫീസ് സംബന്ധമായി നിങ്ങൾക്കാവശ്യമുള്ള സാധനങ്ങൾ അന്ന് വാങ്ങാൻ സൗകര്യമുണ്ടായിരിക്കും.

**17. മിഷൻ ഞായർ കലണ്ടർ**

ഈ വർഷവും മിഷൻ കലണ്ടർ കഴിഞ്ഞ വർഷത്തെ എണ്ണമനുസരിച്ച് മേഖലകളിൽ എത്തിക്കുന്നതാണ്. ശാഖകൾ അതിരൂപതയിൽ തന്നിരിക്കുന്ന എണ്ണത്തിൽ വ്യത്യാസം ഉണ്ടെങ്കിൽ അതിരൂപതാ ഓഫീസിൽ ഓഗസ്റ്റ് 20 ന് മുമ്പ് അറിയിക്കുമല്ലോ.

**18. വചനാമൃതം**

കുട്ടികൾ വചനം വായിക്കുന്നതിനും; വചനം പഠിക്കുന്നതിനുമായി വചനാമൃതം എന്നപേരിൽ ഈ മാസം വി. ലൂക്കാ 4,5 അദ്ധ്യായങ്ങൾ നൽകിയിരിക്കുന്നു. കുട്ടികൾക്ക് ഈ വചനഭാഗം വായിക്കാനും പഠിക്കാനും വേണ്ട ക്രമീകരണങ്ങൾ ശാഖാ - മേഖലാ തലത്തിൽ നൽകുമല്ലോ.

**19. എം.റ്റി.സി. ഉണർവ്വ്**

മുൻകാല അതിരൂപതാ എം.റ്റി.സി. കുട്ടികൾക്ക് ഓണാവധിക്ക് ഉണർവ് എന്നപേരിൽ അതിരൂപതയുടെ നേതൃത്വത്തിൽ സെമിനാർ നടത്തപ്പെടുന്നു. കൂടുതൽ വിവരങ്ങൾ പിന്നീട് നിങ്ങളെ അറിയിക്കുന്നതാണ്.

**20. സെമിനാറുകൾ, ക്യാമ്പുകൾ**

- 27.06.2023 ന് മണിക്കടവ് മേഖലാ മാനേജിംഗ് കമ്മിറ്റിയിൽ ഡയറക്ടർ പങ്കെടുത്തു.
- 02.07.2023 ന് പനത്തടി മേഖലാ എക്സിക്യൂട്ടീവിൽ ഡയറക്ടർ പങ്കെടുത്തു.
- 02.07.2023 ന് കനീലടുക്കം, അടോട്ടുകയ എന്നീ ശാഖകളിൽ ഡയറക്ടർ ക്ലാസ്സ് എടുത്തു.
- 17.07.2023 ന് പനത്തടി മേഖലാ വൈസ് ഡയറക്ടേഴ്സിന് ശ്രീ. ഷിജോ സ്രായിൽ ക്ലാസ്സ് എടുത്തു.
- 17.07.2023 ന് വെള്ളരിക്കുണ്ട് മേഖലാ മാനേജിംഗ് കമ്മിറ്റിയിൽ ശ്രീ. ഷിജോ സ്രായിൽ ക്ലാസ്സ് എടുത്തു.

**ഫാ. ജോസഫ് വടക്കേപ്പറമ്പിൽ**
*ഡയറക്ടർ*

## തിരുബാലസഖ്യം

സ്നേഹ ബഹുമാനപ്പെട്ട അച്ചന്മാരെ, ആനിമേറ്റേഴ്സ്, കുഞ്ഞുങ്ങളെ,

പരിശുദ്ധ അമ്മയുടെ സ്വർഗ്ഗാരോപണതിരുനാളിന്റെയും സ്വാത ന്ത്ര്യദിനത്തിന്റെയും മംഗളങ്ങൾ ഒത്തിരി സ്നേഹത്തോടെ ആശം സിക്കുന്നു. പരിശുദ്ധ അമ്മയുടെ ജീവിത മാതൃക സ്വന്തമാക്കി മുന്നേ റുവാൻ കുഞ്ഞുകൂട്ടുകാർക്ക് സാധിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

അനുസ്മരിക്കുന്ന തിരുനാൾ : സ്വർഗ്ഗാരോപണ തിരുനാൾ
അനുസ്മരിക്കുന്ന വിശുദ്ധൻ : വി. ജോൺ മരിയ വിയാനി
പ്രാർത്ഥനാനിയോഗം : എല്ലാ വൈദികർക്കുംവേണ്ടി
സുകൃതജപം : എന്റെ അമ്മേ എന്റെ ആശ്രയമേ
വചനം : എന്റെ ആത്മാവ് കർത്താവിനെ മഹത്വപ്പെടുത്തുന്നു. (വി. ലൂക്കാ 1:46)
പ്രവൃത്തി : ഭവനസന്ദർശനം, രോഗീസന്ദർശനം നടത്തുക
മനഃപാഠമാക്കുക : വി. ജോൺ മരിയ വിയാനി, വി. മാക്സ് മില്യൻ കോൾബേ എന്നിവരെക്കുറിച്ച് കുട്ടികൾക്ക് പറഞ്ഞ് കൊടുക്കുക.
എയ്ഞ്ചൽസ് ബീറ്റ്സ് : പരിശുദ്ധ അമ്മയുടെ തിരുനാളിനോട നുബന്ധിച്ച് മാതാവിന്റെ സ്തോത്രഗാനം ശാഖകളിൽ മത്സരം നടത്തുക.

**1. ശാഖകൾ ശ്രദ്ധിക്കാൻ**

| | |
|---|---|
| 1 ചൊവ്വ | : പതിനഞ്ച് നോമ്പ് ആരംഭം |
| 4 വെള്ളി | : വി. ജോൺ മരിയ വിയാനിയുടെ തിരുനാൾ |
| 13 ഞായർ | : വി. ജോൺ ബെർക്കുമെൻസ് തിരുനാൾ, അൾത്താരബാലൻമാരുടെ തിരുനാൾ |
| 15 ചൊവ്വ | : പരി. കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണതിരുനാൾ, ഇന്ത്യൻ സ്വാതന്ത്ര്യദിനം |

17 വ്യാഴം : കർഷകദിനം - കർഷകരെ ആദരിക്കുന്നു.

29 ചൊവ്വ : വി. എവുപ്രാസ്യാമ്മയുടെ തിരുനാൾ.

**2. വിയാനി ഡേ**

ആഗസ്റ്റ് 4-ാം തീയതി വി. ജോൺ മരിയ വിയാനിയുടെ തിരുനാൾ ദിനത്തിൽ അഭിവന്ദ്യ പിതാക്കൻമാർക്കും ബഹുമാനപ്പെട്ട വികാരിയച്ചനും ആശംസകളർപ്പിക്കുവാനും എല്ലാവൈദികർക്കുംവേണ്ടി പ്രാർത്ഥിക്കുവാനും കുട്ടികളെ ഓർമ്മിപ്പിക്കുമല്ലോ.

**3. ഈശോയെപ്പോലെ വളരാം... വലുതാകാം...**

ഈശോയെപ്പോലെ വളരാം... വലുതാകാം എന്ന വർക്ക്ബുക്കിൽ ഈശോയെപ്പോലെ കരുണയുള്ളവരാകാം എന്ന ഒന്നാം അദ്ധ്യായത്തിലൂടെ കടന്നുപോകുമ്പോൾ ഈശോ വളരെയധികം കാരുണ്യപൂർവ്വം പ്രവർത്തിച്ചിരുന്നു എന്നും പാവപ്പെട്ടവരോട് പ്രത്യേക കരുണയും സ്നേഹവും കാണിച്ചിരുന്നു എന്നും നാം കാണുന്നുണ്ട്. നമുക്കും ഈശോയെപ്പോലെ കരുണയുള്ളവരായി ജീവിക്കാം എന്ന് തീരുമാനമെടുക്കാം.

**4. നിറം കൊടുക്കാമോ?**

പ്രിയ കൂട്ടുകാരെ, ഈശോയെപ്പോലെ കരുണയുള്ളവരാകാം എന്ന ഒന്നാം അധ്യായത്തിലെ ചിത്രം ക്രയോൺസ് ഉപയോഗിച്ച് മനോഹരമായി കളർ ചെയ്ത് ഏറ്റവും നല്ല 3 എണ്ണം ആഗസ്റ്റ് 20 ന് മുമ്പ് അതിരൂപതയിലേക്ക് അയച്ച് തരുമല്ലോ.

**5. വഴി കാട്ടാമോ?**

പ്രിയ കൂട്ടുകാരെ, ഈശോയെപ്പോലെ കരുണയുള്ളവരാകാം എന്ന ഒന്നാം അധ്യായത്തിലെ വഴി കാട്ടാമോ? എന്ന ചിത്രം പൂരിപ്പിച്ച് നല്ല 3 എണ്ണം ആഗസ്റ്റ് 20 ന് മുമ്പ് അതിരൂപതയിലേക്ക് അയച്ച് തരുമല്ലോ.

**6. ആനിമേറ്റേഴ്സിന്റെ ശ്രദ്ധക്ക്**

സ്നേഹമുള്ള തിരുബാലസഖ്യം ആനിമേറ്റേഴ്സ് വർക്കുബുക്കിലെ വഴി കാട്ടാമോ? നിറംകൊടുക്കാമോ എന്നീ വർക്കുകൾ അതതു മാസത്തിൽ ഗിരിദീപത്തിൽ നിർദ്ദേശിക്കുന്ന അദ്ധ്യായങ്ങൾ മാത്രം കുട്ടികളെക്കൊണ്ട് ചെയ്യിച്ച് എല്ലാ മസവും 20-ാം തീയതിക്കുള്ളിൽ അതിരൂപതാ ഓഫീസിൽ ലഭിക്കത്തക്കവിധം അയയ്ക്കുവാൻ ശ്രദ്ധിക്കുമല്ലോ. ഒരു ശാഖയിൽ നിന്നും ഏറ്റവും നല്ല 3 എണ്ണം മാത്രമാണ് അതിരൂപതയിലേക്ക് അയക്കേണ്ടത്. കൂടുതൽ അയക്കുന്നവ പരിഗണിക്കുന്നതല്ല. അയയ്ക്കുന്ന പേപ്പറിൽ കുട്ടികളുടെ പേര്, വീട്ടുപേര്, ഇടവക എന്നിവ കൃത്യമായി എഴുതുവാൻ ശ്രദ്ധിക്കുമല്ലോ.

**ഫാ. ജോസഫ് വടക്കേപ്പറമ്പിൽ**
*ഡയറക്ടർ*

# യൂത്ത് അപ്പൊസ്തൊലേറ്റ്

"യുവജനങ്ങളെ, നിങ്ങളുടെ ജീവിതം സത്യമായും സഭയിൽ ആഘോഷിക്കപ്പെടേണ്ടതാണ്." *(വി. ജോൺ പോൾ പാപ്പാ)*

ബഹുമാനപ്പെട്ട ഡയറക്ടറച്ചന്മാരേ, ആനിമേറ്റേഴ്സ്, യുവജന സുഹൃത്തുക്കളെ,

ആഗസ്റ്റ് മാസത്തിലേയ്ക്ക് പ്രവേശിപ്പിച്ചിരിക്കുകയാണല്ലോ. ഫൊറോന, യൂണിറ്റ് തലങ്ങളിലും ഇലക്ഷൻ പൂർത്തിയാക്കാൻ ശ്രദ്ധിക്കുമല്ലോ. പുതിയതായി കടന്നുവന്ന എല്ലാ ഡയറക്ടർ അച്ചന്മാർക്കും ആനിമേറ്റേഴ്സിനും സ്വാഗതം.

**വിയാനി ഡേ ആഘോഷം**

ഇടവകാവൈദികരുടെ സ്വർഗ്ഗീയമദ്ധ്യസ്ഥനായ വി. ജോൺ മരിയ വിയാനിയുടെ തിരുനാളാഘോഷം ഇടവകയിൽ കൊണ്ടാടാൻ ശ്രദ്ധിക്കുമല്ലോ. ബഹു. വികാരിയച്ചന്മാർക്ക് ആശംസകളറിയിക്കാനും പ്രാർത്ഥനകൾ നേരാനും ശ്രദ്ധിക്കുമല്ലോ.

**സ്വാതന്ത്ര്യദിനാഘോഷവും സ്വർഗ്ഗാരോപണതിരുനാളും**

ഭാരതസ്വാതന്ത്ര്യദിനവും സ്വർഗ്ഗാരോപണതിരുനാളും ഏതെങ്കിലും ഒരു യൂണിറ്റിൽ ചെയ്യാൻ ശ്രദ്ധിക്കുമല്ലോ. ഭാരതത്തിന്റെ ഐക്യത്തിനും മണിപ്പൂർ പോലുള്ള സംസ്ഥാനങ്ങളിൽ സമാധാനം പുനഃസ്ഥാപിക്കാനും പ്രവർത്തനങ്ങൾ ചെയ്യണം.

**ടാസ്ക് ഫോഴ്സ് രൂപീകരിച്ചു**

മഴക്കെടുതികൾ രൂക്ഷമായ സാഹചര്യത്തിൽ കെസിവൈഎം തലശ്ശേരി അതിരൂപതയുടെ നേതൃത്വത്തിൽ ടാസ്ക് ഫോഴ്സ് രൂപീകരിച്ചു. അതിരൂപത ജനറൽ സെക്രട്ടറി നിഖിൽ വൈസ് പ്രസിഡന്റ് റിജു ട്രഷറർ ജോയേൽ സെക്രട്ടറി

അഖിൽ സംസ്ഥാന സിൻഡിക്കേറ്റ് അമൽ തുടങ്ങിയവർ നേതൃത്വം കൊടുക്കുന്നു.

**ടാസ്ക് ഫോഴ്സ് ഫൊറോനകളിൽ**

വിവിധ ഫൊറോനകളുടെ നേതൃത്വത്തിൽ ടാസ്ക് ഫോഴ്സിന് രൂപം നല്കിയിട്ടുണ്ട്. ഫൊറോന ഡയറക്ടറച്ചന്റെയും പ്രസിഡന്റിന്റെയും നേതൃത്വത്തിൽ സഹായമെത്തിക്കാൻ യുവജനങ്ങൾ പരിശ്രമിക്കുന്നു.

**വിവാദ പ്രസ്താവനക്കെതിരെ പ്രതിഷേധം**

ഇംഗ്ലണ്ടിലെ ക്രൈസ്തവരെ അധിഷേപിച്ചും സന്യാസികളെ അവഹേളിക്കും വിധത്തിൽ പരാമർശം നടത്തിയ എം.വി ഗോവിന്ദനെതിരെ കെസിവൈഎം തലശ്ശേരി അതിരൂപത ശക്തമായ പ്രതിഷേധം രേഖപ്പെടുത്തി. വിവാദപ്രസ്താവന പിൻവലിച്ച് മാപ്പ് പറയണമെന്നാവശ്യപ്പെട്ടു.

**നന്ദിയോടെ... സി. പ്രീതി മരിയ സി.എം.സി.**

അതിരൂപതാ കെസിവൈഎമ്മിന് അഭിമാനമായി ആത്മീയ നേതൃത്വം നല്കി യാത്രയാകുന്ന ബഹു. പ്രീതി മരിയ സി.എം.സിയ്ക്ക് ഹൃദയം നിറഞ്ഞ നന്ദി. നാല് വർഷത്തോളം യുവജനങ്ങളോട് ഒന്നുചേർന്ന് പ്രാർത്ഥനകളിലും പ്രവർത്തനങ്ങളിലും നിറസാന്നിധ്യമായി ഒപ്പം ചേർന്നു. യുവജനപ്രേഷിത പ്രവർത്തനങ്ങളിൽ അമ്മ മനസ്സിന്റെ കരുതലും കാവലും പകർന്നു നല്കിയത്. വിസ്മരിക്കാനാവില്ല. ആത്മിയ ഉപദ്ദേശങ്ങൾ നല്കുന്നതിലും കരയുന്നവരോടുകൂടെ കരഞ്ഞതും സന്തോഷിക്കുന്നവർക്കൊപ്പം സൗഹൃദം ആഘോഷിച്ചതും പ്രീതി സിസ്റ്ററിനെ വ്യത്യസ്തയാക്കുന്നു. യുവതികൾക്കായി രൂപം കൊടുത്ത വോയ്സ് ഓഫ് വുമൺ എന്ന കൂട്ടായ്മയുടെ ആരംഭത്തിലും പ്രവർത്തനങ്ങളിലും പ്രീതിയമ്മയുടെ ഇടപെടലുകൾ ആദരവോടെ സ്മരിക്കുന്നു.

തലശ്ശേരിയിലെ അതിരൂപതാ ഓഫീസ് അതിന്റെ എല്ലാ ഉത്തരവാദിത്വങ്ങളും പൂർണ്ണ വിശ്വസ്തതയോടെ ക്രമീകരിക്കാൻ സിസ്റ്ററിന് കഴിഞ്ഞു. നാളിതുവരെയുള്ള സംഘടനയുടെ പ്രവർത്തനങ്ങൾ ചിട്ടയായി ക്രമീകരിക്കുന്നതിനും ഫയലുകൾ തിരിച്ച് ഭംഗിയാക്കി വച്ചതും വരും കാലത്തും സംഘടനാപ്രവർത്തനങ്ങൾക്ക് നന്മയാണ്. സംഘടനയുടെ സാമ്പത്തിക കാര്യങ്ങൾ കൃത്യതയോടെ നിർവഹിക്കുന്നതിൽ സിസ്റ്റർ കാണിച്ച സൂക്ഷ്മത നന്ദിയോടെ ഓർക്കുന്നു.

ബഹു. സോണി വടശ്ശേരിയച്ചനോടും കഴിഞ്ഞുപോയ നാല് സമിതിയോടും ചേർന്ന് ഹൃദയം നിറഞ്ഞ നന്ദി അറിയിക്കുന്നു. പുതിയ കർമ്മമണ്ഡലങ്ങളിൽ പ്രാർത്ഥനാശംസകളും നേരുന്നു.

**സംസ്ഥാന അർദ്ധവാർഷിക സെനറ്റ്**

കെസിവൈഎം സംസ്ഥാന സമിതിയുടെ 45-ാമത് അർദ്ധവാർഷിക സെനറ്റ് തലശ്ശേരി അതിരൂപത ആതിഥേയത്വം വഹിക്കുന്നു. ആഗസ്റ്റ് 11, 12, 13 തീയതികളിലായിട്ടാണ് സെനറ്റ് സമ്മേളനം നടക്കുന്നത്. കേരളത്തിലെ 32 രൂപതകളിൽ നിന്നുമായി ഇരുനൂറോളം പേർ പങ്കെടുക്കും.

**സി. ഷേർളി മാത്യു പുതിയ കെസിവൈഎം ആനിമേറ്റർ**

അതിരൂപത കെസിവൈഎമ്മിന്റെ പുതിയ ആനിമേറ്ററായി നിയമിതയായി സി. ഷേർളി മാത്യു എംഎസ്എംഐയ്ക്ക് ഹൃദ്യമായ സ്വാഗതം. ആഗസ്റ്റ് 5-ാം തീയതി സിസ്റ്റർ അതിരൂപതാ ഓഫീസിൽ ചാർജ്ജെടുക്കും. പ്രാർത്ഥനാശംസകൾ നേരുന്നു.

**വി. തോമസ്മൂർ ദിനാചരണം**

ചെമ്പന്തൊട്ടി ഫൊറോനയുടെ തോമസ്മൂർ ദിനാചരണവും T-Time ഉം വെണ്ണക്കല്ല് ഇടവകയിൽവച്ച് നടത്തപ്പെട്ടു. ഫൊറോന യൂണിറ്റ് ഭാരവാഹികൾ നേതൃത്വം നല്കി.

**ഫാ. തോമസ് വാളിപ്ലാക്കൽ**
*ഡയറക്ടർ*

# ഫാമിലി അപ്പൊസ്റ്റൊലേറ്റ്

ത്രിയേക ദൈവം സ്നേഹത്തിന്റെ കൂട്ടായ്മയാണ്. കുടുംബം അതിന്റെ സജീവ പ്രതിഫലനവും (AL 11). കുടുംബങ്ങളെ ദൗത്യം നിറവേറ്റാൻ പ്രാപ്തരാക്കിക്കൊണ്ട് വിവിധങ്ങളായ ശുശ്രൂഷകളിലൂടെ അനുയാത്ര ചെയ്യുക എന്നതാണ് സഭയുടെ ദൗത്യം.

പ്രിയമുള്ളവരെ, നിങ്ങൾക്കറിവുള്ളതുപോലെ ജൂലൈ 12 മുതൽ ഞാൻ (ജോബി കോവാട്ട്) അതിരൂപതാ ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ ഉത്തരവാദിത്വം ഏറ്റെടുത്തിരിക്കുകയാണ്. നിങ്ങളെല്ലാവുടെയും അകമഴിഞ്ഞ പിന്തുണയും സഹകരണവും ഉണ്ടാവണേ എന്ന് അപേക്ഷിക്കുന്നു.

## I. ഹൃദയപൂർവ്വം നന്ദി

മെയ്, ജൂൺ, ജൂലൈ മാസങ്ങളിൽ തന്റെ തിരക്കുപിടിച്ച മറ്റ് ഉത്തരവാദിത്വങ്ങൾക്കിടയിലും കുടുംബ പ്രേഷിത പ്രവർത്തനങ്ങളുടെ ഡയറക്ടർ ആയി ദീർഘവീക്ഷണത്തോടും പരിപൂർണ്ണ സമർപ്പണത്തോടും കൂടി നിസ്തുല സേവനം ചെയ്ത പെരിയ ബഹു. മോൺ സെബാസ്റ്റ്യൻ പാലാക്കുഴിയച്ചന് ആത്മാർത്ഥമായ നന്ദി.

## II. സുസ്വാഗതം

അതിരൂപതാ ഫാമിലി അപ്പൊസ്റ്റൊലേറ്റ് ആനിമേറ്റർ ബഹു.സി. പൗളിൻ ചികിത്സാർത്ഥം അവധിയെടുത്തിരിക്കുന്ന അവസരത്തിൽ തൽസ്ഥാനത്തേക്ക് ശുശ്രൂഷചെയ്യാൻ താൽപര്യത്തോടും സേവന സന്നദ്ധതയോടും കൂടെ കടന്നുവന്നിരിക്കുന്ന ബഹു. ലിസ് മരിയ സി.എച്ച്.എഫ് ന് സ്നേഹ സ്വാഗതം.

തലശ്ശേരി അതിരൂപതാ ഫാമിലി അപ്പൊസ്റ്റൊലേറ്റ് പനത്തടി മേഖലാ ആനിമേറ്ററായി ചാർജ്ജെടുത്തിരിക്കുന്ന സി. സ്റ്റെല്ല എം.എസ്.എം.ഐക്ക് ഹൃദ്യമായ സ്വാഗതം ആശംസിക്കുന്നു.

## III. മാര്യേജ് പ്രിപ്പറേഷൻ കോഴ്സ്

**MPC 2023**

| | |
|---|---|
| August 17-19 | (Thursday - Saturday) Thalassery |
| September 21-23 | (Thursday - Saturday) Padannakkad |
| October 19-21 | (Thursday - Saturday) Thalassery |
| November 16-18 | (Thursday - Saturday) Padannakkad |
| December 14-16 | (Thursday - Saturday) Thalassery |

**Time Schedule :**

- കോഴ്സിന്റെ ഒന്നാംദിവസം രാവിലെ 9 മണിക്ക് രജിസ്ട്രേഷനോടെ ആരംഭിച്ച് മൂന്നാം ദിവസം വൈകിട്ട് 4.00 ന് എം.പി.സി സമാപിക്കുന്നു.
- എം.പി.സി കോഴ്സ് കൂടാനായി ആഗ്രഹിക്കുന്നവർ **www.familytly.com** എന്ന വെബ് സൈറ്റിൽ രജിസ്റ്റർ ചെയ്യാൻ വികാരിയച്ചൻമാർ ഓർമ്മിപ്പിക്കുമല്ലോ. എം.പി.സിയുടെ ഫീസ് **1600** രൂപയായിരിക്കും. Online Registration ചെയ്യുമ്പോൾ Reg. Fee 600 രൂപ അടയ്ക്കേണ്ടതാണ്. കോഴ്സിനു വരുമ്പോൾ ബാക്കി 1000 രൂപ കൊണ്ടുവരേണ്ടതാണ്.
- **കോഴ്സിൽ പങ്കെടുക്കുന്നവർ അപേക്ഷാഫോം ഡൗൺലോഡ് ചെയ്ത് പ്രിന്റ് ഔട്ട് എടുത്ത് വികാരിയച്ചന്റെ ഒപ്പും സീലും വച്ച് കൊണ്ടുവരേണ്ടതാണ്.**

## IV. മാതൃവേദി

### a) ക്ലാസ് - കരിക്കോട്ടക്കരി

ജൂലൈ 8-ാം തീയതി എടൂർ മേഖലയിലെ കരിക്കോട്ടക്കരി ഇടവകയിലെ അമ്മമാർക്കായി ഡയറക്ടർ മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി അച്ചൻ ക്ലാസെടുത്തു.

### b) അതിരൂപത എക്സിക്യൂട്ടീവ് ഓൺലൈൻ

ജൂലൈ 7-ാം തീയതി ഉച്ചകഴിഞ്ഞ് 2 മണിക്ക് അതിരൂപതാ എക്സിക്യൂട്ടീവ് മീറ്റിംഗ് ഓൺ ലൈനായി നടന്നു. ഡയറക്ടർ മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി അച്ചന്റെ നേതൃത്വത്തിൽ നടന്ന മീറ്റിംഗിൽ ഫാമിലി അപ്പൊസ്റ്റൊലേറ്റ് ആനിമേറ്ററായി താൽക്കാലികമായി ചാർജ്ജെടുത്തിരിക്കുന്ന സി. ലിസ് മരിയ സി.എച്ച്.എഫ് നെ സ്വാഗതം ചെയ്യുകയും, മാതൃവേദി പ്രവർത്തനങ്ങളെ വിലയിരുത്തുകയും ചെയ്തു.

ജൂലൈ 19-ാം തീയതി വൈകുന്നേരം 3 മണിക്ക് അതിരൂപതാ എക്സിക്യൂട്ടീവ് മീറ്റിംഗ് ഓൺലൈനായി നടന്നു. ഡയറക്ടർ ഫാ. ജോബി കോവാട്ട്

അച്ചന്റെ നേതൃത്വത്തിൽ നടന്ന മീറ്റിംഗിൽ ആനിമേറ്റർ സി. ലിസ് മരിയ സി.എച്ച്.എഫ്, അതിരൂപതാ ഭാരവാഹികൾ എന്നിവർ പങ്കെടുത്തു. തുടർ പ്രവർത്തനങ്ങളെപ്പറ്റി ചർച്ച ചെയ്യുകയും വിലയിരുത്തുകയും ചെയ്തു.

**c) പ്രവർത്തന മാർഗ്ഗരേഖ - ആഗസ്റ്റ് 2023**

**ആഗസ്റ്റ് 1 :** പതിനഞ്ച് നോമ്പ് ആരംഭം. സാധിക്കുന്ന അമ്മമാർ നോമ്പെടുത്ത് പ്രാർത്ഥിക്കുവാൻ ശ്രദ്ധിക്കുമല്ലോ.

**ആഗസ്റ്റ് 4 :** വി. ജോൺ മരിയ വിയാനിയുടെ തിരുനാൾ - വികാരിയച്ചന് ആശംസകൾ നേരുക.

**ആഗസ്റ്റ് 8 :** വി. ഡോമിനിക്കിന്റെ തിരുനാൾ - മണിപ്പൂരിൽ സമാധാനം പുനഃസ്ഥാപിക്കപ്പെടുന്നതിനായി ഓരോ യൂണിറ്റും 50 ജപമാലകൾ ചൊല്ലി സമർപ്പിക്കുക.

**ആഗസ്റ്റ് 11 :** വി. ക്ലാര പുണ്യവതിയുടെ തിരുനാൾ - യൂണിറ്റിലെ സന്യാസിനികൾക്ക് ആശംസകൾ നേരുക.

**ആഗസ്റ്റ് 15 :** പരി. അമ്മയുടെ സ്വർഗ്ഗാരോപണ തിരുനാൾ - അഗതി മന്ദിരത്തിലോ, ആശുപത്രിയിലോ സഹായമെത്തിക്കാൻ ശ്രദ്ധിക്കുക.

**ആഗസ്റ്റ് 19 :** ആഗോള ഫോട്ടോഗ്രാഫി ദിനം - "ദേ ഇങ്ങോട്ട് നോക്കിയേ" എന്ന കാപ്ഷന് സ്വന്തം ഭർത്താവിന്റെ ഏറ്റവും അനുയോജ്യമായ ഫോട്ടോ എടുത്ത് 9400206974 എന്ന നമ്പറിലേക്ക് അയക്കുക. ഏറ്റവും മികച്ച 3 ഫോട്ടോകൾക്ക് ആകർഷകമായ സമ്മാനങ്ങൾ നൽകുന്നതാണ്.

**ആഗസ്റ്റ് 20 :** വി. ബർണാർഡിന്റെ തിരുനാൾ - 5 എത്രയും ദയയുള്ള മാതാവേ എന്ന പ്രാർത്ഥന ചൊല്ലി കുഞ്ഞുങ്ങളില്ലാത്ത ദമ്പതികൾക്കുവേണ്ടി പ്രാർത്ഥിക്കുക.

**ആഗസ്റ്റ് 27 :** വി. മോനിക്കയുടെ തിരുനാൾ - യൂണിറ്റിലെ വിധവകളായ അമ്മമാരുടെ സംഗമം നടത്തി അവരെ ആദരിക്കുക.

**ആഗസ്റ്റ് 28 :** വി. അഗസ്റ്റ്യന്റെ തിരുനാൾ - നമ്മുടെ അതിരൂപതാധ്യക്ഷനുവേണ്ടി പ്രാർത്ഥിക്കുക.

**ആഗസ്റ്റ് 29 :** വി. എവുപ്രാസ്യാമ്മയുടെ തിരുനാൾ - തിരുക്കുടുംബത്തിന്റെ മാധ്യസ്ഥ്യം തേടി പ്രാർത്ഥിക്കുക.

**പ്രത്യേക പ്രവർത്തനങ്ങൾ**

- വിവാഹ ജീവിതത്തിന്റെ 25,50 ജൂബിലി ആഘോഷിക്കുന്ന ദമ്പതിമാരെ സമുചിതമായ രീതിയിൽ ആദരിക്കുക.
- അംഗത്വ കാർഡ് ഇല്ലാത്തവർ അംഗത്വ കാർഡ് എടുക്കാൻ ശ്രദ്ധിക്കുക.

**d) അതിരൂപതാ സാഹിത്യ മത്സരങ്ങൾ**

2023 വർഷത്തെ സാഹിത്യമത്സരങ്ങൾ സെപ്റ്റംബർ 27 ന് (നബിദിനത്തിന്റെ അന്ന്) മേഖല – അതിരൂപത ഒന്നിച്ചു നടത്തപ്പെടുന്നു. ജൂനിയർ, സീനിയർ വിഭാഗങ്ങളായിട്ടായിരിക്കും മത്സരങ്ങൾ നടത്തപ്പെടുക. മുൻ വർഷങ്ങളിലേതിൽ നിന്നും വ്യത്യസ്തമായി ഇത്തവണ 19 മേഖലകളിൽ വച്ചായിരിക്കും ഒരേ സമയം രൂപതാ – മേഖല സാഹിത്യമത്സരം സംഘടിപ്പിക്കുന്നത്. മത്സരനിബന്ധനകൾക്കായി 2019 ലെ മാതൃവേദി മാർഗ്ഗരേഖ നോക്കി മനസ്സിലാക്കുമല്ലോ.

**e) ആദരാഞ്ജലികൾ**

മാതൃവേദി അതിരൂപതാ പ്രസിഡന്റ് ശ്രീമതി ഷീബ തെക്കേടത്തിന്റെ ഭർതൃമാതാവ് അന്നമ്മ ജൂലൈ 14–ാം തീയതി മരണപ്പെട്ടു. അതിരൂപതാ വികാരി ജനറാൾ മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി, ഡയറക്ടർ ഫാ. ജോർജ്ജ് കോവാട്ട്, ആനിമേറ്റർ സി. ലിസ് മരിയ സി.എച്ച്.എഫ്. എന്നിവർ സംസ്ക്കാരചടങ്ങിൽ പങ്കെടുക്കുകയും, അനുശോചനങ്ങളറിയിക്കുകയും ചെയ്തു.

ജൂലൈ 18–ാം തീയതി നിര്യാതയായ അതിരൂപതാ മാതൃവേദി വൈസ് പ്രസിഡണ്ട് ശ്രീമതി പ്രസന്ന മാങ്ങാട്ടിന്റെ അമ്മയ്ക്ക് അനുശോചനങ്ങളറിയിച്ച് പ്രാർത്ഥിക്കുകയും ആദരാഞ്ജലികളർപ്പിക്കുയും ചെയ്തു.

## V. സഖറിയാസ് കൺവെൻഷൻ

ആഗസ്റ്റ് മാസത്തിൽ സഖറിയാസ് കൺവെൻഷൻ നടക്കുന്ന മേഖലകൾ

| മേഖല | തീയതി |
|---|---|
| വെള്ളരിക്കുണ്ട് | ആഗസ്റ്റ് 1,2,3 |
| തോമാപുരം | ആഗസ്റ്റ് 22,23,24 |

* കൺവെൻഷനിലേക്ക് എല്ലാ ഇടവകകളിൽനിന്നും 60 വയസിനുമുകളിൽ പ്രായമുള്ളവരെ പ്രോത്സാഹിപ്പിച്ച് പറഞ്ഞയയ്ക്കണേ.

## VI. അനുഗ്രഹ മാരി.കോം

സീറോ മലബാർ മാട്രിമണികളുമായി ലിങ്ക് ചെയ്തുകൊണ്ട് തലശ്ശേരി അതിരൂപതയിൽ പ്രവർത്തിക്കുന്ന മാട്രിമണിയാണ് അനുഗ്രഹ മാര്യേജ് ബ്യൂറോ. ഏറ്റവും അനുയോജ്യരായ പങ്കാളികളെ കണ്ടെത്താൻ ഈ സേവനം പ്രയോജനപ്പെടുത്തണേ.

Site : www.anugrahamarry.com

Phone : 9400206974,8078122191

## VII. പ്രശാന്തി കൗൺസിലിംഗ് സെന്റർ

അതിരൂപതാ ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ കുടുംബബന്ധങ്ങളുടെ ശാക്തീകരണം ഉദ്ദേശിച്ച് ഒരു കൗൺസിലിംഗ് സെന്റർ പ്രവർത്തിക്കുന്നു. വ്യക്തികൾക്കും കുടുംബങ്ങൾക്കും കൗൺസിലിംഗിനുള്ള സൗകര്യം ഉണ്ടായിരിക്കുന്നതാണ്. ഇടവകകളിൽ ഏതെങ്കിലും തരത്തിൽ പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്ന കുടുംബങ്ങൾ ഉണ്ടെങ്കിൽ ഈ സൗകര്യം ഉപയോഗപ്പെടുത്താവുന്നതാണെന്ന് സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു.

**ഫോൺ : 9400206974, 8078122191**

## VIII. അമല പ്രോലൈഫ്

അമല പ്രോലൈഫ് എക്സിക്യൂട്ടീവ് യോഗം ജൂലൈ 29 ശനിയാഴ്ച ഉച്ചകഴിഞ്ഞ് 3 മണി മുതൽ 5 മണി വരെ സന്ദേശഭവനിൽ വച്ച് നടത്തപ്പെട്ടു.

### 1) പ്രോലൈഫ് മാര്യേജ് ബ്യൂറോ

മലബാർ മേഖല പ്രോലൈഫ് സമിതി നടത്തുന്ന ബ്യൂറോ, പെൺകുട്ടികൾക്ക് സൗജന്യ രജിസ്ട്രേഷൻ, ആൺകുട്ടികൾക്ക് രജി. ഫീ 500 രൂപ നാല് മാസത്തേക്ക്.

WebSite : www.prolifemarry.com

Phone : 6235445544

## IX. മരിയൻ സിംഗിൾസ്

മരിയൻ സിംഗിൾസിന്റെ കൂട്ടായ്മ ഓഗസ്റ്റ് 4-5 (വെള്ളി, ശനി) ദിവസങ്ങളിൽ നടത്തപ്പെടുന്നു.

**X.** ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ Mail ID: **familytly92@gmail.com**

**റവ. ഫാ. ജോർജ് കോവാട്ട്**
ഡയറക്ടർ, ഫാമിലി അപ്പൊസ്റ്റൊലേറ്റ്

# എജ്യൂക്കേഷണൽ അപ്പൊസ്റ്റൊലേറ്റ്

**ആദരാഞ്ജലികൾ**



കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയിൽ 2013 മുതൽ സംഗീത അധ്യാപികയായി ജോലി ചെയ്തുവരുന്ന സി. ഷീന പോൾ എം.എസ്.എം.ഐ. കാൻസർ രോഗബാധിതയായി ചികിത്സയിലായിരുന്നു. 17.07.2023-ന് ദൈവസന്നിധിയിലേക്ക് നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. സി. ഷീന പോളിന്റെ വേർപാടിൽ വേദനിക്കുന്ന എംഎസ്എംഐ സന്യാസിനി സമൂഹത്തെയും കുടുംബാംഗങ്ങളെയും അധ്യാപകരെയും വിദ്യാർത്ഥികളെയും അനുശോചനമറിയിക്കുകയും ആദരാഞ്ജലികൾ അർപ്പിക്കുകയും ചെയ്യുന്നു.

**സ്നേഹത്തണൽ**

കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെയും കാത്തലിക് ടീച്ചേഴ്സ് ഗീൽഡിന്റെയും ആഭിമുഖ്യത്തിൽ നിർധനരായ വിദ്യാർത്ഥികൾക്ക് പണിത് കൊടുക്കുന്ന സ്നേഹ വീട് 2022-23 പദ്ധതിയിലെ പ്രഥമ വീടിന്റെ ആശിർവാദ കർമ്മവും താക്കോൽകൈമാറ്റവും മണിക്കടവിൽ നടന്നു. മണിക്കടവ് സെന്റ് തോമസ് ഹയർസെക്കണ്ടറി സ്കൂൾ വിദ്യാർത്ഥിക്ക് വേണ്ടി പണിത വീടിന്റെ വെഞ്ചരിപ്പ് കർമ്മം അഭിവന്ദ്യ മാർ ജോർജ് വലിയമറ്റം പിതാവ് 20/07/2023 ന് നടത്തി. കോർപ്പറേറ്റ് മാനേജർ ഫാ. മാത്യു ശാസ്താംപടവിൽ താക്കോൽ കൈമാറി. സ്കൂൾ മാനേജർ ഫാ. പയസ് പടിഞ്ഞാറേമുറിയിൽ

ആമുഖപ്രഭാഷണം നടത്തി. ഉളിക്കൽ ഗ്രാമ പഞ്ചായത്ത് മെമ്പർമാരായ ശ്രീ. ഒ.വി ഷാജു, ശ്രീമതി ജാൻസി കുന്നേൽ സ്കൂൾ പ്രിൻസിപ്പാൾ ശ്രീ. ഷാജി വർഗ്ഗീസ് എന്നിവർ പ്രസംഗിച്ചു. കാത്തലിക് ടീച്ചേഴ്സ് ഗിൽഡ് സെക്രട്ടറി ശ്രീ. അഗസ്റ്റിൻ കെ. ജോസഫ് പ്രവർത്തന അവലോകനം നടത്തി. നാലുവീടുകൾ നിർമ്മിച്ച് കൈമാറുന്ന ഈ പദ്ധതിയിലെ ആദ്യത്തെ വീടിന്റെ താക്കോൽദാന ചടങ്ങാണ് മണിക്കടവിൽ നടന്നത്. നിർമ്മാണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയ ശ്രീ. കുര്യൻ അറുപത്ചിറയിൽ, ശ്രീ. ബാബു മാനുവൽ പട്ടക്കുന്നേൽ എന്നിവരെ ചടങ്ങിൽ ആദരിച്ചു.

## ഫാ. ജോസഫ് വലിയകണ്ടം മെമ്മോറിയൽ ഷട്ടിൽ ടൂർണമെന്റ്

തലശ്ശേരി കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയും കാത്തലിക് ടീച്ചേഴ്സ് ഗിൽഡും സംയുക്തമായി തലശ്ശേരി കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയിലെ അധ്യാപകർക്കും അനധ്യാപകർക്കും വേണ്ടി ഫാ. ജോസഫ് വലിയകണ്ടം മെമ്മോറിയൽ ബാഡ്മിന്റൺ ടൂർണമെന്റ് **(ഡബിൾസ്)** 2023 ഓഗസ്റ്റ് 12 ശനിയാഴ്ച 3 മണിക്ക് ചെമ്പേരി വൈഎംസിഎ കോർട്ടിൽ സംഘടിപ്പിക്കുന്നു.

* **രജിസ്ട്രേഷൻ ഫീസ് 400 രൂപ.**
* *ഒന്നാം സ്ഥാനം 3000 രൂപയും ട്രോഫിയും*
* *രണ്ടാം സ്ഥാനം 2000 രൂപയും ട്രോഫിയും*
* *മൂന്നാം സ്ഥാനം 1000 രൂപയും ട്രോഫിയും*

രജിസ്ട്രേഷൻ സ്വീകരിക്കുന്ന അവസാന തീയതി 08/08/2023. അന്വേഷണങ്ങൾക്കും രജിസ്ട്രേഷനുമായി താഴെ കാണുന്ന നമ്പറിൽ ബന്ധപ്പെടുക.

**ഫോൺ : 9446843322, 9846927454**

**ഫാ. മാത്യു ശാസ്താംപടവിൽ**
*കോർപ്പറേറ്റ് മാനേജർ*

# നിർമ്മലഗിരി കോളേജ്

## കൂത്തുപറമ്പ്

### നിർമലഗിരി കോളേജിന് മികവിന്റെ അംഗീകാരം-നാക് A++

നിർമ്മലഗിരി കോളേജ് നാക് അക്രഡിറ്റേഷനിൽ 3.57 ഗ്രേഡ് പോയിന്റോടുകൂടി A++ നേടി. കണ്ണൂർ യൂണിവേഴ്സിറ്റിയ്ക്ക് കീഴിൽ ഇതാദ്യമായാണ് ഒരു കോളേജിന് A++ അംഗീകാരം ലഭിക്കുന്നത്. കോളേജുകളുടെ നിലവാരം നിർണയിക്കുന്ന ദേശീയ ഏജൻസി ആയ നാഷണൽ അസ്സസ്മെന്റ് ആൻഡ് അക്രഡിറ്റേഷൻ കൗൺസി ലിന്റെ വിലയിരുത്തലിൽ ആണ് കോളജ് ഈ മഹത്തായ നേട്ടം കൈവരിച്ചത്. കണ്ണൂർ യൂണിവേഴ്സിറ്റിക്ക് കീഴിൽ നാലു അക്രഡിറ്റേഷൻ സൈക്കിളുകൾ പൂർത്തിയാക്കിയ ആദ്യത്തെ കോളേജ് എന്ന നേട്ടവും നിർമലഗിരിക്ക് മാത്രം അവകാശപ്പെട്ടതാണ്. കഴിഞ്ഞ മൂന്ന് അക്രഡിറ്റേഷനുകളിലും കോളേജ് മികച്ച നിലവാരം പുലർത്തിയിരുന്നു.

എസ്. ആർ. എം. യൂണിവേഴ്സിറ്റി ഫോർമർ വൈസ് ചാൻസിലർ പ്രൊഫ. പി. പ്രകാശ് ചെയർമാനും ബനാറസ് ഹിന്ദു യൂണിവേഴ്സിറ്റി പ്രൊഫ. പ്രശാന്ത് കുമാർ മെമ്പർ കോ ഓർഡിനേറ്ററും മൗലി വിദ്യാപീഠ മഹിളാ കലാ മഹാവിദ്യാലയ പ്രിൻസിപ്പൽ ഡോ. സവിതാ ഷെട്ടേ മെമ്പറുമായ ടീമാണ് രണ്ടു ദിവസത്തെ വിലയിരുത്തൽ നടത്തിയത്.

അഞ്ച് വർഷത്തെ കോളേജിന്റെ പ്രവർത്തനങ്ങളാണ് സംഘം വിലയിരുത്തിയത്. കോളേജിലെ അക്കാദമിക പ്രവർത്തനങ്ങൾ, ഭൗതിക സൗകര്യങ്ങൾ തുടങ്ങിയവ സംഘം നേരിട്ട് പരിശോധിച്ചു. അധ്യാപക അനധ്യാപകരോടും പൂർവ വിദ്യാർത്ഥികളോടും രക്ഷകർത്താക്കളോടും നാക് സംഘം ആശയവിനിമയം നടത്തി.

നിലവിൽ പഠിക്കുന്ന വിദ്യാർത്ഥികളുമായി പാഠ്യ-പാഠ്യേതര വിഷയ ങ്ങളെക്കുറിച്ചും ഭൗതിക സൗകര്യങ്ങളെക്കുറിച്ചും നേരിട്ട് ആശയ വിനിമയം നടത്തിയിരുന്നു.

കോളേജ് രക്ഷാധികാരി മാർ ജോസഫ് പാംപ്ലാനി, മാനേജർ മോൺ. ആന്റണി മുതുകുന്നേൽ, ബർസാർ ഫാ. മാത്യു തെക്കേമുറിയിൽ മുൻ പ്രിൻസിപ്പൽ ഡോ. ഔസേപ്പച്ചൻ കെ.വി., പ്രിൻസിപ്പൽ ഡോ. ടി.കെ. സെബാസ്റ്റ്യൻ, ഐ.ക്യു.എ.സി. കോഡിനേറ്റർ ഡോ. സാബു സെബാസ്റ്റ്യൻ എന്നിവർ ചേർന്നാണ് നാക് അക്രഡിറ്റേഷൻ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയത്.

അധ്യാപക അനധ്യാപക ജീവനക്കാരേയും വിദ്യാർത്ഥികളെയും കേളേജ് രക്ഷാധികാരി മാർ ജോസഫ് പാംപ്ലാനി അനുമോദിച്ചു.

കണ്ണൂർ യൂണിവേഴ്സിറ്റിയുടെ നിർലോഭമായ സഹകരണത്തെ തല ശ്ശേരി അതിരൂപതാ ആർച്ചുബിഷപ്പ് മാർ ജോസഫ് പാംപ്ലാനി പ്രത്യേകം അനുസ്മരിച്ചു.

**പി ആർ ഒ**
നിർമലഗിരി കോളേജ്

# ധ്യാനകേന്ദ്രങ്ങളിലൂടെ
## 2023 ആഗസ്റ്റ്

**1. മദർഹോം, പരിയാരം; ഫോൺ: 9446567101, 8606603101**

ആഗസ്റ്റ് 06-10 : ആന്തരീക സൗഖ്യ ധ്യാനം
12 : വചനാഗ്നി ഏകദിന കൺവെൻഷൻ (09 am-02 pm)
13-17 : സമർപ്പിതർക്കായുള്ള ധ്യാനം
27-31 : ആന്തരീക സൗഖ്യ ധ്യാനം

**2. വിമലഗിരി ധ്യാനകേന്ദ്രം, പട്ടാരം - ഇരിട്ടി, ഫോൺ: 6282732852**

ആഗസ്റ്റ് 08-11 : പ്രേഷിതർക്കുള്ള ധ്യാനം
05, 19, 26 : ഏകദിന ധ്യാനം
11 : ജാഗരണ പ്രാർത്ഥന
12 : കുട്ടികളുടെ ഏകദിന ധ്യാനം
12-16 : ആന്തരീക സൗഖ്യ ധ്യാനം
26-30 : ആന്തരീക സൗഖ്യ ധ്യാനം

**3. സീയോൺ ധ്യാനകേന്ദ്രം, നെല്ലിക്കുറ്റി; ഫോൺ : 7306859339**

ആഗസ്റ്റ് 05 : അഖണ്ഡ ജപമാല, സ്പിരിചൽ ഷേയറിംഗ് (ഏകദിനം)
11 : ജാഗരണ പ്രാർത്ഥന
13-17 : ആന്തരീക സൗഖ്യ ധ്യാനം
30 സെപ്റ്റം. 01 : കുടുംബ നവീകരണ ധ്യാനം

# സാൻജോസ് മെട്രോപോളിറ്റൻ അക്കാഡമി ഫോർ റിസേർച്ച് ആന്റ് ട്രെയിനിംഗ്

Ph: 8281750777, 8281730777; E-mail: sanjoseacademytly@gmail.com

ചെമ്പേരി, വെള്ളരിക്കുണ്ട്

**1. IELTS, OET, UKVI**

IELTS, OET, UKVI തുടങ്ങിയ കോഴ്സുകളിലേക്കുള്ള പുതിയ ബാച്ചുകൾ എല്ലാ തിങ്കളാഴ്ചകളിലും ആരംഭിക്കുന്നു. ഹോസ്റ്റൽ സൗകര്യം ലഭ്യമാണ്. കോഴ്സുകളെക്കുറിച്ച് കൂടുതൽ അറിയുവാനും അഡ്മിഷൻ എടുക്കുവാനും താഴെ പറയുന്ന നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്. **Ph: 8281750777, 8281730777**

ഓൺലൈൻ ആയി അപേക്ഷിക്കാൻ വെബ്സൈറ്റ് സന്ദർശിക്കുക

www.sanjoseacademy.in

എല്ലാ കോഴ്സുകൾക്കും ഹോസ്റ്റൽ സൗകര്യം ലഭ്യമാണ്.

**സാൻജോസ് അക്കാദമിയുടെ പുതിയ ബ്രാഞ്ച് ഇരിട്ടിയിൽ**

സാൻജോസ് അക്കാദമിയുടെ പുതിയ ബ്രാഞ്ച് ഇരിട്ടിയിൽ ആരംഭിച്ചിരിക്കുന്നു. ഇരിട്ടി തന്തോട് പള്ളിയോട് ചേർന്നുള്ള ബിൽഡിങ്ങിൽ ആണ് പുതിയ ബ്രാഞ്ച് ആരംഭിച്ചിരിക്കുന്നത്. ജർമൻ ഭാഷയുടെ എ വൺ ലെവൽ ആണ് ആഗസ്റ്റ് 15-ന് ആരംഭിക്കുന്നത്. ആദ്യം ബാച്ചിൽ രജിസ്റ്റർ ചെയ്യുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് ലഭ്യമാണ്. ആകെ 25 സീറ്റുകൾ മാത്രമാണ് ഉള്ളത് അപ്ലൈ ചെയ്യാൻ ആഗ്രഹിക്കുന്നവർ താഴെ കൊടുത്തിരിക്കുന്ന ലിങ്കിൽ ക്ലിക്ക് ചെയ്യുക.

**www.sanjoseacademy.in Mob : 85472 27325**

ജർമൻ ഭാഷയുടെ പുതിയ ബാച്ചുകൾ വെള്ളരിക്കുണ്ട് സെ ജൂഡ് കോളേജിൽ എല്ലാ മാസവും ആരംഭിക്കുന്നു.

ബന്ധപ്പെടേണ്ട ഫോൺ നമ്പർ : **8281 730 777**

ജർമൻ ഭാഷയുടെ പുതിയ ബാച്ച് ജൂലൈ 1ന് വിമൽജ്യോതി കോളേജിൽ ആരംഭിക്കുന്നു. അഡ്മിഷൻ എടുക്കാൻ ആഗ്രഹിക്കുന്നവർ നേരത്തെ തന്നെ പേര് രജിസ്റ്റർ ചെയ്യുക. സാൻജോസ് അക്കാദമിയുടെ എല്ലാ പ്രോഗ്രാമുകൾക്കും ഹോസ്റ്റൽ സൗകര്യം ലഭ്യമാണ്.

**ഫാ. സോണി വടശ്ശേരിൽ**

*ഡയറക്ടർ*

# വിമൽജ്യോതി എഞ്ചിനീയറിംഗ് കോളേജ്
## ചെമ്പേരി

**സ്കോളർഷിപ്പുകൾക്ക് ഇപ്പോൾ അപേക്ഷ സമർപ്പിക്കാവുന്നതാണ്**

https://vjec.ac.in./scholaship/ എന്ന ലിങ്ക് വഴിയും QR കോഡ് സ്കാൻ ചെയ്തും പ്ലസ് വൺ മാർക്കിന്റെ അടിസ്ഥാനത്തിൽ പ്ലസ് ടു വിദ്യാർത്ഥികൾക്ക് ഇപ്പോൾ ത്തന്നെ സ്കോളർഷിപ്പ് ആപ്ലിക്കേഷൻ സമർപ്പിക്കാവുന്നതാണ്.

SCAN TO APPLY

| MAR. JOSEPH PAMPLANY EDUCATIONAL SCHOLARSHIP | | | |
|---|---|---|---|
| SCHOLARSHIP | | | Total Marks Scored In Plus One Physics, Mathematics, Chemistry Exams |
| Platinum | ₹ 2,65,400/- | Tution Fee 8650/- മാത്രം. | 95% & Above Marks |
| Daimond | ₹ 1,50,000/- | Tution Fee പകുതി മാത്രം 37500/- | 90% & Above Marks |
| Golden | ₹ 60,000/- | Yearly 15000/- | 85% & Above Marks |
| Silver | ₹ 40,000/- | Yearly 10000/- | 80% & Above Marks |

KEAM പരീക്ഷ പാസ്സാകുന്ന കുട്ടികൾക്ക് മാത്രമാണ് സ്കോളർഷിപ്പ് ലഭ്യമാവുക. എല്ലാ ബ്രാഞ്ചുകളിലും സ്കോളർഷിപ്പുകൾ ലഭ്യമാണ്. എന്നാൽ, കമ്പ്യൂട്ടർ സയൻസ് & എഞ്ചിനീയറിംഗ്, കമ്പ്യൂട്ടർ സയൻസ് & ഡിസൈൻ, സൈബർ സെക്യൂരിറ്റി സയൻസ് & ഡിസൈൻ, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് & ഡാറ്റാ സയൻസ്, കമ്പ്യൂട്ടർ സയൻസ് & സൈബർ സെക്യൂരിറ്റി കമ്പ്യൂട്ടർ സയൻസ് & ബിസിനസ്സ് സിസ്റ്റം എന്നീ ബ്രാഞ്ചുകളിൽ മാത്രം 95% മാർക്കിൽ കൂടുതലുള്ള 10 കുട്ടികൾക്കാണ് സ്കോളർഷിപ്പ് ലഭിക്കുന്നത്. പ്ലസ് ടു റിസൾട്ട് വന്നു കഴിഞ്ഞാൽ സ്കോളർഷിപ്പിന് പ്ലസ് ടു മാർക്ക് ആയിരിക്കും ബാധകം.

**KEAM RANK SCHOLARSHIP 2023**

| | |
|---|---|
| KEAM Rank 1- 5000 | : Scholarship : Entire College Fee |
| Rank 5001- 8000 | : Scholarship : 2,65,400/- (66,350x4 year) |
| | Tution Fee = Government Fee only |
| Rank 8001 - 10000 | : Scholarship : 1,20,000/- (30000x4 year) |
| Rank 10001 - 20000 | : Scholarship : 20,000/- (5000x4 year) |

Web : www.vjec.ac.in Email: admission@vjec.ac.in

## പ്ലേസ്മെന്റ് വാർത്തകൾ July 2023

- ക്യാമ്പസ് റിക്രൂട്ട്മെൻറ് ട്രെയിനിംഗ് രംഗത്ത് പ്രവർത്തിക്കുന്ന പ്രമുഖ കമ്പനിയായ Face -prep ട്രെയിനേഴ്സിനെ റിക്രൂട്ട് ചെയ്യുന്നതിന്റെ ഭാഗമായി വിമൽജ്യോതിയിൽ നിന്നും പഠനം പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്കായി ക്യാമ്പസ് റിക്രൂട്ട്മെന്റ് നടത്തി. രണ്ട് വിദ്യാർത്ഥികളെ തിരഞ്ഞെടുത്തു. പ്രതിവർഷം 3 ലക്ഷം രൂപ ശമ്പളം വാഗ്ദാനം ചെയ്യുന്നു.
- ബാംഗ്ലൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന സ്റ്റാർട്ടപ്പ് കമ്പനിയായ PIVOTRICS, ജൂലൈ ഒന്നാം തീയതി വിമൽജ്യോതിയിൽ ക്യാമ്പസ് റിക്രൂട്ട്മെൻറ് നടത്തി. ഒരു വിദ്യാർത്ഥിയെ തിരഞ്ഞെടുത്തു. പ്രതിർഷം നാലരലക്ഷം രൂപ ശമ്പളം ലഭിക്കുന്ന ജോലിയാണ്.
- സിവിൽ എഞ്ചിനീയറിങ് പഠനം പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്കായി ASTER HOMES അവരുടെ കണ്ണൂർ ഓഫീസിൽ വച്ച് ജൂലൈ ഒന്നാം തീയതി ക്യാമ്പസ് റിക്രൂട്ട്മെൻറ് സംഘടിപ്പിച്ചു. വിമൽജ്യോതിയിലെ കുട്ടികൾക്ക് മാത്രമായിരുന്നു പങ്കെടുക്കുവാൻ അവസരം ഉണ്ടായിരുന്നത്. രണ്ടു വിദ്യാർത്ഥികളെ തിരഞ്ഞെടുത്തു. തിരഞ്ഞെടുക്കപ്പെട്ടവർ ജൂലൈ പതിനഞ്ചാം തീയതി ജോലിയിൽ പ്രവേശിച്ചു.
- മംഗലാപുരം ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന GLOWTOUCH TECHNOLOGIES ജൂലൈ നാലാം തീയതി ക്യാമ്പസ് റിക്രൂട്ട്മെൻറ് നടത്തുന്നുകയുണ്ടായി. നാലുപേർ അവസാന റൗണ്ടിലേക്ക് തിരഞ്ഞെടുക്കപ്പെട്ടു.
- റോബോട്ടിക്സ് ട്രെയിനിങ് രംഗത്ത് പ്രവർത്തിക്കുന്ന സ്റ്റാർട്ടപ്പ് കമ്പനിയായ MGS Robotics ജൂലൈ പത്താം തീയതി ക്യാമ്പസ് റിക്രൂട്ട്മെൻറ് നടത്തി. രണ്ടു വിദ്യാർത്ഥികളെ തെരഞ്ഞെടുത്തു. പ്രതിമാസം 16000 രൂപ ശമ്പളം വാഗ്ദാനം ചെയ്യുന്നു.

## എം.ബി.എ. വാർത്തകൾ

### എം ബി എ അഡ്മിഷൻ തുടരുന്നു

കണ്ണൂർ ജില്ലയിലെ ഏക നാക് അക്രെഡിറ്റഡ് മാനേജ്മെന്റ് സ്ഥാപനമായ വിമൽജ്യോതി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ആൻഡ് റിസേർച്ചിൽ 2023-25 വർഷത്തേക്കുള്ള എം ബി എ പ്രവേശനം തുടരുന്നു. ബിരുദ പഠനം പൂർത്തിയാക്കിയവർക്കും അവസാന വർഷ ബിരുദ വിദ്യാർഥികൾക്കും അപേക്ഷിക്കാം. ഡിഗ്രിക്ക് കുറഞ്ഞത് 70 ശതമാനം മാർക്ക് എങ്കിലും വാങ്ങിയ വിദ്യാർത്ഥികൾക്ക് വിവിധങ്ങളായ സ്കോളർഷിപ്പുകളും ലഭ്യമാണ്. 90 ശതമാനം മാർക്ക് വാങ്ങിയ മികച്ച വിദ്യാർത്ഥികൾക്ക് ഗവൺമെന്റ് ഫീസിൽ വിമൽ ജ്യോതിയിൽ നിന്നും എം ബി എ പഠനം പൂർത്തിയാക്കാവുന്നതാണ്.

കൂടുതൽ വിവരങ്ങൾക്കും അഡ്മിഷനും താഴെ കാണുന്ന നമ്പറുകളിൽ ബന്ധപ്പെടുക.

**9497517396, 9656786719, 8111918367**

### ഇൻഡസ്ട്രിയൽ എക്സ്പീരിയൻസ്

വിമൽജ്യോതി എംബിഎ കോളേജിലെ രണ്ടാം സെമസ്റ്റർ വിദ്യാർത്ഥികൾ അവരുടെ ഇൻഡസ്ട്രി പരിശീലനത്തിന്റെ ഭാഗമായി 30 ദിവസത്തെ ഓർഗനൈസേഷൻ സ്റ്റഡി ആരംഭിച്ചു. കേരളത്തിന് അകത്തും പുറത്തും ഉള്ള വിവിധങ്ങളായ കമ്പനികളുടെ എല്ലാ ഡിപ്പാർട്ട്മെന്റുകളെയും പറ്റി വിശദമായ പഠനവും പരിശീലനവും ഈ കാലയളവിൽ വിദ്യാർഥികൾക്ക് ലഭിക്കുന്നതാണ്.

### എം.ബി.എ. പ്രീ ട്രെയിനിങ്

വിമൽജ്യോതി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെൻറ് ആൻഡ് റിസർച്ച് 202325 ബാച്ചിലെ വിദ്യാർത്ഥികളുടെ പ്രീ എം ബി എ ട്രെയിനിങ് പ്രോഗ്രാമിന്റെ രണ്ടാം ഘട്ടം ജൂലൈ 18-ാം തീയതി ആരംഭിച്ചു. രണ്ടാഴ്ച നീളുന്ന ഈ പരിശീലന പരിപാടിയിൽ അക്കൗണ്ടിംഗ് സോഫ്റ്റ്വെയറായ റ്റാലിയിൽ അവർക്ക് പരിശീലനം നൽകുന്നതാണ്. കൂടാതെ വിദ്യാർത്ഥികൾക്ക് ഇംഗ്ലീഷ് ഭാഷ പരിശീലനവും ഇതിനോടൊപ്പം നൽകുന്നുണ്ട്.

**കൂടുതൽ വിവരങ്ങൾക്കും അഡ്മിഷനും താഴെ കാണുന്ന നമ്പറുകളിൽ ബന്ധപ്പെടുക. 9497517396, 9656786719, 8111918367**

**ഫാ. ജെയിംസ് ചെല്ലങ്കോട്ട്**
*മാനേജർ*

# ACCOMPANYING DEAF AND AWAKENING MISSION (ADAM)

**ജൂൺ, ജൂലൈ മാസ പ്രോഗ്രാമുകൾ**

**ഓൺലൈൻ മിനിസ്റ്ററി**

ജൂൺ 3,17, 24 ജൂലൈ 1, 15, 22 , 29 തീയതികളിൽ വിശുദ്ധ ബലിയർപ്പണം നടത്തി.

**ജൂൺ 6 സ്പോട്ട് കൗൺസിലിംഗ്**

ആദം മിനിസ്റ്ററി ഭവന ശുശ്രൂഷയുടെ ഭാഗമായ സ്പോട്ട് കൗൺസിലിംഗ് ടീം അംഗങ്ങളായ ജ്യോതി ഭവൻ വിദ്യാലയത്തിലെ ബഹുമാനപ്പെട്ട സിസ്റ്റേഴ്സിനോടൊപ്പം പ്ലസ് ടു പരീക്ഷയിൽ മുഴുവൻ വിഷയങ്ങൾക്കും എ പ്ലസ് വാങ്ങിയ അന്നയുടെ ഭവനം സന്ദർശിച്ച് അഭിനന്ദനങ്ങൾ അറിയിച്ചു. തുടർ പഠനങ്ങൾക്ക് സഹായ വാഗ്ദാനങ്ങൾ നൽകി.

**ബാംഗ്ലൂർ മിഷൻ**

ജൂൺ 11 ജൂലൈ 9 എന്നീ തീയതികളിൽ ബാംഗ്ലൂർ സെന്റ് പാട്രിക്ക് ബധിര കൂട്ടായ്മയിൽ വിശുദ്ധ ബലി അർപ്പിക്കുകയും, ബൈബിൾ ക്ലാസ് നടത്തുകയും ചെയ്തു.

**ആശാഭവൻ തൃശ്ശൂർ**

തൃശ്ശൂർ ആശാഭവൻ ബധിര ഹയർ സെക്കൻഡറി സ്കൂളിലെ കുട്ടികൾക്കായി തിരുഹൃദയ തിരുനാൾ ആംഗ്യഭാഷയിൽ വിശുദ്ധ ബലി അർപ്പിക്കുകയും, കുട്ടികൾക്ക് ലക്ഷ്യബോധം, ധാർമിക മൂല്യങ്ങൾ എന്നീ വിഷയങ്ങളിൽ ക്ലാസുകൾ നൽകുകയും ചെയ്തു.

**മാർത്തോമ കോളേജ് പെരിയ**

ജൂൺ 25ന് മാർത്തോമ ബധിര കോളേജിന്റെ പത്താം വാർഷികത്തോടനുബന്ധിച്ച് നടത്തപ്പെട്ട കോളേജ് വിദ്യാർത്ഥികളുടെ

ക്യാമ്പിൽ പങ്കുചേർന്ന് വിദ്യാർത്ഥികൾക്ക് ബധിര യുവതി യുവാക്കൾ നേരിടുന്ന പ്രശ്നങ്ങളും പ്രതിവിധികളും എന്ന വിഷയത്തെ ആസ്പദമാക്കി ക്ലാസ് നൽകി. കേരളത്തിലെ വിവിധ കോളേജുകളിൽ നൂറോളം വിദ്യാർത്ഥികൾ ക്യാമ്പിൽ പങ്കുചേർന്നു.

**ഫാദർ മനോജ് ഒറ്റപ്ലാക്കൽ അനുസ്മരണം**

ആദം മിനിസ്ട്രിക്ക് Accompanying Deaf and Awakening Mission (ADAM MINISTRY) എന്ന പേര് നിർദ്ദേശിക്കുകയും മനോഹരമായ അർത്ഥതലങ്ങൾ ഉൾക്കൊള്ളിച്ച് മിനിസ്ട്രിയുടെ ലോഗോ വരച്ച് നൽകുകയും ചെയ്ത അനുഗ്രഹീത കലാകാരനായ മനോജ് ഒറ്റപ്ലാക്കലച്ചന്റെ ആകസ്മികമായ നിര്യാണത്തിൽ ആദം മിനിസ്ട്രി അംഗങ്ങൾ ദുഃഖാർത്ഥരായി. സംസ്കാര ശുശ്രൂഷയിൽ അംഗങ്ങൾ പങ്കുചേരുകയും ആദം മിനിസ്റ്ററിയുടെ ആഭിമുഖ്യത്തിൽ റീത്ത് സമർപ്പിക്കുകയും ചെയ്തു. ജൂലൈ രണ്ടാം തീയതി ആലക്കോട് ചേർന്ന പ്രതിമാസ കൂട്ടായ്മയിൽ അച്ചനെ അനുസ്മരിക്കുകയും ബലിയർപ്പിച്ച് അംഗങ്ങൾ അച്ചന്റെ ആത്മശാന്തിക്കായി പ്രാർത്ഥിക്കുകയും ചെയ്തു.

**വിദ്യാലയങ്ങളിലൂടെ**

ജൂലൈ 5-ാം തീയതി ജ്യോതിഭവൻ ബാല്യത്തിൽ പ്രവേശന ഉത്സവത്തോടനുബന്ധിച്ച് കുട്ടികൾക്കായി വിശുദ്ധ ബലി അർപ്പിക്കുകയും പുതിയ അദ്ധ്യയന വർഷത്തിൽ അനുഗ്രഹങ്ങൾ നേരുകയും ചെയ്തു.

**ഡോൺ ബോസ്കോ കാരക്കുണ്ട്**

SSLC,+2 ഉന്നത വിജയം നേടിയ ചടങ്ങിൽ പങ്കെടുത്ത് ആംഗ്യഭാഷയിൽ പരിഭാഷ നൽകുകയും, വിജയികൾക്ക് ആദം മിനിസ്ട്രിയുടെ ഉപഹാരങ്ങൾ നൽകി ആദരിച്ചു.

**വിശുദ്ധ അൽഫോൻസാമ്മയുടെ തിരുനാൾ**

ജൂലൈ 27 ന് കാത്തലിക് ഡഫ് അസോസിയേഷൻ ഓഫ് ഇന്ത്യയുടെയും ആദം മിനിസ്ട്രിയുടെയും ആഭിമുഖ്യത്തിൽ ഓൺലൈൻ മീഡിയയിൽ വിശുദ്ധ കുർബാന അർപ്പിച്ച് വിശുദ്ധ അൽഫോൻസാമ്മയുടെ നൊവേന ചൊല്ലി പ്രാർത്ഥിച്ചു.

**ഓഗസ്റ്റ് മാസ പ്രോഗ്രാം**

06 – ആലക്കോട്
13 – ബാംഗ്ലൂർ
15 – ചാവറ, ഇരിട്ടി
27 – കൊല്ലം

**ഫാ. ജോർജ് കളരിമുറിയിൽ**
*ഡയറക്ടർ*

# സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ

### തലശ്ശേരി സെൻട്രൽ കൗൺസിൽ

പ്രിയ വിൻസെൻഷ്യൻ സഹോദരരെ,

വിൻസെൻഷ്യൻ ദൈവവിളി എന്നത് ദൈവകൃപയിൽ നിറഞ്ഞ് സ്നേഹത്തിന്റെ തികവിലും ക്രിസ്തുവുമായുള്ള ഐക്യത്തിലും ഒന്നുചേർന്ന് ഉപവി പ്രവർത്തനങ്ങളിലൂടെ വിശുദ്ധിയിലേക്ക് മുന്നേറുക എന്നുള്ളതാണല്ലോ. നമ്മുടെ ഉപവി പ്രവർത്തനങ്ങൾ കൂടുതൽ സജീവമാക്കുവാനും സഭയുടെ മിഷൻ പ്രവർത്തനത്തെ പ്രോത്സാഹിപ്പിക്കുവാനും നമുക്ക് കടമയുണ്ട്. മിഷൻ കേന്ദ്രങ്ങൾ സന്ദർശിച്ച് ധാർമിക പിന്തുണയും പ്രാർത്ഥനയും മറ്റു സഹായങ്ങളും നൽകി നമുക്ക് അതിൽ പങ്കുചേരാം.

മണിപ്പൂർ മേഖലയിൽ ക്രൈസ്തവർ നേരിടുന്ന ദുരിതങ്ങളിൽ അവരെ ആശ്വസിപ്പിക്കുവാനും സഹായിക്കുവാനും നമുക്ക് കടമയുണ്ട്. അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും അവിടുത്തെ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കുവേണ്ടി നമ്മളാൽ കഴിയുന്ന സഹായം ചെയ്യുകയും വേണം. ഇതിനായി നാഷണൽ കൗൺസിലിന്റെ ആഹ്വാനപ്രകാരം ഓഗസ്റ്റ് 6 ന് ഞായറാഴ്ച നമ്മുടെ കോൺഫറൻസ് യോഗങ്ങളിൽ എടുക്കുന്ന രഹസ്യപിരിവ് ഈ ആവശ്യത്തിലേക്ക് നമുക്ക് മാറ്റി വയ്ക്കാം. ഇങ്ങനെ സമാഹരിക്കുന്ന തുക മണിപ്പൂരിലെ ഇംഫാൽ സെൻട്രൽ കൗൺസിൽ വഴി ഏറ്റവും അർഹരായ ആളുകൾക്ക് തന്നെ കൃത്യമായി എത്തിച്ചേരും എന്നതിനാൽ സഹായം നൽകുന്നതിൽ യാതൊരു സന്ദേഹവും ആവശ്യമില്ല എന്ന് അറിയിക്കട്ടെ. കൂടുതൽ വിവരങ്ങൾ യഥാസമയം എ. സി പ്രസിഡന്റുമാർ വഴി കോൺഫറൻസുകളെ അറിയിക്കുന്നതാണ്.

**സുവർണ്ണ ജൂബിലി വർഷം**

നമ്മുടെ അതിരൂപതയിലെ താഴെപ്പറയുന്ന 9 കോൺഫറൻസുകൾ ഈ വർഷം സുവർണ്ണ ജൂബിലിയിലേക്ക് കടക്കുകയാണ്. സെന്റ് മേരിസ്

കോൺഫറൻസ് തേർമല, സെന്റ് തോമസ് കോൺഫറൻസ് തോമാപുരം, സെന്റ് സെബാസ്റ്റ്യൻസ് കോൺഫറൻസ് നെല്ലിക്കാംപൊയിൽ, മാർട്ടിൻ ഡി പോറസ് കോൺഫറൻസ് എണ്ണപ്പാറ, സെന്റ് തോമസ് കോൺഫറൻസ് കരിക്കോട്ടക്കരി, ലൂർദ് മാതാ കോൺഫറൻസ് ചെമ്പേരി, ദേവമാത കോൺഫറൻസ് പൈസക്കരി, സെന്റ് മേരീസ് കോൺഫറൻസ് കിളിയന്തറ, സെന്റ് മേരീസ് കോൺഫറൻസ് ചെറുപുഴ എന്നിവയാണവ. ഇതിൽ സെന്റ് തോമസ് കരിക്കോട്ടക്കരി, ലൂർദ് മാതാ ചെമ്പേരി എന്നീ കോൺഫറൻസുകൾ സുവർണ്ണ ജൂബിലി ആഘോഷങ്ങൾക്ക് തുടക്കം കുറിച്ചു. വിവിധങ്ങളായ എൻഡോവ്മെന്റുകൾക്കും ഭവന നിർമ്മാണങ്ങൾക്കും മറ്റ് സവിശേഷ പ്രവർത്തനങ്ങൾക്കും അവർ രൂപം നൽകി വരുന്നു.

**സൗജന്യ കലാ പരിശീലന കേന്ദ്രം**

സൊസൈറ്റിയുടെ നല്ലോംപുഴയിലുള്ള വിൻസെൻഷ്യൻ ഭവനിൽ ചായ്യോം ഇടവക വികാരി ഫാ. ലൂയിമരിയദാസിന്റെ നേതൃത്വത്തിലുള്ള ഗ്രാസിയ ഇൻറർനാഷണൽ ആർട്സ് അക്കാദമിയുടെ ഒരു യൂണിറ്റ് ആരംഭിച്ച് നിർധനരായ കുട്ടികൾക്ക് സൗജന്യ കലാ പരിശീലനം നൽകുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

**ഭവന നിർമ്മാണം**

ആലക്കോട് സെന്റ് മേരീസ് കോൺഫറൻസിന്റെ നേതൃത്വത്തിലും ചെമ്പേരി ലൂർദ് മാതാ പുരുഷ - വനിതാ കോൺഫറൻസുകളുടെ നേതൃത്വത്തിലും വെള്ളാട് സെന്റ് സെബാസ്റ്റ്യൻസ് പുരുഷ - വനിതാ കോൺഫറൻസുകളുടെ നേതൃത്വത്തിലും തലശ്ശേരി സെന്റ് ജോസഫ്സ് കോൺഫറൻസിന്റെ നേതൃത്വത്തിലും ഓരോ വീടുകൾ നിർമ്മിച്ച് ഭവനരഹിതർക്ക് നൽകുകയുണ്ടായി.

**അന്തർദേശീയ സംഘടനക്ക് പുതിയ അധ്യക്ഷൻ**

പാരീസ് ആസ്ഥാനമായി പ്രവർത്തിക്കുന്ന നമ്മുടെ സംഘടനയുടെ പതിനേഴാമത് പ്രസിഡൻറ് ജനറൽ ആയി സ്പെയിൻ സ്വദേശി ആയ ബ്ര. ജുവാൻ മാനുവൽ തെരഞ്ഞെടുക്കപ്പെട്ടു. 2023 സെപ്റ്റംബർ 27ന് അദ്ദേഹം പുതിയ പ്രസിഡന്റ് ആയി സ്ഥാനമേറ്റെടുക്കും.

**തലശ്ശേരി സെൻട്രൽ കൗൺസിലിന് പുതിയ സ്പിരിചൽ ഡയറക്ടർ**

തലശ്ശേരി അതിരൂപതയിലെ വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ സ്പിരിചൽ ഡയറക്ടറായി നിയമിതനായ ജോസഫ് വടക്കേപറമ്പിൽ അച്ചന് വിൻസെൻഷ്യൻ സമൂഹത്തിലേക്ക് ഹൃദ്യമായ സ്വാഗതം. അതോടൊപ്പം നാളിതുവരെ ഞങ്ങളെ നയിച്ച സെബാസ്റ്റ്യൻ ഇട്ടിയപ്പാറ അച്ചന് ഹൃദയപൂർവ്വം നന്ദി പറയുന്നു.

**ഭക്ഷണ ശുശ്രൂഷ**

ചരൽ സെന്റ് സെബാസ്റ്റ്യൻസ് കോൺഫറൻസ് എല്ലാ ആഴ്ചകളിലും നടത്തിവരുന്ന ഭക്ഷണ ശുശ്രൂഷ അഭിനന്ദനാർഹമായ വിധത്തിൽ തുടർന്നു വരുന്നു. സമീപ പ്രദേശങ്ങളിലെ അഗതി മന്ദിരങ്ങളിൽ അവർ എല്ലാ ശനിയാഴ്ചകളിലും വിഭവസമൃദ്ധമായ ഭക്ഷണം പാകം ചെയ്ത് എത്തിക്കുന്നു. ഇതിനു പിന്നിൽ നിസ്വാർത്ഥ സേവനം ചെയ്യുന്ന വിൻസെൻഷ്യൻ പ്രവർത്തകരെയും നേതൃത്വം നൽകുന്ന വികാരിയച്ചനെയും പ്രത്യേകം അഭിനന്ദിക്കുന്നു.

**ഇന്റേണൽ ടിന്നിംഗ്**

വിദേശ രാജ്യങ്ങളിൽ നിന്നുള്ള ടിന്നിംഗ് സഹായം കുറഞ്ഞു വരുന്ന സാഹചര്യത്തിൽ ഇന്ത്യയിലെ തന്നെ സാമ്പത്തികമായി മെച്ചപ്പെട്ട കോൺഫറൻസുകൾ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കോൺഫറൻസുകളെ ദത്തെടുത്തു സഹായിക്കണമെന്ന് നാഷണൽ കൗൺസിൽ നിർദ്ദേശിച്ചിട്ടുണ്ട്. നമ്മുടെ സിസിയിലും ഇന്റേണൽ ടിന്നിംഗ് ആരംഭിക്കുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്തുവരുന്നു.

**സോണൽ സെമിനാർ**

വിൻസെൻഷ്യൻ പ്രവർത്തനങ്ങളെപ്പറ്റിയും കണക്കെഴുതുന്നതിനെപ്പറ്റിയും കോൺഫറൻസ് ഭാരവാഹികളെ പരിശീലിപ്പിക്കുന്നതിനായി റീജിയണൽ തലത്തിൽ ക്ലാസുകൾ സംഘടിപ്പിച്ചു. ജൂൺ 10-ന് ഇരിട്ടി, ചെമ്പേരി റീജിയണിലും ജൂലൈ 8 ന് വെള്ളരിക്കുണ്ട്, ആലക്കോട് റീജിയനുകളിലും ക്ലാസുകൾ നടത്തി. വിജയപുരം സിസിയുടെ വൈസ് പ്രസിഡന്റ് അഡ്വ. ജസ്റ്റിൻ ഡേവിഡ് ക്ലാസുകൾക്ക് നേതൃത്വം നൽകി. കണക്കെഴുത്ത് സംബന്ധിച്ച ക്ലാസുകൾക്ക് സിസി യുടെ സീനിയർ വൈസ് പ്രസിഡൻറ് ബ്ര. കെ ടി ജോസഫ് കാരിക്കുന്നേൽ നേതൃത്വം നൽകി. ഓരോ കേന്ദ്രത്തിലും നൂറിലധികം ഭാരവാഹികൾ പങ്കെടുത്തു.

**ചികിത്സാസഹായം**

വാഹനാപകടത്തിൽ ഗുരുതരമായി പരിക്കേറ്റ് ചികിത്സയിലായിരുന്ന പാലത്തിൻകടവ് സ്വദേശിക്ക് പ്രത്യേക ചികിത്സാസഹായം നൽകുകയുണ്ടായി.

**യൂത്ത് ക്യാമ്പ്**

കെആർസിസിയുടെ നേതൃത്വത്തിൽ എറണാകുളം റിന്യൂവൽ സെന്ററിൽ നടന്ന വിൻസെൻഷ്യൻ യുവജന ക്യാമ്പിൽ നമ്മുടെ സിസിയിൽനിന്നും മൂന്ന് പ്രതിനിധികൾ പങ്കെടുത്തു. നെല്ലിക്കാംപൊയിൽ എസിയിൽനിന്നുള്ള അക്ഷയ്, അഭിഷേക്, ലെയന എന്നിവരാണ് പങ്കെടുത്തത്.

**അഭിനന്ദനങ്ങൾ**

കെആർസിസിയുടെ കർമ്മ ശ്രേഷ്ഠ പുരസ്കാരം ലഭിച്ച നമ്മുടെ സിസി യുടെ വൈസ് പ്രസിഡണ്ടും കെആർസിസി ജോയിന്റ് കോ-ഓർഡിനേറ്ററും ആയ ബ്ര. ബാബു ജോസഫ് കൊട്ടാരത്തിലിന് തലശ്ശേരി സെൻട്രൽ കൗൺസിലിന്റെ അഭിനന്ദനങ്ങൾ.

വായാട്ടുപറമ്പ് എസിയിലെ കരുവഞ്ചാൽ കോൺഫറൻസ്, ഇടവക യിൽ ഫുൾ എ പ്ലസ് നേടിയ വിദ്യാർത്ഥികളെ അനുമോദിക്കുകയും ക്യാഷ് അവാർഡ് നൽകുകയും ചെയ്തു.

**സൊസൈറ്റിയുടെ വാർഷികം**

സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി തലശ്ശേരി സെൻട്രൽ കൗൺസിലിന്റെ ഈ വർഷത്തെ വാർഷിക പൊതുയോഗം 2023 സെപ്റ്റം ബർ 2 ശനിയാഴ്ച രാവിലെ 9 മണി മുതൽ ആലക്കോട് സെൻറ് മേരീസ് പാരിഷ് ഹാളിൽ വച്ച് നടത്തുന്നതാണ്. അതിരൂപത അധ്യക്ഷൻ അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് വാർഷികം ഉദ്ഘാടനം ചെയ്യും. കെ ആർസിസി കോ-ഓർഡിനേറ്റർ ബ്ര. തോമസ് പുലിക്കോട്ടിൽ മുഖ്യാതിഥി ആയിരിക്കും. സ്പിരിചൽ ഡയറക്ടർ ഫാ. ജോസഫ് വടക്കേപറമ്പിൽ, മുൻ ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ ഇട്ടിയപ്പാറ, പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ജോർജ് തയ്യിൽ, നാഷണൽ കൗൺസിൽ വനിതാ പ്രതിനിധി സി. ജോളി സെബാസ്റ്റ്യൻ എന്നിവർ സംബന്ധിക്കും. ഓരോ കോൺഫറൻസിൽ നിന്നും മൂന്ന് പേരിൽ കുറയാതെ അംഗങ്ങളും എസി ഭാരവാഹികളും വാർഷിക ത്തിൽ സംബന്ധിക്കുവാൻ പരിശ്രമിക്കുമല്ലോ. കൂടുതൽ വിവരങ്ങൾ പിന്നാലെ അറിയിക്കുന്നതാണ്.

**ആദരാഞ്ജലികൾ**

സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി മേരിഗിരി ലിറ്റിൽ ഫ്ളവർ കോൺഫറൻസ് പ്രസിഡണ്ട്, പെരുമ്പടവ് എസി പ്രസിഡന്റ് എന്നീ നിലകളിൽ പ്രവർത്തിച്ച ബ്ര. ടോമി പഴയിടം, ചെമ്പേരി ലൂർദ് മാതാ കോൺഫറൻസ് അംഗമായിരുന്ന ബ്ര. വർക്കി പാറത്താനത്ത്, കുന്നോത്ത് എസിയുടെ പ്രഥമ പ്രസിഡണ്ടും കിളിയന്തറ സെൻറ് മേരീസ് കോൺ ഫറൻസ് അംഗവുമായിരുന്ന ബ്ര. കുര്യൻ മണ്ണനാൽ എന്നിവർ നിര്യാതരായി. പരേതരുടെ ആത്മശാന്തിക്കായി പ്രാർത്ഥിച്ചുകൊണ്ട്

വിൻസെൻഷ്യൻ സാഹോദര്യത്തിൽ,

**സണ്ണി നെടിയകാലായിൽ**
സി.സി. പ്രസിഡന്റ്

## ഓവർസീസ് അപ്ഡേറ്റ്സ്

### ഫാ. സാഫി പൗവ്വത്ത് Heuberg ഇടവക അഡ്മിനിസ്ട്രേറ്റർ

Rottenburg - Stuttgart രൂപതയിലെ Heuberg ഇടവകയുടെ അഡ്മിനിസ്ട്രേറ്റർ ആയി ബഹു. സാഫി പൗവത്ത് അച്ചൻ നിയമിതനായി. 2023 ജൂലൈ 9 നു വൈകുന്നേരം 3 നു Maria Königin Church, Nusplingen നിൽ വച്ച് നടന്ന പ്രൗഢഗംഭീരമായ സ്ഥാനാരോഹണ ചടങ്ങിൽ ധാരാളം ജർമൻ – മലയാളി വൈദികരും സാഫി അച്ചന്റെ ബന്ധുമിത്രാദികളും, ഇടവകാംഗങ്ങളും പങ്കെടുത്തു. സ്ഥാനം ഏല്പിക്കൽ ചടങ്ങിന് തലശ്ശേരി അതിരൂപ താംഗവും നോർബടൈൻ സന്യാസ സഭാംഗമായ ബഹു. ആഗസ്തി അച്ചൻ നേതൃത്വം നൽകി. ബിഷപ്പിന്റെ നിയമനപത്രിക ഇടവക കോർഡിനേറ്റർ വായിച്ചു. പ്രതീകാത്മകമായി താക്കോൽ ഏറ്റുവാങ്ങിയാണ് ബഹു. സാഫി അച്ചൻ ചുമതല ഏറ്റെടുത്തത്. കുട്ടികളുടെ ആശംസഗാനവും, Alphorn ഉപയോഗിച്ചുകൊണ്ടുള്ള സംഗീതവും വിശുദ്ധ കുർബാനയിൽ മലയാള ഗീതങ്ങൾ ആലപിച്ചതും വേറിട്ട ഒരു അനുഭവമായി. Nusplinganile മേയറും Evangelishe Church വികാരിയും റോട്ടേൻ ബർഗ് രൂപതയിൽ ജോലിചെയ്യുന്ന ഇതര രാജ്യങ്ങളിലെ വൈദികരുടെ ചുമതല ഏറ്റെടുക്കാൻ നിയുക്തനായിരിക്കുന്ന ബഹു. ഫാ. ഫ്രാൻസിസ് കൊട്ടാരത്തിൽ ചടങ്ങുകളിൽ പങ്കെടുക്കാനും ആശംസകൾ അറിയിക്കാനും എത്തിയിരുന്നു. സ്നേഹവിരുന്നോടെ ചടങ്ങുകൾ സമാപിച്ചു.

**ഫാ. ജോസഫ് വേങ്ങക്കുന്നേൽ**

# സോഷ്യൽ സർവ്വീസ് അപ്പൊസ്റ്റോലേറ്റ്

ടി. എസ്. എസ്. എസ്.

**സ്വാഗതം**

തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ പുതിയ അസി. ഡയറക്ടറായി നിയമിതനായ പ്രിയപ്പെട്ട ബിബിൻ വരമ്പകത്ത് അച്ചന് TSSS കൂട്ടായ്മയിലേക്ക് സ്നേഹപൂർവ്വം സ്വാഗതം.

**TSSS SAJEEVAM ANTI-DRUG CAMPAIGN**

* സമൂഹത്തെയും പുതുതലമുറയേയും നശിപ്പിച്ചുകൊണ്ടിരിക്കുന്ന ലഹരിക്കെതിരെ ലോകലഹരിവിരുദ്ധ ദിനത്തോടനുബന്ധിച്ച് TSSS-ന്റെ നേതൃത്വത്തിൽ പട്ടാനൂർ ഹയർ സെക്കന്ററി സ്കൂളിൽ ബോധവൽക്കരണക്ലാസ്സും, മോണോ ആക്ടും സംഘടിപ്പിച്ചു. മട്ടന്നൂർ എക്സൈസ് ഡിപ്പാർട്ട്മെന്റിന്റെ സഹകരണത്തോടെ ഒരുക്കിയ പരിപാടിയിൽ 100-ഓളം വിദ്യാർത്ഥികൾ പങ്കെടുത്തു.
* ലോകലഹരിവിരുദ്ധ ദിനാചരണത്തിന്റെ ഭാഗമായി തലശ്ശേരിയിൽ വിദ്യാർത്ഥികൾക്കായി വിവിധ പരിപാടികൾ സംഘടിപ്പിച്ചു. തലശ്ശേരി സന്ദേശഭവനിൽ വച്ച് നടത്തിയ പരിപാടിയുടെ ഉദ്ഘാടനം തലശ്ശേരി സെഷൻസ് കോടതി ജഡ്ജി ശ്രീ. സമീർ അഹമ്മദ് നിർവ്വഹിച്ചു.
* സജീവം ആന്റി ഡ്രഗ് ക്യാമ്പയിന്റെയും ലോകലഹരിവിരുദ്ധ ദിനാചരണത്തിന്റെയും ഭാഗമായി പേരാവൂർ മേഖലയിലെ SHG മെമ്പർമാർക്കായി സംഘടിപ്പിച്ച ബോധവൽക്കരണക്ലാസിൽ 70-ഓളം മെമ്പർമാർ പങ്കെടുത്തു.
* സജീവം ആന്റി ഡ്രഗ് ക്യാമ്പയിന്റെയും ലോകലഹരിവിരുദ്ധ ദിനാചരണത്തിന്റെയും ഭാഗമായി തലശ്ശേരി അതിരൂപതയിലെ

എല്ലാ ഇടവകകളിലും ലഹരിക്കെതിരെ പ്രതിജ്ഞയും ബോധവൽക്കരണങ്ങളും സംഘടിപ്പിച്ചു. അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവിന്റെ സർക്കുലർ എല്ലാ ഇടവകകളിലും വൈദികർ വായിച്ചുകൊണ്ട് ലഹരി വിരുദ്ധയജ്ഞത്തിൽ പങ്കാളികളായി.

**56-ാം TSSS വാർഷിക പൊതുയോഗം**

തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ 56-ാമത് വാർഷിക പൊതുയോഗം 2023 ജൂലൈ 29 ശനിയാഴ്ച ഉച്ചയ്ക്ക് 1 മണിക്ക് കുന്നോത്ത് സെന്റ് തോമസ് പാരിഷ് ഹാളിൽവച്ച് സംഘടിപ്പിച്ചു. TSSS പ്രസിഡണ്ടും തലശ്ശേരി അതിരൂപതാ വികാരി ജനറാളുമായ മോൺ. ആന്റണി മുതുകുന്നേൽ അദ്ധ്യക്ഷത വഹിച്ച ചടങ്ങിന്റെ ഉദ്ഘാടനകർമ്മം അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് നിർവ്വഹിച്ചു. TSSS ഡയറക്ടർ ഫാ. ബെന്നി നിരപ്പേൽ ആമുഖ പ്രഭാഷണം നടത്തുകയും റിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്തു. TSSS അസി. ഡയറക്ടർ ഫാ. ബിബിൻ വരമ്പകത്ത് ചടങ്ങിന് നന്ദി അർപ്പിച്ചു. TSSS അതിരൂപതാ പ്രസിഡണ്ട് ശ്രീ. ജോഷി കുന്നത്ത്, അതിരൂപതാ സെക്രട്ടറി ശ്രീമതി വത്സമ്മ ജോൺ, TSSS സ്റ്റാഫ് അംഗങ്ങൾ, 30000-ത്തിലധികം വരുന്ന TSSS മെമ്പർമാരുടെ പ്രതിനിധികളായി എല്ലാ മേഖലകളിൽ നിന്നും ഭാരവാഹികൾ തുടങ്ങിയവർ ചടങ്ങിൽ സംബന്ധിച്ചു. അതിരൂപതയിലെ മികച്ച യൂണിറ്റ് ഡയറക്ടറച്ചന്മാരെയും മികച്ച പ്രവർത്തനങ്ങൾ നടത്തിയ മേഖലാ പ്രസിഡണ്ട്, സെക്രട്ടറി എന്നിവരെയും ചടങ്ങിൽ ആദരിച്ചു. കൂടാതെ തെരഞ്ഞെടുത്ത മേഖലകളെയും യൂണിറ്റുകളെയും മൊമെന്റോ, ട്രോഫി, ഗ്രേഡ് സർട്ടിഫിക്കറ്റ് എന്നിവ നൽകി അനുമോദിച്ചു. മികച്ച കർഷകർക്ക് പ്രശസ്തിപത്രം നൽകി ആദരിക്കുകയും, ദിവ്യാംഗതരായ വിദ്യാർത്ഥികൾക്ക് വീൽ ചെയർ വിതരണം നടത്തുകയും ചെയ്തു.

**നേതൃസംഗമം**

തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ 56-ാമത് വാർഷിക പൊതുയോഗത്തോടനുബന്ധിച്ച് എല്ലാ മേഖലകളിലെയും റീജിയണൽ ഡയറക്ടർ, പ്രസിഡണ്ട്, സെക്രട്ടറി എന്നിവർക്കായി കരുവഞ്ചാലിൽവച്ച് നേതൃസംഗമം സംഘടിപ്പിച്ചു. പ്രസ്തുത മീറ്റിംഗിൽ വാർഷികപൊതുയോഗ ചടങ്ങിനോടനുബന്ധിച്ച് നടത്തേണ്ട പ്രവർത്തനങ്ങളെക്കുറിച്ചും ക്രമീകരണങ്ങളെക്കുറിച്ചും ആശയവിനിമയം നടത്തി. TSSS പ്രസിഡണ്ടും തലശ്ശേരി അതിരൂപതാ വികാരി ജനറാളുമായ മോൺ. ആന്റണി മുതുകുന്നേൽ അദ്ധ്യക്ഷത വഹിച്ച ചടങ്ങിന് ഡയറക്ടർ ഫാ. ബെന്നി

നിരപ്പേൽ, അസി. ഡയറക്ടർ ഫാ. ബിബിൻ വരമ്പകത്ത് തുടങ്ങിയവർ നേതൃത്വം നൽകി.

വാർഷിക പൊതുയോഗത്തോടനുബന്ധിച്ച് 2023 ജൂലൈ 19 ബുധനാഴ്ച തലശ്ശേരിയിൽ ഇവാലുവേഷൻ സംഘടിപ്പിച്ചു. മികച്ച യൂണിറ്റുകളെ തിരഞ്ഞെടുക്കുന്നതിനായി പ്രത്യേകം സംഘടിപ്പിച്ച മീറ്റിംഗിൽ എല്ലാ മേഖലകളിൽ നിന്നുമായി പ്രസിഡണ്ട്/സെക്രട്ടറിമാർ പങ്കെടുത്തു.

**കാൻസർ പരിശോധനാക്യാമ്പ്**

കാൻസർ രോഗത്തെ നേരത്തേ കണ്ടെത്തി നിയന്ത്രണ വിധേയമാക്കാനും, നമ്മുടെ കുടുംബത്തേയും നാടിനേയും കാൻസർ വിമുക്തമാക്കി മാറ്റാനും തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ മലബാർ കാൻസർ സെന്ററിന്റെ സഹകരണത്തോടെ കണ്ണൂർ, കാസർഗോഡ് ജില്ലകളിലായി സൗജന്യ കാൻസർ പരിശോധനാക്യാമ്പുകൾ നടത്തി വരുന്നു. മലബാർ കാൻസർ സെന്ററിലെ ഓങ്കോളജി വിഭാഗത്തിലെ വിദഗ്ധ ഡോക്ടർമാരുടെ നേതൃത്വത്തിൽ വായിലെ കാൻസർ, സ്തനാർബുദം, ഗർഭാശയ കാൻസർ തുടങ്ങിയവയുടെ പരിശോധനകളാണ് ക്യാമ്പുകളിൽ സംഘടിപ്പിച്ചുവരുന്നത്. കൃത്യമായ പരിശോധനയിലൂടെയും ഉചിതമായ ചികിത്സാരീതികളിലൂടെയും നിരവധിപേരെ രോഗമുക്തരാക്കാനും സഹായിക്കാനും ഇതുവഴി സാധിച്ചിട്ടുണ്ട്. ആലക്കോട്, നെല്ലിക്കാംപൊയിൽ, തോമാപുരം തുടങ്ങിയ മേഖലകളിൽ സംഘടിപ്പിക്കുന്ന ക്യാമ്പുകളുടെ കൂടുതൽ വിവരങ്ങൾക്ക് അതാത് മേഖലയിലെ TSSS സ്റ്റാഫ് അംഗങ്ങളെ ബന്ധപ്പെടാവുന്നതാണ്.

**ഫാ. ബിബിൻ വരമ്പകത്ത്**
*അസി. ഡയറക്ടർ*

**ഫാ. ബെന്നി നിരപ്പേൽ**
*ഡയറക്ടർ*

# എയ്ഞ്ചൽ ട്രസ്റ്റ്

### ഏയ്ഞ്ചൽ ഡയാലിസിസ് സെൻ്റർ

അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് പിതാവിന്റെ പൗരോഹിത്യ സുവർണ്ണജൂബിലി സ്മാരകമായി തലശ്ശേരി അതിരൂപത രൂപം നൽകിയ ഏയ്ഞ്ചൽ ട്രസ്റ്റിന്റെ കണ്ണൂർ ജില്ലയിലെ രണ്ടാമത്തെ സംരംഭമായി പ്രവർത്തനമാരംഭിച്ച ഡയാലിസിസ് സെന്ററിന്റെ സേവനങ്ങൾ മലയോര ജനതയ്ക്കായി സമർപ്പിച്ചു. ഇരിട്ടി - കടത്തുംകടവിൽ പ്രവർത്തനമാരംഭിച്ച ഡയാലിസിസ് സെന്ററിൽ വിദഗ്ധ ഡോക്ടർ മാരുടെയും ടീം അംഗങ്ങളുടെയും സേവനങ്ങളാണ് ഒരുക്കിയിരി ക്കുന്നത്. നിർധനരായ വൃക്കരോഗികൾ തങ്ങളുടെ ഫൊറോനകൾ മുഖേനയോ, ഇടവകാ വികാരിയച്ചന്മാർ മുഖേനയോ ഏയ്ഞ്ചൽ ഡയാലിസിസ് സെന്ററിന്റെ സേവനങ്ങൾ പരമാവധി ഉപകാരപ്രദ മാക്കുവാൻ ശ്രമിക്കുമല്ലോ.

### ഏയ്ഞ്ചൽ - പണമിടപാടുകൾ

ഏയ്ഞ്ചൽ ഡയാലിസിസ് സെന്ററിന്റെ സാമ്പത്തിക ഇടപാടു കൾ കൂടുതൽ സുഗമമാക്കുന്നതിനായി എല്ലാ ഫൊറോനകളിലും ബാങ്ക് അക്കൗണ്ടുകളുടെ പാസ്ബുക്കുകളും, പണമിടപാടുകൾ നടത്തുന്നതിനായി റെസീപ്റ്റ് ബുക്കുകളും ചെക്ക് ബുക്കുകളും ലഭ്യമാക്കിയിട്ടുണ്ട്. പരമാവധി 2000/- (രണ്ടായിരം) രൂപ വരെ പണ മായിട്ട് വാങ്ങുന്നതായിരിക്കും കൂടുതൽ ഉചിതം. സുതാര്യത ഉറപ്പുവരുത്തുന്നതിനായി സംഭാവനയായി ലഭിക്കുന്ന തുക പരമാവധി ബാങ്ക് വഴി ഇടപാടുകൾ നടത്തുവാൻ ശ്രമിക്കേണ്ടതാണ്. 80G ഉള്ളതിനാൽ ഓഡിറ്ററുടെ നിർദ്ദേശപ്രകാരം ലഭിച്ച സംഭാവനകളുടെ കണക്കുകൾ ഇൻകംടാക്സിൽ സമർപ്പിക്കുമ്പോൾ തുക നൽകുന്ന വ്യക്തിയുടെ പാൻ നമ്പർകൂടി ചേർക്കേണ്ടതാണ്. അതിനാൽ

പണമായോ ചെക്ക് ആയോ സംഭാവനകൾ തരുന്നവരുടെ ആധാർ കാർഡിന്റെയും പാൻകാർഡിന്റെയും ഒരോ കോപ്പി വീതം വാങ്ങിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

ഏറ്റവും അർഹതപ്പെട്ട രോഗികൾക്ക് മാത്രം കൂപ്പൺ നൽകുവാൻ എല്ലാ ഫൊറോനകളിൽ നിന്നും പ്രത്യേകം ശ്രദ്ധിക്കേണ്ടതും, ട്രസ്റ്റുമായി ബന്ധപ്പെട്ട എല്ലാ ചിലവുകളും വൗച്ചർ എഴുതി കണക്കുകൾ കൃത്യമായി സൂക്ഷിക്കേണ്ടതുമാണ്.

**പ്രത്യേക അറിയിപ്പ്**

2023 മാർച്ച് 31-ഓടു കൂടി ഈ സാമ്പത്തിക വർഷം പൂർത്തിയാകുന്നതിനാലും, 2022-23 വർഷത്തെ സാമ്പത്തിക ഇടപാടുകളുടെ ഓഡിറ്റ് നടത്തേണ്ടതിനാലും, എല്ലാ ഫൊറോനകളിൽനിന്നുമുള്ള ഏയ്ഞ്ചൽ ട്രസ്റ്റിന്റെ വരവ് - ചെലവ് കണക്കുകളും, സാമ്പത്തിക സഹായങ്ങൾ ലഭിച്ചതിന്റെയും, നൽകിയതിന്റെയും വിവരങ്ങളും, ബാങ്ക് സ്റ്റേറ്റ്മെന്റുകളും +917034532294 എന്ന വാട്സ്ആപ്പ് നമ്പറിലോ, tsssacc@gmail.com എന്ന മെയിൽ ഐഡിയിലോ അയയ്ക്കുവാൻ പ്രത്യേകം ഓർമ്മിപ്പിക്കുന്നു.

കൂടാതെ, ഏതെങ്കിലും ഫൊറോനകളിൽ ഏയ്ഞ്ചൽ ട്രസ്റ്റിന്റെ ചെക്ക് ബുക്കുകൾ, കൂപ്പൺ, റെസീപ്റ്റ് എന്നിവ തീർന്നിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം തലശ്ശേരി കേന്ദ്ര ഓഫീസിൽ അറിയിക്കുകയാണെങ്കിൽ അവ എത്രയും വേഗം ലഭ്യമാക്കുന്നതിനുള്ള ക്രമീകരണം നടത്തുന്നതായിരിക്കും. പ്രിയ ബഹുമാനപ്പെട്ട ഫൊറോന വികാരിയച്ചന്മാരുടെയും ഏയ്ഞ്ചൽ ട്രസ്റ്റിന്റെ ഉത്തരവാദിത്വമുള്ള അച്ചന്മാരുടെയും സഹകരണം സ്നേഹപൂർവ്വം അപേക്ഷിക്കുന്നു.

E-mail : angeltrust50@gmail.com
കൂടുതൽ വിവരങ്ങൾക്ക് : +918281955563

**ഫാ. ജിൻസ് വാളിപ്ലാക്കൽ**
*കോർഡിനേറ്റർ, ഏയ്ഞ്ചൽ ട്രസ്റ്റ്*

**ഫാ. ബെന്നി നിരപ്പേൽ**
*മാനേജിംഗ് ട്രസ്റ്റി, ഏയ്ഞ്ചൽ ട്രസ്റ്റ്*

# ബയോ മൗണ്ടൻ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി

**കറിപൗഡർ യൂണിറ്റ് ഉദ്ഘാടനം**

കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സഹകരണത്തോടെ കാർഷിക മേഖലയുടെയും കർഷകരുടെയും ഉന്നമനം ലക്ഷ്യം വച്ചുകൊണ്ട് തലശ്ശേരി അതിരൂപതയുടെ നേതൃത്വത്തിൽ പ്രവർത്തിച്ചുവരുന്ന ബയോ മൗണ്ടൻ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനിയുടെ പ്രഥമ വ്യവസായ സംരംഭമായ കറിപൗഡർ യൂണിറ്റ് 2023 ജൂലൈ 29 ശനിയാഴ്ച രാവിലെ 10.30-ന് നാടിന് സമർപ്പിച്ചു. **അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് അദ്ധ്യക്ഷത വഹിച്ച ചടങ്ങിന്റെ ഉദ്ഘാടകർമ്മം ബഹു. കേരള വ്യവസായ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവ് അവർകൾ നിർവ്വഹിച്ചു.** മായങ്ങളും കീടനാശിനികളും മറ്റു അസംസ്കൃത വസ്തുക്കളും ചേർത്ത് മനുഷ്യന്റെ ആരോഗ്യത്തിന് പ്രതിസന്ധികൾ സൃഷ്ടിച്ചുകൊണ്ടിരിക്കുന്ന കാർഷിക ഉൽപന്നങ്ങളെ പാടെ ഉപേക്ഷിച്ചുകൊണ്ട് ഏറ്റവും ശുദ്ധവും ആരോഗ്യകരവുമായ ഭക്ഷണപദാർത്ഥങ്ങളെ ജനങ്ങളിലേക്കെത്തിക്കുക എന്ന വലിയ ഉത്തരവാദിത്വമാണ് ബയോ മൗണ്ടൻ കമ്പനി ഇതിലൂടെ ലക്ഷ്യം വയ്ക്കുന്നത്.

ബയോ മൗണ്ടൻ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി മാനേജിംഗ് ഡയറക്ടർ ഫാ. ബെന്നി നിരപ്പേൽ സ്വാഗതം ആശംസിച്ച ചടങ്ങിൽ ബയോ മൗണ്ടൻ കമ്പനി ചെയർമാനും അതിരൂപതാ വികാരി ജനറാളുമായ മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി ആമുഖ പ്രഭാഷണം നടത്തി. കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി RABI ഹെഡ് ഡോ. കെ.പി. സുധീർ ചടങ്ങിൽ മുഖ്യപ്രഭാഷണം നടത്തി. പേരാവൂർ നിയോജക മണ്ഡലം എം.എൽ.എ. അഡ്വ. സണ്ണി ജോസഫ്, ആർച്ച്ബിഷപ്പ് എമരിറ്റസ് മാർ ജോർജ് ഞറളക്കാട്ട്, കണ്ണൂർ നിയോജകമണ്ഡലം എം.എൽ.എ. ശ്രീ. കടന്നപ്പള്ളി രാമചന്ദ്രൻ,

ആർച്ച്ബിഷപ്പ് എമരിറ്റസ് മാർ ജോർജ് വലിയമറ്റം, ഇരിക്കൂർ നിയോജക മണ്ഡലം എം.എൽ.എ. അഡ്വ. സജീവ് ജോസഫ്, കണ്ണൂർ ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡണ്ട് ശ്രീ. ബിനോയി കുര്യൻ, അതിരൂപതാ വികാരി ജനറാൾ മോൺ. ആന്റണി മുതുകുന്നേൽ, ഇരിട്ടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് ശ്രീ. കെ. വേലായുധൻ, പായം ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് ശ്രീമതി പി. രജനി, പായം ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട്, അഡ്വ. വിനോദ് കുമാർ, കുന്നോത്ത് ഫൊറോനാ വികാരി റവ. ഫാ. അഗസ്റ്റിൻ പാണ്ട്യാംമാക്കൽ, പായം ഗ്രാമപഞ്ചായത്ത് വാർഡ് മെമ്പർ ശ്രീ. സുഭാഷ് രാജൻ, ബയോ മൗണ്ടൻ ബോർഡ് മെമ്പർ ശ്രീ. പി.ടി. ജോസ് തുടങ്ങിയവർ ആശംസ അർപ്പിച്ചു സംസാരിച്ചു. ബയോ മൗണ്ടൻ കമ്പനി എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. ലൂക്കോസ് മാടശ്ശേരി ചടങ്ങിന് നന്ദിയർപ്പിച്ചു.

### സ്പെഷ്യൽ ജനറൽബോഡി മീറ്റിംഗ്

തലശ്ശേരി സന്ദേശഭവൻ ജൂബിലി ഹാളിൽ ബയോ മൗണ്ടൻ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനിയുടെ പ്രവർത്തന പുരോഗതികൾ വിലയിരുത്തുന്നതിനായി ഭാവി പരിപാടികൾ ആസൂത്രണം ചെയ്യുന്നതിനും സ്പെഷ്യൽ ജനറൽബോഡി മീറ്റിംഗ് സംഘടിപ്പിച്ചു. ബയോ മൗണ്ടൻ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി ചെയർമാൻ മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി അച്ചന്റെ അദ്ധ്യക്ഷത വഹിച്ച മീറ്റിംഗിൽ അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് അനുഗ്രഹപ്രഭാഷണം നടത്തി. മീറ്റിംഗിൽ ബയോ മൗണ്ടൻ കമ്പനി മാനേജിംഗ് ഡയറക്ടർ ഫാ. ബെന്നി നിരപ്പേൽ നിലവിലെ പ്രവർത്തനങ്ങളെക്കുറിച്ച് വിവരിക്കുകയും കണക്കുകൾ അവതരിപ്പിക്കുകയും ചെയ്തു. ബയോ മൗണ്ടൻ കമ്പനി എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. ലൂക്കോസ് മാടശ്ശേരി ചടങ്ങിൽ സംബന്ധിച്ചവർക്ക് നന്ദിയർപ്പിച്ചു സംസാരിച്ചു. 96 പേർ മീറ്റിംഗിൽ പങ്കെടുത്തു.

### ചർച്ച സംഘടിപ്പിച്ചു

കുന്നോത്ത് ആരംഭിച്ച ബയോ മൗണ്ടൻ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനിയുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും നിർദ്ദേശങ്ങൾക്കുമായി അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവിനോടൊപ്പം ബയോ മൗണ്ടൻ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി ചെയർമാനും വികാരി ജനറാളുമായ മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി അച്ചനും കണ്ണൂർ വ്യവസായ വകുപ്പ് ജനറൽ മാനേജർ ശ്രീ. എ.എസ്. ഷിറാസ് അവർകളുമായി ആശയവിനിമയം നടത്തി.

**ഫാ. ലൂക്കോസ് മാടശ്ശേരി**
*എക്സിക്യൂട്ടീവ് ഡയറക്ടർ*

**മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി**
*ചെയർമാൻ*

**ഫാ. ജോജോ പൊടിമറ്റം**
*കോർഡിനേറ്റർ*

**ഫാ. ബെന്നി നിരപ്പേൽ**
*മാനേജിംഗ് ഡയറക്ടർ*

വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന്

## മാർ ജോസഫ് പാംപ്ലാനി

**ജൂൺ 2023**

26 മദ്യവിരുദ്ധ സമിതി, മുക്തിശ്രീ പ്രവർത്തനവർഷ ഉദ്ഘാടനം പ്രതീക്ഷയിൽവച്ച് നടത്തി. ഉച്ചയ്ക്കുശേഷം മേരിഗിരി ഫൊറോനാ ദൈവാലയത്തിന്റെ നവീകരിച്ച അൾത്താരയുടെ വെഞ്ചരിപ്പുകർമ്മം നിർവ്വഹിച്ചു. വൈകുന്നേരം പരിയാരം സാൻജോസ് ഭവനിലെത്തി മരണമടഞ്ഞ സി. ക്രിസ്റ്റീനാ എം.എസ്.എം.ഐയ്ക്കുവേണ്ടി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

27 രാവിലെ മൈനർ സെമിനാരി വിദ്യാർത്ഥികൾക്കുവേണ്ടി ദിവ്യബലിയർപ്പിച്ച് വചനസന്ദേശം നൽകി. പത്തുമണിയോടെ പേരാവൂർ ഫൊറോനായുടെ പാരീഷ് കൗൺസിൽ മീറ്റിംഗ് ഉദ്ഘാടനം ചെയ്ത് കൗൺസിൽ അംഗങ്ങളുമായി സംവദിച്ചു. ഉച്ചയ്ക്കുശേഷം എടൂർ ഫൊറോനായുടെ പാരീഷ് കൗൺസിൽ മീറ്റിംഗ് ഉദ്ഘാടനം ചെയ്ത് കൗൺസിൽ അംഗങ്ങളുമായി സംവദിച്ചു. വൈകുന്നേരം സീറോമലബാർ വിശ്വാസപരിശീലന കമ്മീഷന്റെ ഓൺലൈൻ സെഷനിൽ ക്ലാസ്സ് നയിച്ചു.

28 മണിക്കടവ് ഫൊറോനായുടെ പാരീഷ് കൗൺസിൽ മീറ്റിംഗ് ഉദ്ഘാടനം ചെയ്ത് കൗൺസിൽ അംഗങ്ങളുമായി സംവദിച്ചു. തുടർന്ന് മണിക്കടവ് ടൗണിൽ സംഘടിപ്പിച്ച മണിപ്പൂർ കലാപബാധിതർക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ടുള്ള മീറ്റിംഗ് ഉദ്ഘാടനം ചെയ്ത് സംസാരിച്ചു. ഉച്ചയ്ക്കുശേഷം പൈസക്കരി ഫൊറോനായുടെ പാരീഷ് കൗൺസിൽ മീറ്റിംഗ് ഉദ്ഘാടനം ചെയ്ത് കൗൺസിൽ അംഗങ്ങളുമായി സംവദിച്ചു.

29 രാവിലെ കുന്നോത്ത് സെമിനാരിയിൽ ദിവ്യബലിയർപ്പിക്കുകയും പുതുതായി പണികഴിപ്പിച്ച ഓഡിറ്റോറിയത്തിന്റെ വെഞ്ചരിപ്പുകർമ്മത്തിൽ പങ്കെടുക്കുകയും ചെയ്തു. പത്തുമണിയോടെ വായാട്ടുപറമ്പ് ഫൊറോനായുടെ പാരീഷ് കൗൺസിൽ മീറ്റിംഗ് ഉദ്ഘാടനം ചെയ്ത് കൗൺസിൽ അംഗങ്ങളുമായി സംവദിച്ചു. തുടർന്ന് കരുവഞ്ചാൽ ആശുപത്രിയിൽ ചികിത്സയിലായിരുന്ന ഫാ. തോമസ് തെങ്ങുംപള്ളിയെ സന്ദർശിച്ചു. ഉച്ചയ്ക്കുശേഷം ആലക്കോട് ഫൊറോനായുടെ പാരീഷ് കൗൺസിൽ മീറ്റിംഗ് ഉദ്ഘാടനം ചെയ്ത് കൗൺസിൽ അംഗങ്ങളുമായി സംവദിച്ചു. വൈകുന്നേരം കരുവഞ്ചാൽ പ്രീസ്റ്റ്ഹോമിൽവച്ച് നടത്തിയ ബഹു.

ജോസഫ് കരിനാട്ട് അച്ചന്റെ ജൂബിലി മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു. തുടർന്ന് വിമൽജ്യോതി എഞ്ചിനീയറിംഗ് കോളേജിൽവച്ച് നടത്തപ്പെട്ട വൈദികരുടെ ബാഡ്മിന്റൺ മത്സരം ഉദ്ഘാടനം ചെയ്തു.

30 രാവിലെ തലശ്ശേരി നസ്രത്ത് കോൺവെന്റിൽ ദിവ്യബലിയർപ്പിച്ചു. അതിരൂപതാ കേന്ദ്രത്തിൽ വിവിധ സന്ദർശകരെ സ്വീകരിച്ചു. ഉച്ചയ്ക്കുശേഷം കുന്നോത്ത് ഫൊറോനായുടെ പാരീഷ് കൗൺസിൽ മീറ്റിംഗ് ഉദ്ഘാടനം ചെയ്ത് കൗൺസിൽ അംഗങ്ങളുമായി സംവദിച്ചു. രാത്രി ഒൻപതിന് ചേർന്ന പബ്ലിക് അഫയേഴ്സ് കമ്മീഷന്റെ ഓൺലൈൻ മീറ്റിംഗിൽ പങ്കെടുത്തു. തുടർന്ന് അതിരൂപതാ കേന്ദ്രത്തിൽവച്ച് നടത്തപ്പെട്ട കൂരിയാ മീറ്റിംഗിന് അധ്യക്ഷത വഹിച്ചു.

**ജൂലൈ 2023**

01 രാവിലെ മണിപ്പാറ ഇടവകയിൽവച്ച് ആഞ്ഞിലിത്തോപ്പിൽ അനൂപിന്റെയും ഇല്ലിക്കൽ നീനുവിന്റെയും വിവാഹം ആശീർവ്വദിച്ചു. ഉച്ചയ്ക്കുശേഷം കരുവഞ്ചാൽ സെന്റ് ജോസഫ്സ് ആശുപത്രിയിൽ നവീകരിച്ച മുറികളുടെ വെഞ്ചരിപ്പുകർമ്മം നിർവ്വഹിച്ചു. വൈകുന്നേരം നെല്ലിയടുക്കം ദൈവാലയത്തിന്റെ നവീകരിച്ച അൾത്താരയുടെ വെഞ്ചരിപ്പുകർമ്മം നിർവ്വഹിച്ചു.

02 പുന്നക്കുന്ന് ഇടവകാ ദൈവാലയത്തിൽ ഇടയസന്ദർശനം നടത്തി.

03 രാവിലെ കനീലടുക്കം ഇടവകയുടെ രജത ജൂബിലിയോടനുബന്ധിച്ച് ദിവ്യബലിയർപ്പിക്കുകയും വചനസന്ദേശം നൽകുകയും ചെയ്തു. വൈകുന്നേരം പൈസക്കരി ഫൊറോനാ ദൈവാലയത്തിന്റെ പ്ലാറ്റിനം ജൂബിലിയോടനുബന്ധിച്ച് ദിവ്യബലിയർപ്പിക്കുകയും വചനസന്ദേശം നൽകുകയും ചെയ്തു. തുടർന്ന് പൈസക്കരി ഇടവകയിൽ മരണപ്പെട്ട സെബാസ്റ്റ്യൻ കുരിശുംമൂട്ടിലിനുവേണ്ടി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. രാത്രി 9 ന് ഓൺലൈനായി ചേർന്ന പെർമനന്റ് സിനഡിൽ പങ്കെടുത്തു.

04 തലശ്ശേരി സന്ദേശഭവനിൽവച്ച് നടത്തിയ വൈദികരുടെ റീഫ്രെഷർ കോഴ്സിന്റെ ആദ്യബാച്ച് ഉദ്ഘാടനം ചെയ്തു. വൈദികരുമായി വ്യക്തിപരമായി കൂടിക്കാഴ്ച നടത്തി. ഉച്ചയോടെ അതിരൂപതാ കേന്ദ്രത്തിലെത്തിയ ഫിയാത്ത് മിഷൻ അംഗങ്ങളെ സ്വീകരിച്ചു. വൈകുന്നേരം പേരാവൂരിൽ മരണപ്പെട്ട മേരി ജോർജ് കുടക്കച്ചിറയുടെ ഭവനത്തിലെത്തി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

05-06 റീഫ്രെഷർ കോഴ്സിലായിരിക്കുന്ന വൈദികരുമായി കൂടിക്കാഴ്ച നടത്തി.

07 കുന്നോത്ത് മേജർ സെമിനാരി വിദ്യാർത്ഥികൾക്കായി ക്ലാസ്സ് നയിച്ചു. ഉച്ചയ്ക്കുശേഷം ഏഷ്യാനെറ്റ് ചാനലിന് അഭിമുഖം നൽകി.

08 കിളിയന്തറ പള്ളിയിൽവച്ച് കുര്യൻ മണ്ണാനാലിന്റെ മൃതസംസ്കാര ശുശ്രൂഷയിൽ കാർമ്മികത്വം വഹിച്ചു. വൈകുന്നേരം കോലുവള്ളി ഇട വകാ ദൈവാലയത്തിൽവച്ച് സോണി കുര്യൻ തെന്നാടിയിലിന്റെയും ആൽഫി ജോർജ് വടക്കേലിന്റെയും മനസമ്മതം നടത്തി.

09 ശാന്തിനഗർ ഇടവകയിൽ ഇടയസന്ദർശനം നടത്തി. വൈകുന്നേരം നിർമ്മലഗിരി ദൈവാലയത്തിൽവച്ച് ലൗറെൽ അഖിലിന് മാമ്മോദീസാ നൽകി.

10 വൈദികരുടെ റീഫ്രഷർ കോഴ്സിന്റെ രണ്ടാംബാച്ച് ഉദ്ഘാടനം ചെയ്തു. വൈദികരുമായി വ്യക്തിപരമായി കൂടിക്കാഴ്ച നടത്തി. വൈകുന്നേരം മണിക്കടവ് ദൈവാലയത്തിൽവച്ച് ഡോൺ പാലാക്കുഴിയുടെയും പ്രിയ മൂത്തേടത്തിന്റെയും വിവാഹം ആശീർവ്വദിച്ചു.

11 നിർമ്മലഗിരി കോളേജിന്റെ നാക് അക്രെഡിഷൻ വിസിറ്റിന്റെ ഭാഗമായി വിവിധ മീറ്റിംഗുകളിൽ പങ്കെടുത്തു. ഉച്ചയ്ക്കുശേഷം റീഫ്രഷർ കോഴ്സിലായിരിക്കുന്ന വൈദികരുമായി കൂടിക്കാഴ്ച തുടർന്നു.

12 റീഫ്രഷർ കോഴ്സിലായിരിക്കുന്ന വൈദികരുമായി കൂടിക്കാഴ്ച തുടർന്നു. വൈകുന്നേരം താമരശ്ശേരിയിലെത്തി ഫാ. പോൾ മൂഞ്ഞേലിൽ, ഫാ. ജോസഫ് കുരീക്കാട്ടിൽ, ഫാ. സെബാസ്റ്റ്യൻ പുളിന്താനം, ഫാ. ആന്റണി പുരയിടം എന്നിവരെ സന്ദർശിച്ചു.

13 അതിരൂപതാ കേന്ദ്രത്തിലെത്തിയ വിവിധ സന്ദർശകരെ സ്വീകരിച്ചു. ഉച്ച യ്ക്കുശേഷം ചേർന്ന കൂരിയാ മീറ്റിംഗിന് അധ്യക്ഷത വഹിച്ചു.

14 കുന്നോത്ത് മേജർ സെമിനാരി വിദ്യാർത്ഥികൾക്കായി ക്ലാസ്സ് നയിച്ചു. വൈകുന്നേരം ഓൺലൈനായി കൂടിയ ദീപികയുടെ അപെക്സ് ബോഡി മീറ്റിംഗിൽ പങ്കെടുത്തു.

15 കുന്നോത്ത് മേജർ സെമിനാരി വിദ്യാർത്ഥികൾക്കായി ക്ലാസ്സ് നയിച്ചു.

16 ഇസ്രായേലിലേക്ക് യാത്രതിരിച്ചു.

17–25 ഇസ്രായേൽ, പാലസ്തീൻ, ജോർദ്ദാൻ എന്നീ രാജ്യങ്ങളിൽവച്ച് വിശുദ്ധനാട് സന്ദർശകർക്കുവേണ്ടി നടന്ന ധ്യാനം നയിച്ചു.

**AUGUST 2023**

# ENGAGEMENTS

## ARCHBISHOP JOSEPH PAMPLANY

| | | | |
|---|---|---|---|
| 01-04 | | - | KCBC |
| 05 | 02-05 pm | - | Nellickampoil: Parish Council Meeting |
| 06 | | - | Vattiyara: Pastoral Visit |
| 07 | 10-01 pm | - | Malome: Parish Council Meeting |
| | 02-05 pm | - | Panathady: Parish Council Meeting |
| 08 | 10.00 am | - | Forane Vicars Meeting |
| | 02.00 pm | - | Catechism Council |
| 09 | 10-12 pm | - | Visitors Day |
| 10 | | - | Kunnoth: Seminary Commission |
| 11-12 | | - | Kunnoth: Deacons Class |
| 13 | | - | Thayyeni: Pastoral Visit |
| 14 | 10.00 am | - | Consultors Meeting |
| 15 | 04.30 pm | - | Mandapam: Parish Hall Blessing |
| 16 | 10-12 pm | - | Visitors Day |
| | 03.00 pm | - | Marygiri: Marriage |
| 17 | 10-01 pm | - | Kasaragod: Parish Council Meeting |
| | 02-05 pm | - | Kanhangad: Parish Council Meeting |
| 18 | 08.30 am | - | Kunnoth: GSMS |
| | | - | Peravoor: Forane Retreat |
| 19 | 10.00 am | - | Finance Council |
| | | - | Peravoor: Forane Retreat |
| 20 | | - | Peravoor: Forane Retreat |
| 21-26 | | - | Syro-Malabar Bishops Synod |
| 27 | 09.00 am | - | Padiyottuchal |
| 28 | | - | Calicut |
| 30 | 08.30 am | - | Kunnoth: GSMS |
| 31 | 09-12 pm | - | Padannakkad: Visitors Day |
| | 05.00 pm | - | Thalassery |

**Secretary to the Archbishop**

വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന്

## മാർ ജോർജ് ഞറളക്കാട്ട്

**ജൂൺ 2023**

24 രാവിലെ കുന്നോത്ത് നസ്രത്ത് സിസ്റ്റേഴ്സിന്റെ ജനറലേറ്റിൽ വി. കുർബാന അർപ്പിച്ചു. ഉച്ചയ്ക്കു മുൻപ് കുന്നോത്ത് നിര്യാതയായ ബഹു. സി. ഫ്രാൻസിസ് റെജീസ് FCC ക്കുവേണ്ടി ഒപ്പീസ് ചൊല്ലി.

27 ഉച്ചകഴിഞ്ഞ്, നെല്ലിക്കുറ്റി കോൺവെന്റിൽ ബഹു. സി. ക്രിസ്റ്റീന MSMI യുടെ മൃതസംസ്ക്കാര ശുശ്രൂഷയ്ക്ക് മുഖ്യകാർമികത്വം വഹിച്ചു.

29 രാവിലെ, കുന്നോത്ത് മേജർ സെമിനാരിയിലെ പുതിയ ഇൻഡോർ സ്റ്റേഡിയത്തിന്റെ വെഞ്ചിരിപ്പിനോടനുബന്ധിച്ചുള്ള വി. കുർബ്ബാനയ്ക്ക് മുഖ്യകാർമികത്വം വഹിച്ചു. വൈകുന്നേരം, കരുവഞ്ചാൽ പ്രീസ്റ്റ് ഹോമിൽ വച്ച് നടത്തപ്പെട്ട ബഹു. ജോസഫ് കരിനാട്ടച്ചന്റെ ജൂബിലി ആഘോഷത്തിൽ പങ്കെടുത്തു.

**ജൂലൈ 2023**

02 രാവിലെ കുന്നോത്ത് ഫോറോന ദേവാലയത്തിൽ കുട്ടികൾക്കുവേണ്ടി വി. കുർബാന അർപ്പിച്ച് വചന സന്ദേശം നൽകി. കുർബാനയ്ക്കുശേഷം ദുക്റാന തിരുനാളിനോടനുബന്ധിച്ചുള്ള കുട്ടികളുടെ കലാപരിപാടികൾ ഉദ്ഘാടനം ചെയ്തു.

ഉച്ചകഴിഞ്ഞ്, പേരാവൂർ പ്രൊവിൻഷ്യൽ ഹൗസിൽ ബഹു. സി. ലിസി കുഴിവേലിൽ SH-ന്റെ മൃതസംസ്ക്കാര ശുശ്രൂഷയ്ക്ക് മുഖ്യകാർമികത്വം വഹിച്ചു.

03 ദുക്റാന തിരുനാളിനോടനുബന്ധിച്ച് കൊളക്കാട് ദേവാലയത്തിൽ തിരുനാൾ കുർബാന അർപ്പിച്ച് വചനസന്ദേശം നൽകുകയും തിരുശേഷിപ്പ് കൂടാരത്തിന്റെ വെഞ്ചരിപ്പും തിരുശേഷിപ്പ് പുനഃപ്രതിഷ്ഠയും നടത്തി.

04 മാണ്ഡ്യ രൂപതയിലെ നോർബർട്ടെൻ മിഷൻ പ്രദേശമായ നരസിപൂര സന്ദർശിച്ചു.

06 തലശ്ശേരി സന്ദേശഭവനിൽ വച്ച് നടത്തപ്പെട്ട റിഫ്രഷർ കോഴ്സിൽ വൈദികർക്കുവേണ്ടി വി. കുർബാന അർപ്പിച്ച് വചന സന്ദേശം നൽകി. തുടർന്ന്, തലശ്ശേരി മൈനർ സെമിനാരി സന്ദർശിച്ചു.

08 ബഹു. മനോജ് ഒറ്റപ്ലാക്കലച്ചന്റെ 41-ാം ചരമദിനത്തിൽ എടൂർ ഫോറോന ദേവാലയത്തിൽ വി. കുർബാന അർപ്പിക്കുകയും സെമിത്തേരിയിൽ ഒപ്പീസ് ചൊല്ലുകയും ചെയ്തു. തുടർന്ന്, എടൂർ മേഖലയിലെ അൾത്താര ബാലന്മാരുടെ സംഗമം ഉദ്ഘാടനം ചെയ്തു.

10 വൈകുന്നേരം, ഇരിട്ടി വൈഎംസിഎയുടെ നേതൃത്വത്തിൽ നിർമ്മിച്ച സ്നേഹവീടിന്റെ വെഞ്ചിരിപ്പ് നടത്തി.

11 വൈദികരുടെ റിഫ്രഷർ കോഴ്സിന്റെ രണ്ടാം ബാച്ചിനുവേണ്ടി വി. കുർബാന അർപ്പിച്ച് വചനസന്ദേശം നൽകി. ഉച്ചയ്ക്ക് മുൻപ് രത്നഗിരി യിൽ ബഹു. ജേക്കബ് വെണ്ണായപ്പിള്ളിൽ അച്ചന്റെ നിര്യാതയായ വല്യമ്മ ഏലിക്കുട്ടിയുടെ നിര്യാണത്തെത്തുടർന്ന് വീട്ടിൽ ചെന്ന് പ്രാർത്ഥിച്ചു. വൈകുന്നേരം, കരുവഞ്ചാലിൽ നടന്ന വൈഎംസിഎ മീറ്റിംഗിൽ അനുഗ്രഹ പ്രഭാഷണം നടത്തി.

13 ആലക്കോട് മേരി മാതാ കോളജിൽ IGNOU-യുടെ സ്റ്റഡി സെന്റർ ഉദ്ഘാടനം ചെയ്തു.

14 മണക്കടവ് ഇടവകാംഗമായ ജോയ് തോമസ് പൂവത്തിങ്കലിന്റെ ഒന്നാം ചരമവാർഷികത്തോടനുബന്ധിച്ച് വി. കുർബാന അർപ്പിക്കുകയും ഭവനം സന്ദർശിച്ച് പ്രാർത്ഥിക്കുകയും ചെയ്തു.

15 പാൽച്ചുരം ഇടവകാംഗമായ ബിജു ആമക്കാട്ടിലിന്റെ റിസോർട്ടിന്റെ വെഞ്ചിരിപ്പ് നടത്തി.

16 പേരാവൂർ മൗണ്ട് കാർമൽ ആശ്രമത്തിൽ കർമ്മല മാതാവിന്റെ തിരുനാളിന് വി. കുർബാന അർപ്പിച്ച് വചനസന്ദേശം നൽകി.

17 രാവിലെ കുന്നോത്ത് നസ്രത്ത് സിസ്റ്റേഴ്സിന്റെ നോവിഷ്യേറ്റ് ഹൗസിൽ കുട്ടികൾക്കുവേണ്ടി വി. കുർബാന അർപ്പിക്കുകയും തുടന്ന്, ക്ലാസ്സെ ടുക്കുകയും ചെയ്തു.

18 പുറവയലിൽ, ബഹുമാനപ്പെട്ട സിസ്റ്റർമാരായ ആഞ്ചോ NS ന്റെയും ഷെൽജിൻ NS ന്റെയും പിതാവ് ജോൺ ജോസഫ് കുന്നേലിന്റെ നിര്യാണ ത്തെത്തുടർന്ന് വീട്ടിൽ ചെന്ന് പ്രാർത്ഥിച്ചു.

## AUGUST 2023 ENGAGEMENTS

### ARCHBISHOP EMERITUS GEORGE NJARALAKATT

| | | |
|---|---|---|
| 15 | 7:30 am | - Jubilee, Pala |
| 21-26 | | - Syro Malabar Synod, Kakkanad |

**Secretary to the Archbishop Emeritus**

വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന്

## മാർ ജോർജ് വലിയമറ്റം

**ജൂൺ 2023**

24 കുന്നോത്ത് വച്ച് മരണപ്പെട്ട സി. ഫ്രാൻസിസ് റെജിസ് FCCയുടെ മൃതസംസ്കാര ശുശ്രൂഷകൾക്ക് മുഖ്യകാർമികത്വം വഹിച്ചു.

26 പരിയാരത്ത് വച്ച് മരണപ്പെട്ട സി. ക്രിസ്റ്റീന വലിയപറമ്പിൽ MSMIയെ സന്ദർശിക്കുകയും ഒപ്പിസ് ചൊല്ലി പ്രാർത്ഥിക്കുകയും ചെയ്തു.

27 തലഞ്ഞി ഇടവകയിൽ വച്ച് മരണപ്പെട്ട മത്തച്ചൻ മരുതാനികുഴിയുടെ മൃതസംസ്കാര ശുശ്രൂഷകൾക്ക് മുഖ്യകാർമികത്വം വഹിച്ചു.

**ജൂലൈ 2023**

01 തൊക്കിലങ്ങാടിയിൽ വച്ച് മരണപ്പെട്ട സി. ലിസി SHനെ സന്ദർശിക്കുകയും ഒപ്പീസ് ചൊല്ലി പ്രാർത്ഥിക്കുകയും ചെയ്തു.

04 സന്ദേശഭവനിൽ വച്ച് നടന്ന തലശ്ശേരി അതിരൂപത വൈദികരുടെ റിഫ്രെഷേഴ്സ് കോഴ്സിന്റെ ഉദ്ഘാടന സമ്മേളനത്തിൽ പങ്കെടുത്തു.

05 രാവിലെ സന്ദേശഭവനിൽ വച്ച് വൈദികർക്കായി വിശുദ്ധ കുർബാന അർപ്പിച്ചു. അതിനുശേഷം പേരാവൂർ ഇടവകയിൽ വച്ച് മരണപ്പെട്ട ബഹുമാനപ്പെട്ട ജിമ്മി ജോർജ്ജിന്റെ മാതാവ് മേരി കുടക്കച്ചിറയുടെ മൃതസംസ്കാര ശുശ്രൂഷകൾക്ക് മുഖ്യ കാർമികത്വം വഹിച്ചു.

06 സന്ദേശഭവനിൽ വച്ച് നടന്ന വൈദികരുടെ റിഫ്രെഷേഴ്സ് കോഴ്സിന്റെ സമാപന സമ്മേളനത്തിൽ പങ്കെടുത്തു.

08 മലാപറമ്പ് ഇടവകയിൽ വച്ച് മരണപ്പെട്ട ഏലിയാമ്മ കൂവയ്ക്കലിന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് മുഖ്യകാർമികത്വം വഹിച്ചു.

09 മണിക്കടവ് ഇടവകയിൽ വച്ച് വിവാഹിതരാകുന്ന പാലാകുഴി ഡോൺ – പ്രിയ ദമ്പതികളെ സന്ദർശിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തു.

10 കരിക്കോട്ടകരി ഇടവകയിൽ വച്ച് കളത്തിപ്പറമ്പിൽ ക്ലയിന്റ് – നിവേദ്യ ദമ്പതികളുടെ വിവാഹം ആശീർവദിച്ചു.

11 രത്നഗിരി ഇടവകയിൽ വച്ച് നിര്യാതയായ ബഹുമാനപ്പെട്ട ജേക്കബ് വെണ്ണായിപ്പള്ളി അച്ചന്റെ പിതൃമാതാവ് അന്നമ്മ വെണ്ണായിപ്പള്ളിയുടെ മൃതസംസ്കാര ശുശ്രൂഷകൾക്ക് മുഖ്യകാർമികത്വം വഹിച്ചു.

12 സന്ദേശഭവനിൽ വച്ച് റിഫ്രഷേഴ്സ് കോഴ്സ് കൂടുന്ന വൈദികർക്ക് വേണ്ടി വിശുദ്ധ കുർബാന അർപ്പിക്കുകയും സന്ദേശം നൽകുകയും ചെയ്തു.

18 നെല്ലിക്കുറ്റിയിൽ സീയോൺ ധ്യാനകേന്ദ്രത്തിൽ വച്ചു നടന്ന സി. ഷീന പോൾ MSMI യുടെ മൃതസംസ്കാര ശുശ്രൂഷകൾക്ക് മുഖ്യകാർമികത്വം വഹിച്ചു.

19. കോളയാട് ഇടവകയിൽ വച്ച് നടന്ന വിശുദ്ധ അൽഫോൻസാമ്മയുടെ തിരുനാളിനോട് അനുബന്ധിച്ചുള്ള നൊവേനയുടെ ആദ്യത്തെ ദിവസം വിശുദ്ധ കുർബാന അർപ്പിക്കുകയും വചന സന്ദേശം നൽകുകയും ചെയ്തു.

## AUGUST 2023 ENGAGEMENTS

### ARCHBISHOP EMERITUS GEORGE VALIAMATTAM

| | | |
|---|---|---|
| 03 | - | Pala: Marriage |
| 14 | - | Kozhikode: Marriage |
| 15 | - | Pala: Episcopal Golden Jubilee celebration of Mar. Joseph Pallickaparambil |
| 21-26 | - | synod |
| 26 | - | Kanakary ( Pala): Baptism |

**Secretary to the Archbishop Emeritus**








Priests' Refresher Course 2023
July 4-6









Priests' Refresher Course 2023
July 10-12

AN

assery

RNI Reg. No. 5910 Date of Publication: 28/07/2023
Registered KL/TLY/20/22-24
Licensed to post without prepayment of postage
No. KL/PMG/NR/WPP/2/TLY/2022-24
വാല്യം : 06 ലക്കം : 08 വില : ₹10

## ആഗസ്റ്റ് 04 വി. ജോൺ മരിയ വിയാനി



Published & Printed by Fr. Sajan George Thengumpally on
behalf of Fr. Jacob Narikuzhy. Printed at Vimala Offset Press, Thalassery.
Published from Archbishop's House, Hollow Way Road, Thalassery - 670 101.
Editor- Fr. Sajan George Thengumpally.

മാതാ